പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2011-2014)

## നാലാമത് റിപ്പോർട്ട്

(2012 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ മുനിസിപ്പാലിറ്റികളെ സംബന്ധിച്ച റിപ്പോർട്ട്**

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ (2002-03 മുതൽ 2004-05 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2011-2014)

## നാലാമത് റിപ്പോർട്ട്

(2012 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ
(2002-03 മുതൽ 2004-05 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ്
ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ
തയ്യാറാക്കിയത്]

416/2012.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 60 |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വർക്കല കഹാർ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, കെ. അച്ചുതൻ

,, എം. ചന്ദ്രൻ

,, കെ. കെ. ജയചന്ദ്രൻ

,, കെ. എൻ. എ. ഖാദർ

,, മുല്ലക്കര രത്നാകരൻ

,, കെ. ശിവദാസൻ നായർ

,, പി. ശ്രീരാമകൃഷ്ണൻ

,, ജി. സുധാകരൻ

,, എം. എ. വാഹീദ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. പി. കെ. മുരളീധരൻ (സെക്രട്ടറി-ഇൻ-ചാർജ്)

,, കെ. മോഹൻദാസ്, അഡീഷണൽ സെക്രട്ടറി.

ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി

,, പി. ഉഷാകുമാരി അമ്മ, അണ്ടർ സെക്രട്ടറി.

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ (2011-14) നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ (2002-03 മുതൽ 2004-2005 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2012 ജനുവരി മാസം 4-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

വർക്കല കഹാർ,

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012 മാർച്ച് 21.

# റിപ്പോർട്ട്

## തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ മുനിസിപ്പാലിറ്റികളെ സംബന്ധിച്ചത്

## തിരുവനന്തപുരം ജില്ല

### നെയ്യാറ്റിൻകര നഗരസഭ

ഓഡിറ്റ് ഖണ്ഡിക

**പദ്ധതി ഫണ്ട്—16 ലക്ഷം രൂപ വകമാറി ചെലവഴിച്ചു; ഗുരുതരമായ ക്രമക്കേട്**

മുനിസിപ്പൽ സെക്രട്ടറിയുടെ പ്ലാൻ പി.ഡി. അക്കൗണ്ടിൽ നിന്നും 16 ലക്ഷം രൂപ പിൻവലിച്ചിരിക്കുന്നതായി ഓഡിറ്റിൽ കാണുന്നു. എന്നാൽ പിൻവലിച്ച തുകയ്ക്ക് വൗച്ചറോ ബന്ധപ്പെട്ട ഫയലോ ഹാജരാക്കിയിട്ടില്ല. ഡി.പി.സി. അംഗീകരിച്ച പ്രോജക്ടിനല്ല ഈ തുക നൽകിയിരിക്കുന്നത്. തുക താൽക്കാലികമായി വകമാറ്റിയ താണെന്ന വിശദീകരണമാണ് ലഭ്യമായത്. എന്നാൽ 23-1-2001-ലെ ഗവൺമെന്റ് സർക്കുലർ (22153/പി.1/2000 എൽ.ഡി) പ്രകാരം വകമാറ്റി ചെലവഴിച്ച തുക തിരിച്ചടച്ചു എന്നതുപോലും ചെയ്ത തെറ്റിന് ന്യായീകരണമാകുന്നില്ല. മാത്രവുമല്ല മുനിസിപ്പൽ കൗൺസിലിന്റെ അംഗീകാരവും ഈ വിഷയത്തിൽ വാങ്ങിയിട്ടില്ല. ഇക്കാര്യം മേൽ നടപടിക്കായി ഭരണവകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

(സമാഹൃത റിപ്പോർട്ട് 2003-04 ഓഡിറ്റ് ഖണ്ഡിക നമ്പർ 6.1.1)

1. തദ്ദേശസ്വയംഭരണ വകുപ്പ് 26-12-2007-ലെ 78024/എ.ബി.1/07/LSGD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

''നെയ്യാറ്റിൻകര നഗരസഭയുടെ അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് കോൺട്രാക്ടർ ശ്രീ. അനിരുദ്ധൻ നഗരസഭയെ പ്രതിയാക്കി ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഒ. പി. 26363/99 നമ്പർ കേസിലെ കോടതി വിധി പ്രകാരം 16 ലക്ഷം രൂപ 60 ദിവസത്തിനുള്ളിൽ കോൺട്രാക്ടർക്ക് നൽകാൻ വിധിയായി. പ്രോജക്ട് ഫണ്ടിലും മുനിസിപ്പൽ ഫണ്ടിലും പണമില്ലാത്തതിനാലാണ് 16 ലക്ഷം രൂപ പദ്ധതി വിഹിതത്തിൽ നിന്നും ചെലവു ചെയ്തത്. ടി തുക തദവസരം നൽകിയതിനാൽ കോടികൾ വീണ്ടും നഷ്ടമുണ്ടാകാതെ നോക്കാൻ സാധിച്ചു. 2000 ജൂലൈയിൽ തന്നെ നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചു.''

**ഭരണവകുപ്പിലെ നടപടികൾ**

2. "ഈ വിഷയം സംബന്ധമായ നഗരസഭാ ഫയൽ പി/1572/90 പരിശോധിച്ചു. നഗരസഭ നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സിന്റെ കരാറുകാരന് ബഹു. ഹൈക്കോടതി വിധിപ്രകാരം 60 ദിവസത്തിനുള്ളിൽ 16 ലക്ഷം രൂപ നൽകേണ്ടതുണ്ടായിരുന്നു. പ്രസ്തുത സമയത്ത് നഗരസഭയുടെ തനത് ഫണ്ടിൽ തുക ഇല്ലാതിരുന്നതിനാലും മറ്റ് രീതിയിൽ പണം ലഭ്യമാകുവാൻ സാദ്ധ്യത ഇല്ലാത്തതിനാലും ആണ് പ്ലാൻ

പി.ഡി. ഫണ്ടിൽ നിന്നും 16 ലക്ഷം രൂപ കരാറുകാരന് നൽകിയതായി കാണുന്നത്. കോടതി വിധി നടപ്പാക്കുന്നതിന് മറ്റൊരു ഫണ്ടും ടി സമയത്ത് ഇല്ലായിരുന്നു എന്നത് വ്യക്തമാണ്. വകമാറ്റി ചെലവഴിച്ചത് ഇതൊരു ന്യായീകരണമല്ല എന്നത് വസ്തുത തന്നെയാണ്. കോടതിവിധി പ്രകാരം ഉള്ള ചെലവായതിനാൽ തുക കരാറുകാരന് ചെക്ക് പ്രകാരം നൽകി എന്നത് ശരി തന്നെയാണ്. കരാറുകാരൻ തുക കിട്ടിയില്ല എന്ന് യാതൊരു പരാതിയും ഉന്നയിച്ചിട്ടില്ല. മാത്രമല്ല പണി പൂർത്തീകരിച്ചിട്ടുമുണ്ട്. വകമാറ്റിയ തുക നാളിതുവരെ തിരിച്ചടച്ചിട്ടില്ല. ഈ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം സാധാരണ ഗതിയിൽ പ്ലാൻ ഫണ്ടിൽനിന്നും ചെലവ് ചെയ്യുന്നതിനും ഡി.പി.സി.-യുടെ അംഗീകാരത്തിനും യോഗ്യമായ ഒരു പദ്ധതിയാണ്. നിർമ്മാണം പൂർത്തിയായ കോംപ്ലക്സ് ഇപ്പോൾ നഗരസഭയുടെ ഒരു പ്രധാന വരുമാനസ്രോതസായി കഴിഞ്ഞിരിക്കുന്നു. ഡി.പി.സി.-യുടെ അംഗീകാരം നേടാൻ കഴിയാതെ നടപ്പാക്കുന്ന പദ്ധതികൾ ക്രമീകരിക്കുന്നതിന് സർക്കാർ അംഗീകാരം ആവശ്യമാണ്. ഈ സാഹചര്യത്തിൽ ക്രമപ്രകാരം അല്ലാത്ത നടപടിക്ക് സർക്കാർ അംഗീകാരം വാങ്ങുവാൻ നഗരസഭ നടപടികൾ സ്വീകരിക്കാതിരുന്നതാണ് പ്രധാന വീഴ്ച. അംഗീകാരം വാങ്ങുന്നതിന് നഗരസഭ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ നിർദ്ദേശങ്ങൾ നഗരസഭയ്ക്ക് നല്കിയിട്ടുണ്ട്."

3. O.P. No. 2636/3/99 നമ്പരായ കേസിൽ അടിയന്തിരമായി തുക കെട്ടിവയ്ക്കണമെന്ന് കോടതിവിധി ഉണ്ടായ സാഹചര്യത്തിലാണ് 16 ലക്ഷം രൂപ വകമാറ്റി ചെലവഴിച്ചതെന്നും അതിന് കൗൺസിലിന്റെ അംഗീകാരമോ ഗവൺമെന്റിന്റെ സാധൂകരണമോ ലഭിച്ചിട്ടില്ലെന്നും, എന്നാൽ ഗവൺമെന്റിന്റെ സാധൂകരണത്തിനായി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും 2-1-2008-ലെ തെളിവെടുപ്പ് യോഗത്തിൽ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു.

4. അടിയന്തിരമായി വകമാറ്റി ചെലവഴിച്ച നടപടിക്ക് ഗവൺമെന്റിൽ നിന്നും സാധൂകരണം വാങ്ങി ബന്ധപ്പെട്ട ഫയൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പ്രാദേശിക പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

5. സമിതി നിർദ്ദേശാനുസരണം തദ്ദേശസ്വയംഭരണ (എ.ബി.) വകുപ്പ് 15-5-2008-ലെ 28076/എ.ബി.1/08/ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

നെയ്യാറ്റിൻകര നഗരസഭയുടെ അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട കേസിലെ ഹൈക്കോടതി വിധിയെ തുടർന്ന് തനത് ഫണ്ടിന്റെ അഭാവത്തിൽ പദ്ധതി ഫണ്ടിൽ നിന്നും 16 ലക്ഷം രൂപ കരാറുകാരന് വകമാറ്റി നൽകിയ നടപടിയുടെ സാധൂകരണത്തിനായി നഗരസഭാ സെക്രട്ടറി 26-12-2007 തീയതിയിലെ ആർ. 5/2675/04 നമ്പർ കത്ത് പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 28-2-2008-ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ നേരിൽവന്ന് ഫയൽ പരിശോധിക്കുകയും സാധൂകരണത്തിനായി സർക്കാരിലേക്ക് അയച്ച കത്ത് പരിശോധിച്ച് ബോധ്യപ്പെടുകയും ചെയ്തതായി നഗരസഭാ സെക്രട്ടറി ആർ.5/2675/04 തീയതി : 6-3-2008 കത്തു മുഖേന അറിയിച്ചിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

**6. മുനിസിപ്പൽ ഫണ്ടിൽ നിന്ന് തുക വകമാറ്റി ചെലവഴിക്കാൻ പാടില്ല എന്ന 23-1-2001-ലെ 22153/P1/2000/LD നമ്പർ ഗവൺമെന്റ് സർക്കുലർ നിലനിൽക്കെ തുക വകമാറ്റി ചെലവഴിച്ച നടപടി ന്യായീകരിക്കത്തക്കതല്ല എന്നും ഭാവിയിൽ ഇപ്രകാരം തുക വകമാറ്റി ചെലവഴിക്കുന്നത് ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

**7. പ്ലാൻ പി.ഡി. ഫണ്ടിൽ നിന്നും തുക വകമാറ്റി ചെലവഴിച്ച നടപടിക്ക് അടിയന്തിരമായി സർക്കാർ സാധൂകരണം ലഭ്യമാക്കി ആയതിന്റെ വിശദവിവരം സമിതിക്ക് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**താലൂക്ക് ആശുപത്രിയിൽ പൈറലേറ്റർ സ്ഥാപിച്ചത്—പരാജയം**

താലൂക്ക് ആശുപത്രിയിലെ ഖരമാലിന്യങ്ങൾ കത്തിച്ചുകളയുന്നതിന് വേണ്ടി പൈറലേറ്റർ സ്ഥാപിക്കുവാൻ തീരുമാനമുണ്ടായി. എന്നാൽ ഈ വിഷയത്തിൽ നഗരസഭ വേണ്ടത്ര പഠനം നടത്താതിരുന്നത് പ്രോജക്ട് പരാജയപ്പെടുന്നതിന് കാരണമായി. വ്യാപകമായ പത്രപ്പരസ്യംവഴി കൊട്ടേഷൻ ക്ഷണിക്കാത്തതുമൂലം ഒരു കമ്പനി മാത്രമാണ് കൊട്ടേഷൻ സമർപ്പിച്ചത് "പൈറലേറ്റർ ഇന്ത്യ" എന്ന സ്ഥാപനം പൈറലേറ്റർ പ്രവർത്തനക്ഷമമായി സ്ഥാപിച്ചതായി 19-11-1999-ൽ മുനിസിപ്പൽ എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ 16-7-2001-ൽ പൈറലേറ്റർ പ്രവർത്തനരഹിതമാണെന്ന് ആശുപത്രി സൂപ്രണ്ട് റിപ്പോർട്ട് നൽകിയിരിക്കുന്നു. തുടർന്ന് പൈറലേറ്റർ പ്രവർത്തന ക്ഷമമാക്കുവാനുള്ള നടപടികൾ ഒന്നുംതന്നെ സ്വീകരിച്ചതായി കാണുന്നില്ല. 'പൈറലേറ്റർ ഇന്ത്യ'-ക്ക് ആകെ 5,50,000 രൂപ ചെലവ് മെഷീൻ സ്ഥാപിച്ചയിനത്തിൽ നൽകിയിട്ടുണ്ട്. ഇപ്രകാരം ലക്ഷക്കണക്കിന് രൂപ ചെലവ് ചെയ്ത് സ്ഥാപിച്ച യന്ത്രം പ്രവർത്തനയോഗ്യമല്ലാതെ തുടരുന്നു എന്നത് പ്രോജക്ടിന്റെ പരാജയം ആണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

(സമാഹൃത റിപ്പോർട്ട് 2003-04 ഓഡിറ്റ് ഖണ്ഡിക നമ്പർ 6.1.2)

8. തദ്ദേശസ്വയംഭരണ വകുപ്പ് 26-12-2007-ലെ 78024/എ.ബി.1/07/LSGD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"താലൂക്ക് ആശുപത്രിയെ റഫറൽ ആശുപത്രി ആക്കുന്നതിനായി ഹോസ്പിറ്റലിന്റെ ഒരു മാസ്റ്റർ പ്ലാൻ M/s Viswanath/Bhaskaran Iyer എന്ന സ്ഥാപനത്തിന്റെ സഹായത്തോടെ നഗരസഭ തയ്യാറാക്കി. ഇതിൽ പ്രധാനമായി 5 കാര്യങ്ങൾ പറഞ്ഞിരിക്കുന്നു. അതിൽ ഒന്നാണ് Organic Solid Waste നശിപ്പിക്കാനുള്ള പൈറലേറ്റർ. നടപടിക്രമങ്ങൾ പാലിച്ച് 19-2-1998-ലെ കേരള കൗമുദിയിൽ പരസ്യം കൊടുത്താണ് M/s Pyralator India എന്ന സ്ഥാപനത്തിനെ പൈറലേറ്റർ സ്ഥാപിക്കാനായി തെരഞ്ഞെടുത്തത്.

30-11-1999-ൽ സ്ഥാപിച്ച പൈറലേറ്ററിനു ഒരു വർഷ ഗ്യാരണ്ടിയാണ് ഉണ്ടായിരുന്നത്. സ്ഥാപിക്കപ്പെട്ട പൈറലേറ്റർ താലൂക്ക് ആശുപത്രി സൂപ്രണ്ടിന്റെ അധീനതയിൽ ആശുപത്രി ജീവനക്കാരാണ് പ്രവർത്തിപ്പിച്ചിരുന്നത്. പൈറലേറ്ററിൽ പ്രവർത്തന മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായി എല്ലാവിധ മാലിന്യങ്ങളും ടി പ്ലാന്റിൽ സംസ്കരിച്ചതുകൊണ്ടാണ് ടി പ്ലാന്റ് വേഗം പ്രവർത്തനരഹിതമായത് എന്നാണ് കമ്പനി അറിയിച്ചിരിക്കുന്നത്. 50,000 രൂപയുടെ വാർഷിക മെയിന്റനൻസ് കോൺട്രാക്ടിനായി പൈറലേറ്റ് ഇന്ത്യ എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുവാൻ തീരുമാനിച്ചു എങ്കിലും ആശുപത്രി വികസന സമിതിയുടെ റിപ്പോർട്ടിൻമേൽ ഉപേക്ഷിച്ചു. പൈറലേറ്റർ പ്രവർത്തനരഹിതമാണെന്ന് 11-8-2005-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 22-2-2005-ൽ ആശുപത്രി പരിശോധന നടത്തി പൈറലേറ്റർ പ്രവർത്തനക്ഷമമാക്കാൻ വേണ്ടതായ പണികൾ ചെയ്യുന്നതിനു "പൈറലേറ്റർ ഇന്ത്യ" എന്ന സ്ഥാപനത്തിനു കത്തു നൽകിയെങ്കിലും അവർ പ്രതികരിക്കുന്നില്ല."

9. താലൂക്ക് ആശുപത്രിയിൽ സ്ഥാപിച്ച പൈറലേറ്റർ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ യെന്ന സമിതിയുടെ ചോദ്യത്തിന് 19-11-1999-ൽ സ്ഥാപിച്ച പൈറലേറ്റർ 18 മാസം പ്രവർത്തിച്ചിരുന്നുവെന്നും അതിനുശേഷം പൈറലേറ്റർ പ്രവർത്തിക്കുന്നില്ലെന്നും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി സെക്രട്ടറി 2-1-2008-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതിയെ അറിയിച്ചു. പൈറലേറ്റർ പ്രവർത്തിപ്പിക്കുന്നതിന് 415 വോൾട്ടേജ് ആവശ്യമാണെന്നും എന്നാൽ ആശുപത്രിയിൽ 360 വോൾട്ടേജ് വൈദ്യുതി മാത്രമേ ലഭിക്കുന്നുള്ളൂവെന്നും പൈറലേറ്റർ കേടായപ്പോൾ അതിന്റെ ടെക്നീഷ്യന്മാർ പരിശോധിച്ചിട്ട് കേടായതിന്റെ പ്രധാന കാരണം വോൾട്ടേജിന്റെ പ്രശ്നമായിരുന്നുവെന്ന് ചൂണ്ടിക്കാണിച്ചുവെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

10. വോൾട്ടേജ് കുറവായിരുന്നിട്ടും ആദ്യത്തെ ഒന്നരവർഷം എങ്ങനെ പൈറലേറ്റർ പ്രവർത്തിച്ചു എന്ന സമിതിയുടെ ചോദ്യത്തിന് കൃത്യമായ വോൾട്ടേജ് (415 വോൾട്ട്) ഇല്ലെങ്കിൽ മെഷീൻ കേടായിപ്പോകുമെന്നും കുറഞ്ഞ വോൾട്ടേജിൽ ആദ്യം പ്രവർത്തിച്ചു വെങ്കിലും പെട്ടെന്ന് ചീത്തയായിപ്പോവുകയാണ് ഉണ്ടായതെന്നും കമ്പനിയുടെ നിർദ്ദേശ മനുസരിച്ചുള്ള വോൾട്ടേജ് മെയിന്റയിൻ ചെയ്യാൻ കഴിയാത്തതാണ് മെഷീൻ ചീത്തയാ കാൻ കാരണമെന്നും സെക്രട്ടറി വ്യക്തമാക്കി. ആദ്യം കമ്പനി മെഷീൻ പ്രവർത്തിപ്പിച്ചു കാണിച്ചിരുന്നുവെന്നും എന്നാൽ അന്ന് വോൾട്ടേജിന്റെ പ്രശ്നം അവർ പറഞ്ഞിരുന്നതായി ഫയലിൽ കാണുന്നില്ല എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

11. മെഷീൻ സ്ഥാപിച്ചപ്പോൾ വോൾട്ടേജ് ക്ഷാമമുണ്ടായിരുന്നുവെങ്കിൽ ഗ്യാരന്റി പീരീഡ് അവസാനിക്കുന്നതിനു മുമ്പുതന്നെ എന്തെങ്കിലും പരിഹാര മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് അതിനുവേണ്ട ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് സെക്രട്ടറി അറിയിച്ചു.

12. ഖരമാലിന്യങ്ങൾ എങ്ങനെയാണ് സംസ്കരിക്കുന്നത് എന്ന സമിതിയുടെ ചോദ്യത്തിന് അതിന് പ്രത്യേക സംവിധാനമില്ലെന്നും ഹോസ്പിറ്റലിലെ വേസ്റ്റ് കത്തിക്കാനായിട്ടാണ് പൈറലേറ്റർ സ്ഥാപിച്ചിട്ടുള്ളത് എന്നും താലൂക്ക് ആശുപത്രിയെ ഒരു റഫറൽ ഹോസ്പിറ്റലായി ഉയർത്തുന്നതിനുവേണ്ടി ഭാസ്ക്കർ ആന്റ് അയ്യർ എന്ന ഒരു ഫേമിനെ ലേ ഔട്ട് തയ്യാറാക്കുന്നതിനുവേണ്ടി ഏൽപ്പിച്ചുവെന്നും

അതിൽ പ്രധാനമായി പറഞ്ഞിരിക്കുന്ന 5 കാര്യങ്ങളിൽ ഒരു കാര്യമാണിതെന്നും ഇക്കാര്യം മാത്രമേ അന്ന് ഇംപ്ലിമെന്റ് ചെയ്തിട്ടുള്ളൂവെന്നും ഓർഗാനിക് വേസ്റ്റ് (ജൈവമാലിന്യം) നശിപ്പിക്കാൻ പൈറലേറ്റർ സ്ഥാപിക്കണമെന്ന് ഭാസ്ക്കർ ആന്റ് അയ്യറുടെ ടെക്നിക്കൽ അഡ്വൈസ് ഉണ്ടായിരുന്നുവെന്നും വേസ്റ്റ് 800 ഡിഗ്രി സെൽഷ്യസിൽ കത്തിച്ചുകളയുകയാണ് ചെയ്തിരുന്നതെന്നും നെയ്യാറ്റിൻകര മുനിസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

13. പൈറലേറ്റർ സ്ഥാപിക്കുന്നതിന് 6,96,146 രൂപയും ഇലക്ട്രിഫിക്കേഷന് 39,575 രൂപയും, റൂം നിർമ്മിക്കുന്നതിന് 1,06,571 രൂപയും ചെലവിട്ടിട്ടുള്ളതായി സമിതി ചൂണ്ടിക്കാട്ടി.

14. വേണ്ടതുപോലെ പ്രസിദ്ധപ്പെടുത്താതെയാണ് 'പൈറലേറ്റർ ഇന്ത്യ'-യുമായി കരാറിലേർപ്പെട്ടതെന്നും അല്ലായിരുന്നെങ്കിൽ കോമ്പറ്റീഷൻ വരുമായിരുന്നുവെന്നും പത്രങ്ങളിൽ പരസ്യം കൊടുത്തിരുന്നോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന് 19-2-1998-ൽ കേരളകൗമുദിയിൽ പരസ്യം കൊടുത്തിരുന്നുവെന്നും അന്ന് ഈ ഒരു കമ്പനി മാത്രമേ കോട്ടു ചെയ്യുകയുണ്ടായുള്ളൂവെന്നും ഈ കമ്പനി കരമനയിലാണ് ഉള്ളതെന്നും സെക്രട്ടറി വ്യക്തമാക്കി.

15. ഒന്നരക്കൊല്ലം മെഷീൻ, പ്രവർത്തിച്ചുവെന്ന് റിപ്പോർട്ടിൽ പറയുന്ന സ്ഥിതിക്ക് വോൾട്ടേജ് ക്ഷാമം ഒരു പ്രശ്നമായിരിക്കയില്ലെന്നും മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി എല്ലാവിധ മാലിന്യങ്ങളും പ്ലാന്റിൽ സംസ്കരിച്ചതുകൊണ്ടാണ് പ്ലാന്റ് വേഗം പ്രവർത്തനരഹിതമായതെന്നുമാണ് കമ്പനി അറിയിച്ചിരിക്കുന്നതെന്നും സമിതി ചൂണ്ടിക്കാട്ടി.

16. മെഷീൻ എത്രകാലം പ്രവർത്തിച്ചു എന്ന സമിതിയുടെ ചോദ്യത്തിന് 30-11-1999-ൽ പ്രവർത്തിച്ചു തുടങ്ങിയ മെഷീൻ 5-10-2001 മുതൽ പ്രവർത്തിക്കുന്നില്ലെന്ന് ആശുപത്രി സൂപ്രണ്ട് കത്ത് നൽകിയതായിട്ട് ഫയലിൽ കാണുന്നുണ്ടെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. മെഷീന്റെ വാർഷിക മെയിന്റനൻസ് കോൺട്രാക്ട് ആശുപത്രി വികസന സമിതി അംഗീകരിച്ചിട്ടില്ലെന്നും എന്നാൽ മെഷീൻ റിപ്പയർ ചെയ്യേണ്ടെന്ന് അവർ ഒരിക്കലും പറഞ്ഞിട്ടില്ലെന്നും ആശുപത്രിയുടെ ഭരണം എച്ച്.ഡി.സി. ആയിരുന്നു ചെയ്തുകൊണ്ടിരുന്നതെന്നും അതിന്റെ നിയന്ത്രണം ആശുപത്രി സൂപ്രണ്ടിനാണെന്നും അവർ എ.എം.സി. എതിർക്കാൻ കാരണം വലിയൊരു തുകയാകുമെന്ന ധാരണ യിലാകാമെന്നും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി സെക്രട്ടറി കൂട്ടിച്ചേർത്തു. പൈറലേറ്റർ എന്നുമുതൽ എത്രനാൾ പ്രവർത്തിച്ചുവെന്നുള്ളതിന്റെ വിശദവിവരം സമിതി ആരാഞ്ഞതിന്, എന്ന് പ്രവർത്തിപ്പിച്ചു തുടങ്ങിയെന്നതിന് രേഖയുണ്ടെന്നും എന്നാൽ എന്നാണ് പ്രവർത്തനരഹിതമായത് എന്നതിന്റെ വിശദവിവരങ്ങൾ ഇല്ലെന്നും താലൂക്ക് ആശുപത്രിയിൽ നിന്നാണ് കറണ്ട് ബിൽ സെറ്റിൽ ചെയ്തിരുന്നതെന്നും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി സെക്രട്ടറി വിശദമാക്കി.

17. എന്നാണ് പ്രസ്തുത മെഷീൻ കമ്മീഷൻ ചെയ്തത്, കൈമാറിയത് എങ്ങനെയാണ്, അത് പ്രവർത്തിച്ചിട്ടുണ്ടോ ഇല്ലയോ എന്നിവ സംബന്ധിച്ച് നഗരകാര്യ ഡയറക്ടറോട് അന്വേഷണം നടത്തി അതിന്റെ റിപ്പോർട്ട് സമിതിക്ക് നൽകണമെന്ന് സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു.

18. സമിതി നിർദ്ദേശാനുസരണം തദ്ദേശസ്വയംഭരണ (എ.ബി.) വകുപ്പ് 15-5-2008-ലെ 28076/എ.ബി.1/08/ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"നഗരകാര്യ ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് താഴെപ്പറയും പ്രകാരമാണ്. നഗരസഭയുടെ ഇ2-5119/07 ഫയൽ പരിശോധിച്ചു. താലൂക്ക് ആശുപത്രി റഫറൽ ഹോസ്പിറ്റൽ ആക്കുന്നതിന്റെ ഭാഗമായാണ് 200 കെ.ജി. വരെയുള്ള ഓർഗാനിക് സോളിഡ് വേസ്റ്റ് നശിപ്പിക്കുന്നതിനുതകുന്ന പൈറലേറ്റർ സ്ഥാപിക്കുവാൻ തീരുമാനിച്ചത്. ടെൻഡർ ഫയൽ ലഭ്യമാക്കിയിട്ടില്ല. എങ്കിലും പൈറലേറ്റർ സപ്ലൈ ചെയ്ത പൈറലേറ്റർ ഇന്ത്യ എന്ന കമ്പനിയുമായി നഗരസഭ ഒപ്പിട്ട ഉടമ്പടിയിൽ ടെൻഡർ പരസ്യം വന്നിരുന്ന പത്രത്തിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിരുന്നു. ഏക ടെൻഡറാണ് ലഭിച്ചത്. ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെ 5,50,000 രൂപ ആയിരുന്നു മൊത്തം ചെലവ് ആവശ്യപ്പെട്ടത്. ടെൻഡർ 27-3-1998-ലെ 10-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അംഗീകരിക്കപ്പെട്ടു. 31-3-1998-ൽ കമ്പനിയുമായി കരാർ ഉറപ്പിച്ചു. 30-11-1999-ലാണ് പണി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തത്. 3-1-2000-ൽ ഹോസ്പിറ്റൽ സൂപ്രണ്ട് ഉപകരണം പ്രവർത്തിക്കുന്നില്ലെന്ന് നഗരസഭാ സെക്രട്ടറിയെ അറിയിച്ചു. സപ്ലെയർ കമ്പനിയിൽ നിന്നും ആളെത്തി കേടുപാട് പരിഹരിച്ചു എന്ന് ഫയലിൽ റിപ്പോർട്ട് കാണുന്നു. 7-2-2000 മുതൽ വീണ്ടും പ്രവർത്തനം ആരംഭിച്ചു. പിന്നീട് 5-9-2000-ൽ പൈറലേറ്റർ ശരിയാംവിധം പ്രവർത്തിക്കുന്നില്ലെന്ന് താലൂക്ക് ഹോസ്പിറ്റൽ സൂപ്രണ്ട് സപ്ലെയർ കമ്പനിക്ക് കത്തു നൽകിയതായി കണ്ടു. പിന്നീട് ഒക്ടോബർ 2005-ൽ ആണ് ഉപകരണം പ്രവർത്തനയോഗ്യമാക്കുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുള്ളതായി കാണുന്നത്. ആയത് ഹെൽത്ത് സർവ്വീസ് ഡയറക്ടർ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഭരണാനുവാദം നൽകിയതു മുതൽക്കാണ്. അറ്റകുറ്റപ്പണികൾക്കായി പൈറലേറ്റർ ഹോസ്പിറ്റലിന് കൈമാറുന്നതിന് അഭ്യർത്ഥിക്കുന്ന ആശുപത്രി സൂപ്രണ്ടിന്റെ കത്ത് 24-11-2005-ലെ നഗരസഭാ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുകയും സാങ്കേതിക യോഗ്യതയുള്ള സ്ഥാപനത്തെക്കൊണ്ട് അറ്റകുറ്റപ്പണികൾ നടത്താൻ സൂപ്രണ്ടിനെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ ആശുപത്രി സൂപ്രണ്ട് 17-1-2006-ൽ ഡി.എം.ഒ.-യ്ക്ക് നൽകിയ കത്തു പ്രകാരം പൈറലേറ്റർ ആശുപത്രിയെ ഏൽപ്പിച്ചില്ല എന്നും ആയതിനാൽ ഭരണാനുമതി നല്കിയ റിപ്പയർ പണി നടത്തിയിട്ടില്ലായെന്നും അറിയിക്കുകയുണ്ടായി.

താഴെ എഴുതിയിരിക്കുന്ന വസ്തുതകൾ പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുന്നു :

(i) 30-11-1999-ൽ കമ്മീഷൻ ചെയ്ത പദ്ധതി 5-9-2000 വരെയാണ് പ്രവർത്തിച്ചിട്ടുള്ളതായി കാണുന്നത്.

(ii) ജില്ലാ മെഡിക്കൽ ഓഫീസർ, 2000 സെപ്റ്റംബർ മുതൽ 2005 ഒക്ടോബറിൽ റിപ്പയർ നടത്തുന്നതിനുള്ള ഭരണാനുമതി ഡി.എം.ഒ. നൽകുന്നതുവരെ പദ്ധതി ഉപേക്ഷിക്കപ്പെട്ട നിലയിലായിരുന്നു എന്നു കാണുന്നു. ആ നില ഇപ്പോഴും തുടരുന്നു.

(iii) ടെൻഡറിനൊപ്പം സപ്ലൈയർ കമ്പനി നൽകിയ സാങ്കേതിക വിവരങ്ങൾ ഒരു സാങ്കേതികാധികാരി സാങ്കേതികമായി ആയത് സ്വീകാര്യമാണെന്ന് വിലയിരുത്തിയതായി കാണുന്നില്ല. ആയത് നടന്നിരുന്നുവെങ്കിൽ ഒരു പരിധിവരെ ഉപകരണങ്ങളുടെ കാര്യക്ഷമത മുൻകൂട്ടി കാണാമായിരുന്നു.

(iv) സപ്ലൈയർ കമ്പനിയുടെ ഗ്യാരണ്ടി, കമ്മീഷൻ തീയതി മുതൽ ഒരു വർഷത്തേക്കായിരുന്നു. അതനുസരിച്ച് 30-11-2000 വരെ ഗ്യാരണ്ടി പിരീഡ് ഉണ്ട് എന്നിരിക്കിലും സെപ്റ്റംബർ 2000–ത്തിൽ താലൂക്ക് ആശുപത്രി സൂപ്രണ്ട് ഉപകരണം പ്രവർത്തനരഹിതമായ വിവരം കമ്പനിയെ അറിയിച്ചു വെങ്കിലും പിന്നീട് യാതൊരു നടപടിയും ഉണ്ടായതായി കണ്ടില്ല. അതേസമയം ഉടമ്പടി പ്രകാരമുള്ള ഈ വ്യവസ്ഥ നടപ്പിലാക്കുന്ന കാര്യത്തിൽ നഗരസഭയിൽ നിന്നും നടപടി ഉണ്ടായതായും കണ്ടില്ല.

ഈ സാഹചര്യത്തിൽ പദ്ധതിയുടെ സാങ്കേതിക യോഗ്യത വിലയിരുത്തുന്നതിലും ഉടമ്പടി വ്യവസ്ഥ നടപ്പാക്കുന്നതിലും നഗരസഭയുടെ ഭാഗത്തു നിന്ന് വീഴ്ചയുണ്ടായി ട്ടുള്ളതായി കാണുന്നു.''

**നിഗമനങ്ങൾ/ശുപാർശകൾ**

19. **പൈറലേറ്റർ വാങ്ങുന്നതിനുള്ള കരാറിലേർപ്പെടുന്നതിനു മുൻപ് സപ്ലൈയർ കമ്പനി നല്കിയ സാങ്കേതിക വിവരങ്ങൾ പരിശോധിച്ച് അവ സാങ്കേതികമായി അനുയോജ്യമാണോ, സ്വീകാര്യമാണോ എന്നതു സംബന്ധിച്ച് യാതൊരുവിധ സാങ്കേതിക വിലയിരുത്തലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി നടത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഏകദേശം 8.5 ലക്ഷം രൂപ മുതൽമുടക്കി പൈറലേറ്റർ സ്ഥാപിച്ച പദ്ധതി നിഷ്ഫലമായി പോകുന്നതിന് പ്രധാന കാരണം മുനിസിപ്പാലിറ്റി യുടെ ഭാഗത്തുനിന്നും സാങ്കേതിക പരിശോധന നടത്തുന്നതിലുണ്ടായ വീഴ്ച തന്നെയാണെന്ന് സമിതി വിലയിരുത്തുന്നു. മുനിസിപ്പാലിറ്റിയുടെ ഫണ്ടിൽനിന്നും ഇത്രയും വലിയ ഒരു തുക മുടക്കി സ്ഥാപിച്ച ഉപകരണം എത്രകാലം പ്രവർത്തിച്ചു എന്നതു സംബന്ധിച്ച് മുനിസിപ്പാലിറ്റിക്ക് കൃത്യമായ അറിവ് ഇല്ലെന്നതും വളരെ ഗൗരവതരമായ ഒരു സംഗതിയാണ്.**

20. **നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി പൈറലേറ്റർ വാങ്ങി താലൂക്ക് ആശുപത്രിക്ക് നൽകിയതു മുതൽ ഉപകരണത്തിന്റെ ദൈനംദിന പ്രവർത്തനത്തിന്റെ ഉത്തരവാദിത്വം ആശുപത്രി അധികൃതർക്കാണ്. 30-11-1999-ൽ കമ്മീഷൻ ചെയ്ത ഉപകരണം പ്രവർത്തിക്കുന്നില്ലെന്ന് ആശുപത്രി സൂപ്രണ്ട് മുനിസിപ്പാലിറ്റിയെ 3-1-2000-ൽ അറിയിക്കുകയും മുനിസിപ്പാലിറ്റി ആവശ്യപ്പെട്ട പ്രകാരം കമ്പനി, പൈറലേറ്റർ 7-2-2000-ൽ പ്രവർത്തനയോഗ്യമാക്കുകയും ചെയ്തു. എന്നാൽ പിന്നീട് 5-9-2000-ൽ പൈറലേറ്റർ പ്രവർത്തിക്കുന്നില്ലെന്ന് കാണിച്ച് താലൂക്ക് ഹോസ്പിറ്റൽ സൂപ്രണ്ട്, കമ്പനിക്ക് നേരിട്ട് കത്ത് നൽകിയതായി വ്യക്തമാക്കുന്നു. ഇതിൽനിന്നും ആശുപത്രി അധികൃതർ മെഷീൻ സംബന്ധിച്ച വിവരങ്ങൾ യഥാസമയങ്ങളിൽ മുനിസിപ്പാലിറ്റിയെ അറിയിച്ചിട്ടില്ല എന്ന് വ്യക്തമാണ്.**

21. **നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി പൈറലേറ്റർ വാങ്ങി താലൂക്കാശുപത്രിയിൽ സ്ഥാപിച്ചുവെങ്കിലും ആയതിന്റെ ഉടമസ്ഥാവകാശം ആശുപത്രി വികസന**

**സമിതിക്ക് കൈമാറിയിട്ടില്ലെന്നാണ് സമിതി മനസ്സിലാക്കുന്നത്. കരാർ, കമ്പനിയും മുനിസിപ്പാലിറ്റിയും തമ്മിലാണെന്ന വസ്തുത മനസ്സിലാക്കാതെയാണ് ആശുപത്രി സൂപ്രണ്ട് ഉപകരണം റിപ്പയർ ചെയ്യുന്നതിന് മുനിസിപ്പാലിറ്റിയോട് അഭ്യർത്ഥി ക്കുന്നതിനു പകരം നേരിട്ട് കമ്പനിയോട് അഭ്യർത്ഥിച്ചത്. താലൂക്ക് ആശുപത്രിയും കമ്പനിയും തമ്മിൽ കരാറില്ലെന്നതു കൊണ്ടാവാം ആശുപത്രി സൂപ്രണ്ടിന്റെ അഭ്യർത്ഥന ലഭിച്ചിട്ടും കമ്പനി പ്രതികരിക്കാത്തത് എന്നുവേണം കരുതാൻ.**

**പൈറലേറ്റർ വാങ്ങുന്നതിനുളള ടെൻഡറിന് മുനിസിപ്പൽ കൗൺസിലിന്റെ അംഗീകാരമുളളതായി നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കുന്നു. അതിനാൽ ഉപകരണം വാങ്ങിയതിനോടൊപ്പം ഉപകരണം കൈവശം സൂക്ഷിച്ച് പ്രവർത്തിപ്പിക്കുകയും, ഉപകരണം പ്രവർത്തിക്കാതായത് യഥാസമയങ്ങളിൽ മുനിസിപ്പാലിറ്റിയെ അറിയിച്ച് തുടർനടപടികൾ സ്വീകരിപ്പി ക്കുന്നതിലും അറ്റകുറ്റപ്പണികൾ നടത്തുന്നതിലും വീഴ്ച വരുത്തിയ ആശുപത്രി അധികൃതരും ഇതിൽ നഷ്ടോത്തരവാദികളാണ്.**

**22. ആയതിനാൽ മേൽപ്പറഞ്ഞ കാരണങ്ങളാലും ഉപകരണം നിലവിലും പ്രവർത്തനയോഗ്യമല്ല എന്ന കാരണത്താലും നഗരസഭയ്ക്ക് നഷ്ടപ്പെട്ട 5,50,000 രൂപ പദ്ധതിയുടെ സാങ്കേതിക യോഗ്യത വിലയിരുത്തുന്നതിൽ പരാജയപ്പെട്ട കൗൺസിൽ അംഗങ്ങളിൽ നിന്നും, ഉടമ്പടി വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയ ഈ കാലയളവിലെ മുൻ മുനിസിപ്പൽ സെക്രട്ടറിമാരിൽനിന്നും, പൈറലേറ്റർ പ്രവർത്തനക്ഷമമല്ലാത്തതു സംബന്ധിച്ച് മുനിസിപ്പാലിറ്റിയെ യഥാസമയങ്ങളിൽ വിവരമറിയിച്ച് ഉപകരണം പ്രവർത്തനക്ഷമമാക്കുന്നതിൽ വീഴ്ചവരുത്തിയ ഈ കാലയളവിലെ ബന്ധപ്പെട്ട ആശുപത്രി അധികൃതരിൽനിന്നും ഓഡിറ്റ് പരാമർശ തുക തുല്യമായി ഈടാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ**

മരാമത്ത് പദ്ധതികളുടെ വൗച്ചറുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ പല അപാകതകളും ശ്രദ്ധയിൽപ്പെട്ടു. അവ താഴെ വിവരിക്കുന്നു :

1997-ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങൾ 15(2) അനുസരിച്ച് 50,000 രൂപ വരെ എസ്റ്റിമേറ്റ് തുക യുള്ള പണികളുടെ അളവുകൾ ഒരു ഓവർസിയറും 50,000-നു മുകളിലുള്ള പണികളുടെ അളവുകൾ ഒരു അസിസ്റ്റന്റ് എൻജിനീയറും രേഖപ്പെടുത്തേണ്ടതാണ്.

മേൽ ചട്ടം 15(3) അനുസരിച്ച് ഓവർസിയർ രേഖപ്പെടുത്തുന്ന അളവുകൾ അസി. എൻജിനീയർ ചെക്ക് മെഷർ ചെയ്യേണ്ടതാണ്. ചട്ടം 15(4) പ്രകാരം 6 ലക്ഷം രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുകയുള്ള പണികളുടെ 5% പണികൾ സാദ്ധ്യമാകുന്നയി ടത്തോളം എക്സി. എൻജിനീയർ ടെസ്റ്റ് ചെക്ക് ചെയ്യേണ്ടതാണ്.

എന്നാൽ നെയ്യാറ്റിൻകര നഗരസഭയിലെ മുനിസിപ്പൽ എൻജിനീയർ അസി. എക്സിക്യൂട്ടീവ് എൻജിനീയറുടെ റാങ്കിലുള്ള ആളാണ്. അദ്ദേഹത്തെ കൂടാതെ

ഒരു ഓവർസിയർ മാത്രമേ ഉള്ളൂ. എസ്റ്റിമേറ്റ് തുക എത്രതന്നെ ആയാലും ഓവർസിയർ അളവുകൾ എടുക്കുകയും അസി. എക്സി. എൻജിനീയർ ചെക്ക് മെഷർ ചെയ്യുകയു മാണ് ചെയ്തിരിക്കുന്നത്. ഇത് മേൽവിവരിച്ച ചട്ടങ്ങൾക്ക് വിരുദ്ധമാണ്.

നഗരസഭയ്ക്ക് പ്രത്യേകം എൻജിനീയറിംഗ് വിഭാഗം ഉണ്ടെങ്കിലും മരാമത്ത് പ്രോജക്ടുകളുമായി ബന്ധപ്പെട്ട രേഖകളിൽ പലതും പരിപാലിച്ചിട്ടില്ല. പല പ്രവൃത്തി കൾക്കും പ്രോജക്ടുകൾ ശരിയായ രീതിയിൽ തയ്യാറാക്കി ഹാജരാക്കിയിട്ടില്ല. മിക്ക പ്രവൃത്തികൾക്കും എക്സ്ട്രാ ഇനങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും അതിന് അനുവാദം വാങ്ങുകയോ എഗ്രിമെന്റ് വയ്ക്കുകയോ ചെയ്തിട്ടില്ല.

ആഡിറ്റ് കാലയളവിൽ പൂർത്തിയായ പല പദ്ധതികളും ലോക്കൽ നിരക്കനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയ 1997-98 വർഷത്തേതായിരുന്നു. ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവ് [ജി.ഒ.(പി) 246/97/എൽ.എ.ഡി. തീയതി 6-11-1997]-ൽ ഫൈനൽ ബിൽ തുക ഷെഡ്യൂൾ നിരക്കനുസരിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് തുകയുടെ 50% അധികരിക്കാൻ പാടില്ലായെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ പ്രാദേശിക നിരക്കനുസരിച്ച് ചെയ്ത പ്രവൃത്തികൾക്കൊന്നിനും തന്നെ ഷെഡ്യൂൾ നിരക്കനുസരിച്ചുള്ള തുക കാണിക്കുന്ന കംപാരിറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ അധികചെലവുണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഇത് 1997-98 വർഷത്തെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

1999-2000 വർഷംമുതൽ തനതുഫണ്ടിൽ നിന്നുള്ള മരാമത്ത് പ്രവൃത്തികൾക്കും പ്രോജക്ട് തയ്യാറാക്കണം എന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

ഗുണഭോക്തൃ സമിതികൾ മുഖാന്തിരം നടപ്പിലാക്കുന്ന മരാമത്ത് പണികളെ സംബന്ധിച്ചിടത്തോളം പ്രവൃത്തി പൂർത്തിയായാലുടനെതന്നെ കൺവീനർ വരവു ചെലവു കണക്കുകളും അനുബന്ധരേഖകളും പഞ്ചായത്തിൽ ഹാജരാക്കേണ്ടതാണ്. ഫൈനൽ പേയ്മെന്റ് നടത്തുന്നതിനു മുമ്പായി സെക്രട്ടറി ഇവ പരിശോധിക്കേണ്ടതും കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ ഗുണഭോക്തൃ സമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണ് കുറവ് അതാണ് ഗുണഭോക്തൃ സമിതിക്ക് ലഭിക്കുക.

എന്നാൽ, ഓഡിറ്റിന് ഹാജരാക്കിയ വൗച്ചറുകളോടൊപ്പം വച്ചിരുന്ന കൺവീനർ മാരുടെ കണക്കുകളിൽ കൂലി ചാർജിനായി വച്ചിരുന്ന മസ്റ്റർ റോളുകളിലധികവും വ്യാജമായിരുന്നു. മസ്റ്റർ റോളുകളിൽ ഇട്ടിരുന്ന ഒപ്പുകളെല്ലാംതന്നെ ഒരേ കൈപ്പട യിലുള്ളതായിരുന്നു. ഒപ്പുകളിലൊന്നിലും തീയതി വെച്ചിട്ടില്ല. ഏതു കാലയളവിലാണ് തൊഴിലാളികൾ ജോലി ചെയ്തതെന്നോ എന്തു പ്രവൃത്തിയാണ് മസ്റ്റർ റോളിൻ പ്രകാരം ചെയ്തതെന്നോ രേഖപ്പെടുത്തിയിട്ടില്ല.

1998-99 വർഷത്തെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങളനുസരിച്ച് തീയതിവെച്ച് ഒപ്പിടാത്ത മസ്റ്റർ റോളുകൾ അസാധുവാണ്. അവ വൗച്ചറുകളായി പരിഗണിക്കുന്നതല്ല.

മേൽ സൂചിപ്പിച്ച വൗച്ചറുകളിൽനിന്നും മനസ്സിലാകുന്നത് ബിനാമിയായി പ്രവൃത്തി ചെയ്യുകയോ അല്ലെങ്കിൽ പണം ദുർവിനിയോഗം ചെയ്യുകയോ ചെയ്തശേഷം തൊഴിലാളികളുടെ പേരിൽ മസ്റ്റർ റോളുകൾ കെട്ടിച്ചമച്ചുവെന്നാണ്.

[സമാഹൃത റിപ്പോർട്ട് 2003-04 ഓഡിറ്റ് ഖണ്ഡിക നമ്പർ 6.1.3]

23. തദ്ദേശസ്വയംഭരണ വകുപ്പ് 26-12-2007-ലെ 78024/എബി1/07/എൽ.എസ്.ജി.ഡി. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"മസ്റ്റർ റോളുകളിലെ അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടുണ്ട്. ഈ നഗരസഭയിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക നിലവിലില്ല. ആയതിനാലാണ് രണ്ടാം ഗ്രേഡ് ഓവർസിയർ പ്രവർത്തിയുടെ അളവുകൾ രേഖപ്പെടുത്തിവരുന്നതെന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു."

24. നിയമപ്രകാരം രേഖകളും വൗച്ചറുകളും ഓഡിറ്റ് സമയത്ത് ഹാജരാക്കാറില്ലെന്നും പദ്ധതി നിർവ്വഹണം സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ലെന്നും മരാമത്തു പണികളിൽ ശരിയായ രീതിയിൽ മസ്റ്റർ റോൾ സൂക്ഷിക്കാറില്ലെന്നും , മസ്റ്റർ റോൾ ഒപ്പിടാതെ ബിൽ തുക നൽകാറുണ്ടെന്നും ബിനാമിയുടെ പേരിൽ പ്രവൃത്തി ചെയ്തതിനുശേഷം തൊഴിലാളികളുടെ പേരിൽ മസ്റ്റർ റോൾ തയ്യാറാക്കുന്നു എന്നിങ്ങനെയുള്ള പോരായ്മകൾ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും മേൽപ്പറഞ്ഞ ന്യൂനതകൾ പരിഹരിക്കുന്നതിനായി നഗരകാര്യ വകുപ്പുതലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകണമെന്നും സമിതി 2-1-2008-ലെ തെളിവെടുപ്പ് വേളയിൽ നിർദ്ദേശിച്ചു.

25. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 15-5-2008-ലെ 28076/എബി1/08/തസ്വഭവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"നഗരസഭകളിലെ പൊതുമരാമത്ത് പണികളിൽ പൊതുവെ സംഭവിക്കുന്ന അപാകതകൾ ആവർത്തിക്കാതിരിക്കുന്നത് സംബന്ധിച്ച് ഒരു പൊതു സർക്കുലർ നഗരകാര്യ ഡയറക്ടർ 28-1-2008-ലെ എഫ്2/657/07-ാം നമ്പരായി പുറപ്പെടുവിച്ചിട്ടുള്ളത്".

## സർക്കുലർ

വിഷയം:—ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04 പൊതുമരാമത്ത് പണികളിലെ പൊതു അപാകതകൾ സംബന്ധിച്ച്.

സൂചന:— (1) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 6.1.3

(2) 2-1-2008-ലെ കേരള നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി തെളിവെടുപ്പ് യോഗം.

1. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ നെയ്യാറ്റിൻകര നഗരസഭയെ സംബന്ധിക്കുന്ന സൂചന ഖണ്ഡികയിൽ നെയ്യാറ്റിൻകര നഗരസഭയെ പ്രത്യേകിച്ചും നഗരസഭകളെ പൊതുവേയും ബാധിച്ചിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളിലെ ചില പൊതു അപാകതകൾ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ടി അപാകതകൾ വീണ്ടും ഉണ്ടാകാതിരിക്കുന്നതിനുള്ള ആവശ്യത്തിലേക്കായി

കർശനനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഒരു പൊതു സർക്കുലർ പുറപ്പെടുവിക്കുവാൻ സൂചന (2) പ്രകാരം ബഹു. കേരള നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശിച്ചിരിക്കുന്നു.

2. താഴെ കാണിച്ചിരിക്കുന്ന പൊതു അപകാതകളാണ് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് :

(i) അധികാരപ്പെട്ട എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥർ അല്ല പണികളുടെ അളവുകൾ രേഖപ്പെടുത്തുന്നതും ചെക്ക് മെഷർ ചെയ്യുന്നതും.

(ii) മരാമത്ത് പ്രോജക്ടുകൾ ശരിയായ രീതിയിൽ തയ്യാറാക്കിയിട്ടില്ല.

(iii) എക്സ്ട്രാ ഇനങ്ങൾ ചെയ്യുന്നതിന് ബന്ധപ്പെട്ട അധികാരികളുടെ അനുവാദമോ അംഗീകാരമോ തേടുകയോ ഉടമ്പടി വയ്ക്കുകയോ ചെയ്യുന്നില്ല.

(iv) പ്രാദേശിക നിരക്കുകൾ അനുസരിച്ച് പ്രത്യേക സർക്കാർ അനുവാദപ്രകാരം നടത്തിയ/നടത്തുന്ന പണികൾക്ക് പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ നിരക്ക് അനുസരിച്ചുള്ള താരതമ്യപത്രിക തയ്യാറാക്കാത്തതിനാൽ അധിക ചെലവ് തിട്ടപ്പെടുത്താൻ കഴിയുന്നില്ല. തനത് ഫണ്ട് വിനിയോഗിച്ച് നടത്തുന്ന മരാമത്ത് പണികൾക്ക് പ്രോജക്ട് തയ്യാറാക്കുന്നില്ല.

(v) ഗുണഭോക്തൃ സമിതികൾ നടത്തുന്ന പണികളുടെ യഥാർത്ഥ വരവുചെലവു കണക്കുകൾ ബിൽ പ്രകാരമുള്ള ചെലവുകൾ നടത്തുന്നതിനു മുമ്പായി കൺവീനറിൽ നിന്നും ശേഖരിക്കാതിരിക്കുന്നതുമൂലം കുറഞ്ഞ തുകയാണ് ചെലവ് നടത്തേണ്ടതെന്ന നിബന്ധന പാലിക്കപ്പെടുന്നില്ല.

(vi) ഗുണഭോക്തൃ സമിതികൾ നടത്തുന്ന മസ്റ്റർ റോളുകളിൽ കൂലിക്കാരുടെ ഒപ്പ് തീയതികളെ സംബന്ധിക്കുന്ന കൃത്യത, പ്രവൃത്തിയുടെ പേര്, അധികാരികളുടെ ഒപ്പ് തുടങ്ങിയവ പൊതുവെ കാണാറില്ല. ഒരേ കൈപ്പടയിൽ ഒപ്പിട്ടതായ സൂചനകളും കാണുന്നു.

3. മേൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന അപാകതകളെ സംബന്ധിച്ച് പ്രത്യേകമായി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു :

(i) 1994-ലെ മുനിസിപ്പൽ പൊതുമരാമത്ത് ചട്ടങ്ങളിൽ അധികാരപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥർ തന്നെ വേണം അളവുകൾ രേഖപ്പെടുത്തേണ്ടതും ചെക്ക് മെഷർമെന്റ് നടത്തേണ്ടതും. പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യങ്ങളിൽ ടി വിവരം ബന്ധപ്പെട്ടവരെ അറിയിക്കേണ്ടതും അഡീഷണൽ ചാർജ് സംവിധാനം ഉത്തരവാക്കി വാങ്ങേണ്ടതുമാണ്.

(ii) മരാമത്തു പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ വിശദമായ എല്ലാ ഡേറ്റകളും ഉൾക്കൊള്ളുന്ന പൊതുമരാമത്ത് ഷെഡ്യൂൾ നിരക്കനുസരിച്ചുള്ള വിശദമായ എസ്റ്റിമേറ്റ് അതിന്റെ അബ്സ്ട്രാക്ട് കരാറുകാരന് ലാഭവിഹിതമുണ്ടെങ്കിൽ ആയത് വ്യക്തമാക്കുന്ന കണക്കുകൾ, സാധനസാമഗ്രികളുടെ എസ്റ്റിമേറ്റ്, അക്കൗണ്ട്, വിശദമായ കൺവേയൻസ് സ്റ്റേറ്റ്മെന്റ്, വ്യക്തത കാണിക്കാൻ

കഴിയാത്ത ഇനങ്ങൾക്കും പർച്ചേസ് ആവശ്യമായ ഇനങ്ങൾക്കും മൊത്തം തുക മാർക്കറ്റ് നിരക്കിൽ അനുവദിക്കുന്നുണ്ടെങ്കിൽ വിലവ്യത്യാസത്തിനാവശ്യമായ പ്രൊവിഷൻ, തദ്ദേശീയ നികുതികൾ നഗരസഭാ ഫണ്ടിൽനിന്നും അനുവദിക്കാൻ നിയമമുണ്ടെങ്കിൽ അതിനുള്ള പ്രൊവിഷൻ എന്നിവ വ്യക്തമാക്കിയിരിക്കണം. എസ്റ്റിമേറ്റിലെ വിവിധ ഇനങ്ങൾ സംബന്ധിച്ചും കൂടാതെ കാര്യകാരണങ്ങൾ വ്യക്തമാക്കുന്നതുമായ എസ്റ്റിമേറ്റ് റിപ്പോർട്ട് നിർബന്ധമായും തയ്യാറാക്കിയിരിക്കണം. സാധാരണയിൽ നിന്നും വ്യത്യസ്ഥമായ ഡാറ്റ ഇനങ്ങളും അളവുകളും എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിക്കുന്നുണ്ടെങ്കിൽ ആയതിനുള്ള വ്യക്തമായ വിശദീകരണം എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉണ്ടായിരിക്കണം. സാമ്പത്തിക ബാദ്ധ്യത നിറവേറ്റുന്നതിനെ സാധൂകരിക്കുന്ന പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യം റിപ്പോർട്ടിൽ വ്യക്തമാക്കിയിരിക്കണം. ടെൻഡർ എക്സസിനുള്ള ശുപാർശ സമർപ്പിക്കുമ്പോൾ സാങ്കേതികാനുമതി നല്കിയ അധികാരിയുടെ ശുപാർശയടങ്ങുന്ന സർട്ടിഫിക്കറ്റാണ് സമർപ്പിക്കേണ്ടത്.

(iii) ബന്ധപ്പെട്ട അധികാരിയുടെ അംഗീകാരം ലഭിക്കാത്തതും കരാറുകാരൻ ഉടമ്പടി വയ്ക്കാത്തതുമായ എക്സ്ട്രാ ഇനങ്ങൾ ഒഴിവാക്കിവേണം സെക്രട്ടറിമാർ ചെലവ് നടത്തുവാൻ.

(iv) മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്ന കാര്യത്തിൽ സെക്രട്ടറിമാർ കർശന നടപടികൾ സ്വീകരിക്കേണ്ടതും റീജിയണൽ ജോയിന്റ് ഡയറക്ടർമാർ ടി കാര്യം അവയുടെ പരിശോധനാവേളകളിൽ ആയത് ഉറപ്പുവരുത്തേണ്ടതുമാണ്.

**നിഗമനങ്ങൾ/ശുപാർശകൾ**

26. **നഗരകാര്യ ഡയറക്ടർ പുറപ്പെടുവിച്ച 28-1-2008-ലെ എഫ്2/657/07-ാം നമ്പർ സർക്കുലറിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ എല്ലാ നഗരസഭാ/കോർപ്പറേഷൻ സെക്രട്ടറിമാരും സ്വീകരിക്കേണ്ടതാണെന്നും ആയതിൽ വീഴ്ച വരുത്തുന്ന ബന്ധപ്പെട്ട സെക്രട്ടറിമാർക്കെതിരെ കർശനമായി വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ലക്ഷ്യം കൈവരിക്കാത്ത പദ്ധതികൾ**

മൊബിലൈസേഷൻ അഡ്വാൻസും പാർട്ട് പേയ്മെന്റും കൈപ്പറ്റി കുറെ പ്രവൃത്തികൾ ചെയ്തശേഷം ഉപേക്ഷിച്ചതായി കാണുന്നു. അവ താഴെ വിവരിക്കുന്നു :

1. മൊബിലൈസേഷൻ അഡ്വാൻസ്, പാർട്ട് ബിൽ എന്നീ ഇനങ്ങളിലായി 1,16,000 രൂപ കൺവീനർ കൈപ്പറ്റിയ പുല്ലമൂല ബണ്ട് നിർമ്മാണം രണ്ടാംഘട്ടം പ്രവൃത്തി ഉപേക്ഷിച്ച നിലയിലാണ്. നാളിതുവരെ നഗരസഭ എന്തെങ്കിലും നടപടിയെടുത്തതായി കാണുന്നില്ല.

2. മൊബിലൈസേഷൻ അഡ്വാൻസ്, പാർട്ട് ബിൽ i, ii എന്നിവയിലായി 1,27,294 രൂപ കൺവീനർ കൈപ്പറ്റിയ അമരവിള, പുല്ലമൂല ബണ്ട് നിർമ്മാണം 2-ാംഘട്ടം പ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിച്ചിരുന്നു. ഇക്കാര്യത്തിൽ നഗരസഭയുടെ നിലപാട്, വികസന വിരുദ്ധവും അലംഭാവം നിറഞ്ഞതുമാണ്.

[സമാഹൃത റിപ്പോർട്ട് 2003-04 ഓഡിറ്റ് ഖണ്ഡിക നമ്പർ 6.1.4]

27. തദ്ദേശസ്വയംഭരണ വകുപ്പ് 26-12-2007-ലെ 78024/എബി1/07/എൽഎസ്.ജി.ഡി. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"(എ) അമരവിള പുല്ലമൂല ബണ്ട് നിർമ്മാണത്തിന് ഒന്നാംഘട്ടം ശ്രീ. വി. പി. രവി കൺവീനറായിട്ടുള്ള ഗുണഭോക്തൃ സമിതി 1,27,294 രൂപ അഡ്വാൻസ് കൈപ്പറ്റി 97,354 രൂപയുടെ പണി പൂർത്തിയാക്കുകയും ബാക്കി തുകയ്ക്ക് (29,940+18% പലിശ) ആർ. ആർ. നടപടിക്കായി ബഹു. ജില്ലാ കളക്ടർക്ക് കത്തു നൽകുകയും ബഹു. ജില്ലാ കളക്ടർ നെയ്യാറ്റിൻകര താലൂക്ക് തഹസിൽദാർ (ആർ.ആർ.)-നെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

(ബി) അമരവിള പുല്ലമൂല ബണ്ട് നിർമ്മാണം രണ്ടാംഘട്ട പണിക്കായി ശ്രീ. ജി. സ്റ്റീഫൻ ക്രിസ്റ്റഫർ കൺവീനറായ കമ്മിറ്റി 1,16,000 രൂപ ഈ ആഫീസിൽ നിന്നും കൈപ്പറ്റി. 14,381 രൂപയുടെ പണികൾ ഇനി ചെയ്യുവാൻ ബാക്കിയുണ്ട്. ടി തുകയ്ക്കും 18% പലിശയ്ക്കുമായി ആർ. ആർ. നടപടി സ്വീകരിക്കുന്നതിലേക്ക് ബഹു. ജില്ലാ കളക്ടർ നെയ്യാറ്റിൻകര താലൂക്ക് തഹസിൽദാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

28. കൺവീനർമാരുടെ പേരിൽ സ്വീകരിച്ച ആർ. ആർ. നടപടിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ് എന്ന സമിതിയുടെ ചോദ്യത്തിന് 25-7-2003-ൽ ജില്ലാ കളക്ടർക്ക് റവന്യൂ റിക്കവറിക്ക് കത്ത് നൽകിയെന്നും ജില്ലാ കളക്ടർ അത് 27-8-2003-ന് തഹസിൽദാർക്ക് കൊടുത്തെങ്കിലും ഇതുവരെ നടപടിയൊന്നും ഉണ്ടായിട്ടില്ലെന്നും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു. 1,16,000 രൂപയാണ് മുൻകൂറായി നൽകിയതെന്നും മൊബിലൈസേഷൻ അഡ്വാൻസായി 50,000 രൂപയാണ് നൽകിയതെന്നും പിന്നെ ചെയ്ത പ്രവൃത്തികൾക്ക് ആദ്യത്തേതിൽ നിന്നും ഒരു നിശ്ചിത തുക കുറവു വരുത്തി പേയ്മെന്റ് നൽകുകയാണുണ്ടായതെന്നും അവസാനത്തെ വർക്ക് തീരുമ്പോൾ മാത്രമേ ആദ്യത്തെ അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്യാൻ പറ്റുകയുള്ളൂവെന്നും, പക്ഷെ അവസാനത്തെ ഘട്ടമായപ്പോൾ നെയ്യാറിന്റെ ബണ്ട് തകർന്ന് അതുവരെ ചെയ്ത പ്രവൃത്തി ഒലിച്ചുപോയതിനാൽ പണി അവിടെ വച്ച് അവസാനിപ്പിച്ചുവെന്നും സെക്രട്ടറി അറിയിച്ചു. 2003-ൽ റവന്യൂ റിക്കവറിക്ക് നോട്ടീസ് കൊടുത്തിട്ട് നടപടിയെടുക്കാത്തത് എന്തുകൊണ്ടാണെന്നും അത് സംബന്ധിച്ച് കോടതിയിൽ കേസ് ഉണ്ടോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് കേസ്സില്ലെന്നും തഹസിൽദാർ ഇതുവരെ ഒന്നും തങ്ങളെ അറിയിച്ചിട്ടില്ലെന്നും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

29. **കൺവീനർമാർക്കെതിരെ സ്വീകരിച്ചിട്ടുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി അടിയന്തിരമായി തുക ഈടാക്കി സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പൂർത്തിയാകാത്ത കുടിവെള്ള പദ്ധതികൾ**

1997-98-ൽ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കിയ 4 കുടിവെള്ള പദ്ധതികൾ 2002-03-ലും പൂർത്തിയാക്കിയിട്ടില്ല. ഇവയിൽ പലതും ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു.

(1) ഊരൂട്ടുകാല-കണിയാംകോണം കുടിവെള്ള പദ്ധതി

ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ 1997-98 വർഷത്തെ ഈ പ്രോജക്ടിന് 75,450 രൂപ ആകെ നൽകുകയുണ്ടായി. എന്നാൽ ഈ പദ്ധതിയും പാതിവഴിയിൽ ഉപേക്ഷിച്ചിരിക്കുന്നു.

(2) വഴൂർ-പന്തപ്ലാവിള കുടിവെള്ള പദ്ധതി

പ്രസ്തുത പദ്ധതിക്ക് പണം 25,000 രൂപ കൈപ്പറ്റിയെങ്കിലും നാളിതുവരെ പുരോഗതി ഉണ്ടായിട്ടില്ല. ഇതിൻമേൽ സ്വീകരിച്ചിരിക്കുന്ന നടപടിയും വ്യക്തമാക്കിയിട്ടില്ല.

(3) താന്നിമൂട്-തമ്മോട്ടുകോണം കുടിവെള്ള പദ്ധതി

ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കാൻ വിഭാവനം ചെയ്തിരുന്ന ടി പദ്ധതി നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. ആകെ ഈ പ്രവൃത്തിക്ക് 47,502 രൂപ നൽകിയിട്ടുണ്ട്.

(4) മൂന്നുകല്ലിൻമൂട് ശുദ്ധജല പദ്ധതി

ഈ പദ്ധതി പൂർത്തിയാക്കപ്പെട്ടില്ല. 9-ാം പദ്ധതിയുടെ ആദ്യ വർഷമായ 1997-98-ൽ ആരംഭിച്ച ഈ പദ്ധതികൾ മേൽ വിവരിച്ച പ്രകാരം ഉപേക്ഷിക്കപ്പെടുകയും മറ്റുള്ളവ 10-ാം പദ്ധതിയുടെ ആദ്യവർഷമായ 2002-03-ലും അപൂർണ്ണമായി തുടരുകയുമാണ്. സമയബന്ധിതമായി പൂർത്തിയാക്കാത്തതുകൊണ്ട് മേൽ വിവരിച്ച പദ്ധതികൾക്ക് പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിവന്നു. മാത്രമല്ല ഇവയ്ക്കുവേണ്ടി വാങ്ങിയ പൈപ്പും മറ്റ് സാധനങ്ങളും എന്തുചെയ്തുവെന്നും വ്യക്തമല്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 6.1.5]

30. 26-12-2007-ലെ 78024/എബി1/07/എൽ.എസ്.ജി.ഡി. നമ്പർ കത്ത് മുഖേന തദ്ദേശസ്വയംഭരണവകുപ്പ് ഓഡിറ്റ് ഖണ്ഡികയ്ക്ക് നൽകിയ മറുപടി ചുവടെ ചേർക്കുന്നു :

ഊരൂട്ടുകാല കണിയാംകോണം കുടിവെള്ള പദ്ധതിക്ക് 75,450 രൂപ നൽകിയിട്ടുണ്ട്. ആകെ 77,757 രൂപയുടെ പണികൾ പമ്പ് സെറ്റ് ഉൾപ്പെടെ

പൂർത്തിയാക്കിയിട്ടുണ്ട്. പ്രവർത്തനം തുടങ്ങാത്തതിനാൽ പമ്പ് സെറ്റും ഹോസും തിരികെ നൽകുന്നതിലേക്ക് കൺവീനർക്ക് കത്ത് നൽകിയിട്ടുണ്ട്. 2007-08 പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനും പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്.

വഴൂർ പന്തപ്ലാവിള കുടിവെള്ള പദ്ധതിക്കായി 60,000 രൂപയുടെ പ്രോജക്ട് തയ്യാറാക്കി 25,000 രൂപ കൺവീനറായ ശ്രീ. അനിൽകുമാറിന് അഡ്വാൻസ് നൽകി. 11,996 രൂപയുടെ പണി പൂർത്തിയാക്കി. ബാക്കിയുള്ള 13,043 രൂപ തിരിച്ചു ഈടാക്കുന്നതിലേക്ക് ആർ.ആർ. നടപടി സ്വീകരിച്ചുവരുന്നു. പണി പൂർത്തിയാക്കാത്തതിനാൽ വർക്ക് ബിൽ തയ്യാറാക്കിയിട്ടില്ല. മുനിസിപ്പൽ എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പൂർത്തിയാക്കിയ പണിയുടെ തുക നിശ്ചയിച്ചിട്ടുള്ളത്.

താന്നിമൂട്-തമ്മോട്ടുകോണം കുടിവെള്ള പദ്ധതി പൂർത്തിയാക്കി അഡ്വാൻസ് നൽകിയ 47,502 രൂപയ്ക്ക് കൺവീനർ പണികൾ ചെയ്തിട്ടുണ്ട്. മുനിസിപ്പൽ എഞ്ചിനീയർ വർക്ക് റിക്കാർഡ് ചെയ്തിട്ടുണ്ട്.

മൂന്നുകല്ലിൻമൂട് കുടിവെള്ള പദ്ധതിക്കായി 87,000 രൂപയുടെ പദ്ധതി തയ്യാറാക്കി. ശ്രീ. ജി. അനിൽകുമാർ കൺവീനറായ ഗുണഭോക്തൃ സമിതിക്ക് 45,000 രൂപ അഡ്വാൻസ് നൽകി 48,344 രൂപയുടെ ബിൽ തയ്യാറാക്കിയിട്ടുണ്ട്.

31. ഊരൂട്ടുകാല-കണിയാംകോണം കുടിവെള്ള പദ്ധതിക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടുണ്ടോയെന്നും ചെയ്ത പണികൾക്ക് എത്ര രൂപയുടെ ബില്ലാണ് സമർപ്പിച്ചിട്ടുള്ളത് എന്നും പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം തുടങ്ങിയോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന്, മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടുണ്ടെന്നും പദ്ധതിയുടെ പ്രവർത്തനം തുടങ്ങിയിട്ടില്ലെന്നും, എന്നാൽ കിണർ കുഴിക്കുകയും വെള്ളം സ്റ്റോർ ചെയ്യാനുള്ള ടാങ്ക് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടെന്നും ഇനി പൈപ്പ്ലൈൻ സ്ഥാപിക്കാനുണ്ടെന്നും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി സെക്രട്ടറി വ്യക്തമാക്കി. അഡ്വാൻസ് കൊടുത്ത തുക സെറ്റിൽ ചെയ്തിട്ടില്ലെന്നും അതിൽ ചെറിയൊരു തുക മുനിസിപ്പാലിറ്റിക്ക് തിരികെ ലഭിക്കാനുണ്ടെന്നും കുറച്ച് പമ്പുസെറ്റുകൾ ഒന്നിച്ച് വാങ്ങിയതിനുശേഷം ഉപയോഗിക്കുന്നതിനുവേണ്ടി പണി സ്ഥലത്തേക്ക് കൊടുത്തുവെന്നും അത് ഇപ്പോഴും കോൺട്രാക്ടറുടെ കൈയിലാണെന്നും അതുകൊണ്ട് അതിന്റെ അവസ്ഥ അറിയില്ലെന്നും അത് തിരികെ ലഭിക്കുന്നതിനായി കത്ത് നൽകിയതിന് ടിയാൻ പ്രതികരിച്ചില്ലെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

32. പമ്പുസെറ്റുകൾ ഒന്നിച്ച് എവിടെ നിന്നാണ് വാങ്ങിയത് എന്ന സമിതിയുടെ ചോദ്യത്തിന് റെയിഡ്കോയിൽ നിന്നാണ് അവ വാങ്ങിയതെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. ഇപ്പോഴത്തെ പുതിയ പ്രോജക്ട് എന്താണ് എന്ന് സമിതി ആരാഞ്ഞതിന് പൈപ്പ്ലൈനും മറ്റും ഇട്ട് പഴയ സ്കീം പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ളതാണ് പുതിയ പദ്ധതിയെന്നും പഴയ പദ്ധതിയുടെ ബാക്കി തുകയായ 6,700 രൂപ കോൺട്രാക്ടറുടെ കൈയിൽ നിന്ന് ഈടാക്കണമെന്നും പണി ചെയ്തിടത്തോളം ശ്രീ. രവി 77,787 രൂപയുടെ പാർട്ട് ബിൽ ഹാജരാക്കിയിട്ടുണ്ടെന്നും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു. 1,27,594 രൂപയാണ് പദ്ധതിയുടെ എസ്റ്റിമേറ്റെന്നും 75,450 രൂപ അഡ്വാൻസ് കൈപ്പറ്റിയെന്നും, പ്രസ്തുത

പ്രോകജ്ടുകൊണ്ട് ഉദ്ദേശിക്കുന്നത്, വെള്ളം കിട്ടുന്ന ഭാഗത്ത് കിണർ കുഴിച്ച് അവിടെ പമ്പ് സെറ്റ് സ്ഥാപിച്ചശേഷം ഉയർന്ന പ്രദേശത്ത് വാട്ടർ ടാങ്ക് കെട്ടി അവിടെ നിന്ന് വെള്ളം എസ്.സി./എസ്.ടി കോളനികളിൽ അല്ലെങ്കിൽ ആളുകൾ തിങ്ങിപ്പാർക്കുന്ന സ്ഥലത്ത് വിതരണം ചെയ്യുക എന്നുള്ളതാണെന്നും അതിനുവേണ്ടി പമ്പുസെറ്റ് നേരിട്ട് വാങ്ങിക്കൊടുക്കുകയായിരുന്നുവെന്നും, ബാക്കിയുള്ള സിവിൽ വർക്കും പ്ലംബിംഗ് പണികളും ഗുണഭോക്തൃ കമ്മിറ്റി ചെയ്യണമെന്നതുമായിരുന്നു ഉദ്ദേശമെന്നും അതിന്റെ അടിസ്ഥാനത്തിലാണ് 1,30,000 ത്തോളം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കൺവീനർക്ക് മുൻകൂർ നൽകുകയും ചെയ്തത് എന്നും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി സെക്രട്ടറി വ്യക്തമാക്കി.

33. പഞ്ചായത്തിന്റെ പമ്പുസെറ്റ് ഒരാൾക്കു കൊടുത്തിട്ട് അയാൾ തിരികെ തരുന്നി ല്ലെങ്കിൽ പോലീസിൽ റിപ്പോർട്ടു ചെയ്യേണ്ടതായിരുന്നു എന്ന് സമിതി ചൂണ്ടിക്കാട്ടി. കോൺട്രാക്ടർ ചെയ്ത പണി ആരെങ്കിലും സർട്ടിഫൈ ചെയ്തിട്ടുണ്ടോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് പമ്പിന്റെ വില കൂടാതെ 69,168 രൂപയ്ക്കുകൂടി പണി ചെയ്തിട്ടുണ്ടെന്ന് എഞ്ചിനീയർ സർട്ടിഫൈ ചെയ്തതിന് രേഖയുണ്ടെന്നും അതുകഴിഞ്ഞ് 6,700 രൂപ ബാക്കിയുണ്ടെന്നും പമ്പ് സെറ്റ് മുനിസിപ്പാലിറ്റി വാങ്ങിക്കൊടുത്തതാണെന്നും പമ്പുസെറ്റിന്റെ വില കൂടി ഉൾക്കൊള്ളിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്നും സെക്രട്ടറി വ്യക്തമാക്കി. എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഒരു പമ്പ് സെറ്റിന് 8,000 രൂപയാണ് കണക്കാക്കിയിട്ടുള്ളത് എന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

34. ഇതിൽ പാർട്ട് ബിൽ കൊടുത്തിട്ടുണ്ടെങ്കിലും ഫൈനൽ ബിൽ സെറ്റിൽ ചെയ്തിട്ടില്ലെന്നും കോൺട്രാക്ടർ പണി ഉപേക്ഷിച്ചുപോയിരിക്കുകയാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലോക്കൽ വെരിഫിക്കേഷൻ നടത്തി തുക നിശ്ചയിച്ചശേഷം ഒരു തീരുമാനം എടുക്കുന്നതായിരിക്കും ഉചിതമെന്നും സമിതി വ്യക്തമാക്കി.

35. 75,450 രൂപയിൽ 27,450 രൂപ മൊബിലൈസേഷൻ അഡ്വാൻസാണെന്നും അതിനുശേഷമുള്ളത് ഫൈനൽ ബിൽ അല്ലെന്നും പാർട്ട് ബില്ലാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

36. രണ്ടാഴ്ചയ്ക്കുള്ളിൽ പ്രസ്തുത ഫയൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി സെക്രട്ടറിയോട് നിർദ്ദേശിച്ചു.

37. 1,33,916 രൂപ അടങ്കലുള്ള ഊരൂട്ടുകാല കണിയാംകോണം കുടിവെള്ള പദ്ധതിക്ക് 75,450 രൂപ നൽകിയിട്ടുണ്ടെന്നും ആകെ 77,757 രൂപയുടെ പണി (പമ്പ് സെറ്റ് ഉൾപ്പെടെ) പൂർത്തിയാക്കിയിട്ടുണ്ടെന്നും പ്രവർത്തനം തുടങ്ങാത്തതിനാൽ പമ്പ് സെറ്റും ഹോസും തിരികെ എടുത്ത് സൂക്ഷിച്ചിട്ടുണ്ടെന്നും 2007-08 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവർത്തി പൂർത്തിയാക്കി വരുന്നു എന്നും 15-5-2008-ലെ 26076/എബി1/08/ തസ്വഭവ. നമ്പർ കത്ത് മുഖേന തദ്ദേശസ്വയംഭരണ വകുപ്പ് സമിതിയെ അറിയിച്ചു.

38. വാഴൂർ-പ്ലന്തപ്ലാവിള കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന സമിതി യുടെ ചോദ്യത്തിന് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെന്നും എന്നാൽ കിണറ്റിലെ വെള്ളം

ഇപ്പോൾ ഉപയോഗിക്കുന്നുണ്ടെന്നും 11,996.52 രൂപയുടെ പണി നടത്തിയിട്ടുണ്ടെന്നും അഡ്വാൻസ് നൽകിയതിൽ ബാക്കി 13,043 രൂപയ്ക്ക് ആർ.ആർ. നടപടി സ്വീകരിച്ചിട്ടു ണ്ടെന്നും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു.

39. അതിന്റെ ഇപ്പോഴത്തെ അവസ്ഥ എത്രയും പെട്ടെന്ന് ഓഡിറ്റ് വകുപ്പിൽ റിപ്പോർട്ട് ചെയ്യണം എന്ന് സമിതി സെക്രട്ടറിയോട് നിർദ്ദേശിച്ചു.

40. വഴൂർ പന്തപ്ലാവിള കുടിവെള്ള പദ്ധതിക്കായി 60,000 രൂപയുടെ പ്രോജക്ട് തയ്യാറാക്കി 25,000 രൂപ കൺവീനറായ അനിൽകുമാറിന് അഡ്വാൻസ് നൽകുകയും ടിയാൻ 11,966 രൂപയുടെ പണി പൂർത്തിയാക്കുകയും ചെയ്തു. ബാക്കിയുള്ള 13,043 രൂപ തിരികെ ഈടാക്കുന്നതിലേക്ക് റവന്യൂ റിക്കവറി നടപടികൾക്കായി ജില്ലാ കളക്ടർക്ക് കത്ത് നൽകുകയും നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി നഗരസഭാ സെക്രട്ടറി ആർ.ആർ. അധികാരിക്കും നഗരസഭാ ചെയർപേഴ്സൺ ജില്ലാ കളക്ടർക്കും ഓർമ്മക്കുറിപ്പ് നൽകിയിട്ടുണ്ട് എന്ന് 15-5-2008-ലെ 28076/എബി1/08/തസ്വഭവ. നമ്പർ കത്ത് മുഖേന തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചു.

41. താന്നിമൂട് തമ്മോട്ടുകോണം കുടിവെള്ള പദ്ധതിയുടെ ഫയൽ നഗരസഭാ ഓഫീസിലുണ്ടോയെന്നും കിണർ നിർമ്മാണ പ്രവൃത്തിക്ക് ഗുണഭോക്തൃ സമിതി കൺവീനർക്ക് നൽകിയ തുകയ്ക്ക് പ്രവൃത്തി ചെയ്തിട്ടുണ്ടെന്ന മറുപടിയിൽ പറഞ്ഞിരി ക്കുന്നതിന് രേഖയുണ്ടോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന് പ്രവൃത്തിയുടെ ഫയൽ ഓഫീസിലില്ല എന്നും കൺവീനർക്ക് നൽകിയ തുകയ്ക്ക് പ്രവൃത്തി ചെയ്തിട്ടുണ്ടെന്നള ളതിന് രേഖയില്ലെന്നും 'എം' ബുക്ക് ഉണ്ടെന്നും അതിൽ 47,502 രൂപയുടെ പണി മാത്ര മാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നും ഒറിജിനൽ ഫയൽ ഇല്ലാത്തതുകൊണ്ട് അടങ്കൽ തുക എത്രയെന്ന് അറിയില്ലെന്നും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു.

42. താന്നിമൂട് തമ്മോട്ടുകോണം കുടിവെള്ള പദ്ധതി സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് സമിതി നഗരകാര്യ ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു. അന്വേഷണ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

"നഗരസഭയിൽ നടത്തിയ പരിശോധനയിൽ ബന്ധപ്പെട്ട ഫയൽ ലഭ്യമായില്ല. ആയതിനാൽ കൗൺസിൽ തീരുമാനം തുടങ്ങിയവ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. അതേസമയം ഈ പദ്ധതിയുടെ സിവിൽ വർക്ക് നടത്തിയതിന്റെ മെഷർമെന്റ് ബുക്ക് പരിശോധനയ്ക്ക് ലഭിച്ചു. മൊത്തം ചെലവ് തുക 47,502 രൂപ. ഈ തുക കിണർ പണികൾക്കു മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മോട്ടോർ, പമ്പ് സെറ്റ് തുടങ്ങിയവ സ്ഥാപിച്ചിട്ടില്ല. ടി പദ്ധതിക്കുവേണ്ടി മോട്ടോർ വാങ്ങിയിട്ടില്ല. മേൽ സ്ഥലം പരിശോധിച്ച തിൽ പരിസരവാസികൾ അവരുടെ ആവശ്യത്തിന് ജലം ഉപയോഗിക്കുന്നത് സ്വന്തം തനതുമാർഗ്ഗങ്ങളിലൂടെയാണ്. ഏതെങ്കിലും ഒരു കാലത്ത് സ്ഥലവാസികൾ ഇപ്പോൾ ഉപയോഗിക്കുന്ന സ്വന്തം സ്രോതസ്സുകൾ ഉപേക്ഷിക്കുവാൻ ഇടവരുമെങ്കിലേ, മേൽ നിർമ്മിച്ച കിണറിന് പ്രയോജനം ഉണ്ടാകാൻ സാദ്ധ്യതയുള്ളൂ. പദ്ധതി നടപ്പിലാക്കാൻ ഒരുങ്ങിയ സമയത്ത് കിണർ ആവശ്യമുണ്ടായിരുന്നിരിക്കാമെങ്കിലും, കിണർ പണി എത്രയും വേഗം പൂർത്തിയാക്കി മോട്ടോറും പമ്പ് സെറ്റും സ്ഥാപിച്ചിരുന്നെങ്കിൽ പ്രയോജനം ഉണ്ടാകുമായിരുന്നു. എന്നാൽ 24-7-1998-ൽ ആരംഭിച്ച കിണർ പണി

പൂർത്തിയായത് 25-10-2000-ൽ ആണ്. മോട്ടോറും പമ്പ് സെറ്റും വാങ്ങുകയുമുണ്ടായില്ല. ഇതിൽ നിന്നും കാലതാമസം, പദ്ധതി നടത്തിപ്പിലെ വീഴ്ച എന്നിവ കാരണമാണ് പദ്ധതി പൂർണ്ണ പ്രയോജനം ലഭിക്കാതെ പോയതെന്ന് കാണാം."

43. താന്നിമൂട് ശുദ്ധജല പദ്ധതിക്കായി മൊബിലൈസേഷൻ അഡ്വാൻസ് ഉൾപ്പെടെ എത്ര രൂപ കൺവീനർക്ക് നൽകി എന്നും എത്ര രൂപയുടെ പാർട്ട് ബിൽ ടിയാൾ സമർപ്പിച്ചുവെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് മൊബിലൈസേഷൻ അഡ്വാൻസായി 20,000 രൂപയും മൂന്ന് ഗഡുക്കളായി 10,000 രൂപ വീതവും കൺവീനർക്ക് നൽകിയെന്നും 48,334 രൂപയുടെ പാർട്ട് ബിൽ ടിയാൻ സമർപ്പിച്ചുവെന്നും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു.

44. 87,000 രൂപ അടങ്കലുള്ള പദ്ധതിക്ക് 45,000 രൂപ അഡ്വാൻസ് നൽകിയതായാണ് തങ്ങൾക്ക് കിട്ടിയ വിവരമെന്ന് സമിതി വ്യക്തമാക്കി. 45,000 രൂപ നൽകിയെങ്കിലും കിണർ കുഴിക്കൽ, ടാങ്ക് വയ്ക്കാൻ സ്റ്റാന്റ് നിർമ്മാണം, പൈപ്പ് വാങ്ങൽ എന്നിവ ഉൾപ്പെടെ 48,000 രൂപയുടെ പണി കൺവീനർ ചെയ്തിട്ടുണ്ട് എന്ന് സെക്രട്ടറി ചൂണ്ടിക്കാട്ടി.

45. 21-4-1999-ലും പണി പൂർത്തിയാക്കാനാവശ്യപ്പെട്ട് കൺവീനർക്ക് കത്ത് നൽകിയെങ്കിലും അയാൾ പ്രതികരിക്കാത്തതിനെതുടർന്ന് ഗുണഭോക്തൃ കമ്മിറ്റിയെക്കൊണ്ട് പണി പൂർത്തിയാക്കാൻ സാധിക്കുകയില്ലെന്ന് 18-9-2000-ൽ എഞ്ചിനീയർ അറിയിച്ചതിന്റെ വെളിച്ചത്തിൽ 8-2-2001-ൽ നിയമ നടപടി സ്വീകരിക്കുന്നതിന് കൗൺസിൽ തീരുമാനി ക്കുകയുണ്ടായി. എന്നാൽ ഈ തീരുമാനത്തിന്മേൽ നടപടി ഉണ്ടായില്ല. കൗൺസിൽ തീരുമാനം നടപ്പാക്കേണ്ടിയിരുന്നത് മുൻസിപ്പൽ സെക്രട്ടറിയാണെന്നും, അന്നത്തെ സെക്രട്ടറി ശ്രീ. ഗോപാലകൃഷ്ണൻ തീരുമാനം നടപ്പാക്കുന്നതിൽ വീഴ്ച വരുത്തി യെന്നും സമിതി മനസ്സിലാക്കി.

46. കൺവീനർ എന്നാണ് പാർട്ട് ബിൽ ഹാജരാക്കിയതെന്ന് സമിതി ആരാഞ്ഞു. 8-10-2002-ലാണ് പാർട്ട് ബിൽ സമർപ്പിച്ചതെന്ന് സെക്രട്ടറി മറുപടി നൽകി. കൺവീനർ ക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനുള്ള കൗൺസിൽ തീരുമാനം നിലനിൽക്കെ കൺവീനർ നൽകിയ പാർട്ട് ബിൽ സ്വീകരിക്കുകയും പാസ്സാക്കി പണം നൽകുകയും ചെയ്തത് ശരിയായ നടപടിയല്ല എന്ന് സമിതി ചൂണ്ടിക്കാട്ടി.

### നിഗമനങ്ങൾ/ശുപാർശകൾ

47. **ഊരൂട്ടുകാല-കണിയാംകോണം കുടിവെള്ള പദ്ധതിയോടനുബന്ധിച്ച് കിണർ കുഴിക്കുകയും വെള്ളം സ്റ്റോർ ചെയ്യാനുള്ള ടാങ്ക് നിർമ്മിക്കുകയും ചെയ്തിട്ടുള്ള സ്ഥിതിക്ക് എത്രയും വേഗം പൈപ്പ് ലൈൻ സ്ഥാപിച്ച് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കണമെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

48. **വഴൂർ-പന്തപ്ലാവിള കുടിവെള്ള പദ്ധതിയുടെ കൺവീനർക്കെതിരെ സ്വീകരിച്ചിട്ടുള്ള ആർ.ആർ. നടപടി ത്വരിതപ്പെടുത്തി 13,043 രൂപ ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

49. **താന്നിമൂട്-തമ്മോട്ടുകോണം കുടിവെള്ള പദ്ധതിയുടെ ഫയൽ കാണ്മാനില്ല എന്ന് പറയുന്നത് മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥരുടെ അശ്രദ്ധയും ഉത്തരവാദിത്വവു മില്ലായ്മയുമാണ് വെളിവാക്കുന്നതെന്ന് സമിതി വിലയിരുത്തുന്നു.**

50. **പദ്ധതി നടത്തിപ്പിൽ ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ച കാരണം സംഭവിച്ച കാലതമാസംമൂലമാണ് പദ്ധതിയുടെ പൂർണ്ണ പ്രയോജനം ലഭിക്കാതെ പോയതെന്ന് കാണുന്നു. നഗരസഭകൾ ഒരു പദ്ധതി നടപ്പാക്കാനായി ആലോചിക്കുമ്പോൾ ആ പദ്ധതി കൊണ്ടുണ്ടാകുന്ന നേട്ടങ്ങളെയും കോട്ടങ്ങളെയും കുറിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വിശദമായി പഠിക്കണമന്നും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ശ്രദ്ധ പതിപ്പിക്കണെമന്നും സമിതി ശുപാർശ ചെയ്യുന്നു.**

51. **ആയതിനാൽ ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതിനോടൊപ്പം നിർമ്മാണം പൂർത്തിയാക്കിയ കിണർ പരിസരവാസികൾക്ക് പ്രയോജന പ്രദമാക്കാൻ കഴിയുമോ എന്നത് സംബന്ധിച്ച് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

52. **മൂന്നുകല്ലിൻമൂട് ശുദ്ധജല പദ്ധതിയുടെ പണി പൂർത്തിയാക്കുവാൻ ഗുണഭോക്തൃ സമിതിക്ക് സാധിക്കുകയില്ലന്ന് 18-9-2000-ൽ എഞ്ചിനീയർ അറിയിച്ചതിനെ തുടർന്ന് 8-2-2001-ൽ ചേർന്ന കൗൺസിൽ യോഗം കൺവീനർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചുവെങ്കിലും ആയത് നടപ്പാക്കിയോ എന്നതു സംബന്ധിച്ച് വ്യക്തമല്ല. എന്നാൽ 8-10-2002-ൽ കൺവീനർ 48,500 രൂപയും പണി ചെയ്തതായുള്ള പാർട്ട് ബിൽ സമർപ്പിക്കുകയും ആയത് നഗരസഭ പാസ്സാക്കി നൽകുകയും ചെയ്തിട്ടു ണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. കൺവീനർക്കെതിരെ നിയമനടപടി സ്വീകരിക്കുന്ന തിന് കൗൺസിൽ തീരുമാനം കൈക്കൊണ്ട് 2 വർഷത്തിനുശേഷം പാർട്ട് ബിൽ സമർപ്പിച്ചതിന്റെ സാംഗത്യം സമിതിക്ക് മനസ്സിലാകുന്നില്ല. കൗൺസിൽ തീരുമാനം നടപ്പാക്കി കരാർ റദ്ദു ചെയ്ത് നഷ്ടപരിഹാരം ഈടാക്കുകയാണ് വേണ്ടിയിരുന്നതെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. എന്നിരുന്നാലും കൺവീനർ സമർപ്പിച്ച പാർട്ട് ബിൽ പരിശോധിച്ച് പണിയുടെ വാല്യുവേഷൻ നടത്തുകയും ഇനി ചെയ്യാനുള്ള ബാക്കി പണിയുടെ കണക്കെടുത്ത് കൺവീനർമാരിൽ നിന്നും ആയതിന്റെ നഷ്ടപരിഹാരം ഈടാക്കുകയും പാർട്ട് ബിൽ പാസ്സാക്കിയ ഉദ്യോഗസ്ഥനെതിരെ നിയമനടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അധികാരവികേന്ദ്രീകരണത്തിലൂടെ ആരോഗ്യ വകുപ്പിൽ നിന്നും കൈമാറ്റം ചെയ്തു കിട്ടിയ മരങ്ങളുടെ ലേലം സംബന്ധിച്ച്**

തൊഴുക്കൽ ശ്മശാനത്തിൽ നിൽക്കുന്ന 6 ആഞ്ഞിലികൾ, 2 മാവുകൾ, ഫോർട്ട് വാർഡിലുള്ള ഒരു പ്ലാവ് എന്നീ മരങ്ങൾ വനം വകുപ്പിന്റെ അനുമതിക്ക് വിധേയമായി ലേലത്തിൽ വിൽക്കുവാൻ 30-1-1997-ൽ കൂടിയ കൗൺസിൽ തീരുമാനിച്ചു. എന്നാൽ മൂല്യനിർണ്ണയം നടത്താതെ പ്രസ്തുത മരങ്ങളുടെ ലേലം നടത്താൻ അനുമതി തേടുകയും 19-9-1997-ൽ അസിസ്റ്റന്റ് കൺസർവേറ്റർ ഇതിന് അനുമതി നൽകുകയും ചെയ്തു.

മാതൃഭൂമി, ദേശാഭിമാനി എന്നീ ദിനപത്രങ്ങളിൽ ടി ലേല പരസ്യം നൽകിയെങ്കിലും ലേല പരസ്യത്തിൽ തടിയുടെ വ്യാസം, മതിപ്പ് വില എന്നിവ രേഖപ്പെടുത്തിയിട്ടില്ല. 10-9-1997-ന് നടന്ന ലേലത്തിന് വേണ്ടത്ര മത്സരസ്വഭാവ മുണ്ടായിരുന്നതായി രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നില്ല. മുനിസിപ്പൽ എഞ്ചിനീയർ 9 ലക്ഷം രൂപയുടെ വില നിശ്ചയിച്ച ഈ മരങ്ങൾ 4,29,000 രൂപയ്ക്കാണ് ലേലം ഉറപ്പിച്ചത്. മുനിസിപ്പൽ എഞ്ചിനീയർ 9,00,000 രൂപ മതിച്ച ടി മരങ്ങൾക്ക് 4,29,000 രൂപയിൽ കൂടുതൽ സാധ്യതയില്ല എന്ന റവന്യൂ ഇൻസ്പെക്ടറുടെ നടപടി സംശയാസ്പദമാണ്.

മരങ്ങളുടെ മതിപ്പുവില വനംവകുപ്പിൽ നിന്നും നിർണ്ണയിച്ച് വാങ്ങിയില്ല എന്ന് മാത്രമല്ല, മുനിസിപ്പൽ എഞ്ചിനീയർ നിർണ്ണയിച്ചതിനും തീരെതാണ മൂല്യത്തിനാണ് ലേലം ഉറപ്പിച്ചത്. ഇപ്രകാരം ഉണ്ടാകുവാനുള്ള സാഹചര്യത്തെ സംബന്ധിച്ച വിശദമായ അന്വേഷണത്തിന് വിജിലൻസിനെ ചുമതലപ്പെടുത്തേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04 ഖണ്ഡിക 6.1.6)

53. തദ്ദേശസ്വയംഭരണ വകുപ്പ് 26-12-2007-ലെ 78024/എ.ബി1/07/എൽ.എസ്.ജി.ഡി. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള തൊഴുക്കൽ ശ്മശാനത്തിലെ മരങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിനുള്ള കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനം ഒട്ടാകെ സർക്കുലേഷൻ ഉള്ള പത്രത്തിൽ വേണ്ട പത്രപരസ്യം വഴി മരങ്ങൾ ലേലം ചെയ്തു വിറ്റിട്ടുണ്ട്. 10-9-1997-ൽ നടത്തിയ ലേലത്തിൽ അന്നേ ദിവസം റവന്യൂ ഇൻസ്പെക്ടർ ലേലമഹസ്സർ നൽകിയിട്ടുണ്ട്. ടി ലേലം ഫൈനാൻസ് കമ്മിറ്റി ചെയർമാൻ അടക്കമുള്ള കമ്മിറ്റി അംഗങ്ങളുടേയും ഓവർസിയർ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവരുടേയും സാന്നിദ്ധ്യത്തിൽ മരങ്ങൾ നിൽക്കുന്ന സൈറ്റിൽ വച്ചാണ് ലേലം നടത്തിയിട്ടുള്ളത്. എല്ലാ ഐറ്റങ്ങൾക്കും കൂടി നിരതദ്രവ്യം കെട്ടിവച്ച 43 പേരിൽ നിന്നാണ് 1 മുതൽ 6 വരെ നമ്പർ ചെയ്തിരുന്ന മരങ്ങളുടെ ലേലത്തിൽ ആൾക്കാർ പങ്കെടുത്തത്. 43 ലേലക്കാരും ലേലം തീരുന്നതുവരെ സൈറ്റിലും ഉണ്ടായിരുന്നതും ആവശ്യക്കാർ മാത്രം മരം തിരിച്ച് ലേലത്തിൽ പങ്കുകൊണ്ടിട്ടുള്ളതുമാണ്. കിട്ടാവുന്ന തുകയുടെ പരമാവധി തുകയ്ക്കാണ് ഓരോ മരവും പോയിട്ടുള്ളത്. മുനിസിപ്പൽ എഞ്ചിനീയറുടെ ഊഹവില യഥാർത്ഥവുമായി പൊരുത്തപ്പെടുന്നതായിരുന്നില്ല എന്നും മനസ്സിലാക്കുന്നതാണ്. ഓഡിറ്റു പരാമർശത്തിൽ പ്രതിപാദിച്ചിരിക്കുന്നത് ശരിയല്ല. ആകെ 4,29,000 രൂപയ്ക്കാണ് മരങ്ങൾ ലേലം ചെയ്തിട്ടുള്ളത് എന്ന വിവരം ഇതിനാൽ റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. മരങ്ങൾക്കുള്ള വില ചുവടെ ചേർക്കുന്നു:

(77,000, 51,000, 58,000, 37,000, 1,42,000, 17,000, 10,000, 5,900, 3,12,000)

**ഭരണ വകുപ്പിന്റെ നടപടി**

54. ഈ വിഷയം സംബന്ധിച്ച നഗരസഭാ ഫയൽ ഇ2/6878/96 പരിശോധിച്ചു. ഫയലിന്റെ നോട്ട് ഫയൽ ലഭ്യമല്ലായിരുന്നു. ഓഡിറ്റ് തടസ്സത്തിൽ പറയുന്ന പ്രകാരം വനം വകുപ്പ് അധികൃതരുടെ വിലനിർണ്ണയം വാങ്ങിയിട്ടില്ല. മരത്തിന്റെ വ്യാസവും അളന്ന് രേഖപ്പെടുത്തി വാങ്ങിയിട്ടില്ല. വിലനിർണ്ണയം നടത്തിയത് മുനിസിപ്പൽ എഞ്ചിനീയറാണ്.

ഓരോ മരത്തിനും പ്രത്യേകമായി മതിപ്പ് വില നിശ്ചയിച്ച് കറണ്ട് ഫയലിൽ കണ്ടില്ല. എല്ലാ മരങ്ങൾക്കും കൂടി 9 ലക്ഷം രൂപ എന്ന മതിപ്പുവില നിശ്ചയിച്ചതായാണ് കണ്ടത്. ഓഡിറ്റ് റിപ്പോർട്ടിൽ പറയുന്ന പ്രകാരം 42,900 രൂപയ്ക്ക് അല്ല ലേലം ചെയ്ത് വിറ്റത്. പകരം 4,29,100 രൂപയ്ക്കാണ്. 9 മരങ്ങൾക്ക് ഓരോന്നിനും 77,000, 51,000, 58,000, 37,000, 1,42,000, 17,000, 10,000, 5,900, 3,12,000 രൂപ എന്നിങ്ങനെയാണ് വില ലഭിച്ചത്. ടി തുക നഗരസഭാ ഫണ്ടിൽ ശേഖരിച്ചിട്ടുണ്ട്. നഗരസഭയിൽ നിന്നും വനം അധികാരികളോട് മരങ്ങൾ മുറിച്ച് മാറ്റാനുള്ള അനുവാദം മാത്രമാണ് ആവശ്യപ്പെട്ടത്. എന്നാൽ മരത്തിന്റെ വ്യാസമോ വിലനിർണ്ണയമോ ആവശ്യപ്പെടാതിരുന്നത് വീഴ്ച തന്നെയാണ്. അതേസമയം വനം വകുപ്പ് അധികൃതർ ഇക്കാര്യങ്ങൾ അവരുടെ റിപ്പോർട്ടിൽ സൂചിപ്പിക്കുകയും ചെയ്തില്ല. ഏതായാലും ഒരു സാങ്കേതിക ഉദ്യോഗസ്ഥൻ എന്ന നിലയിൽ മുനിസിപ്പൽ എഞ്ചിനീയർ 9 ലക്ഷം രൂപ മതിപ്പുവില നിശ്ചയിച്ചിരിക്കുന്നത് സ്വീകരിക്കാവുന്നതാണ്. മത്സരസ്വഭാവം നൽകത്തക്കവണ്ണം ലേല പങ്കാളിത്തം ഉണ്ടായിരുന്നില്ല. എന്നാൽ ലേലത്തിന് സുതാര്യത ഉണ്ടായിരുന്നതായി പത്ര പരസ്യത്തിൽ നിന്നും ലേല ഡയറിയിൽ നിന്നും വ്യക്തമാണ്. എഞ്ചിനീയർ നിശ്ചയിച്ച വിലയുടെ 47 ശതമാനം തുകയാണ് ലേലത്തിൽ ലഭിച്ചിട്ടുള്ളത്. മതിപ്പു വിലയിൽ കുറഞ്ഞ ലേല തുകയ്ക്ക് ലേലം ഉറപ്പിക്കാൻ നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ച് ആർക്കാണ് അധികാരം എന്ന് വ്യക്തമല്ല. ഈ സാഹചര്യത്തിൽ ആയത് സർക്കാരിനാണ് എന്നുവേണം തീരുമാനിക്കാൻ. ഈ അംഗീകാരം വാങ്ങാതിരുന്നതാണ് നഗരസഭയുടെ ഭാഗത്തു നിന്നുള്ള വീഴ്ച എന്ന് കാണുന്നു. ആയത് പരിഹരിക്കുന്നതിന് നടപടികൾ കൈക്കൊള്ളാൻ നഗരസഭയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

55. തൊഴുക്കൽ ശ്മശാനത്തിൽ നിന്ന് ലേലം ചെയ്ത മരങ്ങളുടെ മൂല്യം നിശ്ചയിക്കേണ്ടത് ആരായിരുന്നുവെന്നും ഭരണവകുപ്പ് പ്രസ്തുത കേസ് പരിശോധിച്ചോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന് മരങ്ങളുടെ മൂല്യം നിർണ്ണയിക്കേണ്ടിയിരുന്നത് ഫോറസ്റ്റ് കൺസർവേറ്ററായിരുന്നുവെന്നും അത് ചെയ്തിട്ടില്ലെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. മരങ്ങൾക്ക് റവന്യൂ ഇൻസ്പെക്ടർ നിശ്ചയിച്ച വില 4,29,000 രൂപയും മുനിസിപ്പൽ എഞ്ചിനീയർ നിശ്ചയിച്ച വില 9,00,000 രൂപയുമായിരുന്നുവെന്നും എഞ്ചിനീയർ വാല്യൂ ചെയ്തതിന്റെ ഏതാണ്ട് 47 ശതമാനം മാത്രമേ മുനിസിപ്പാലിറ്റിക്ക് ലഭിച്ചിട്ടുള്ളു എന്നും അർബൻ അഫയേഴ്സ് ഡയറക്ടർ മറുപടി നൽകി.

56. മുനിസിപ്പൽ എഞ്ചിനീയർ 9 ലക്ഷം രൂപ വില നിശ്ചയിച്ച മരങ്ങൾക്ക് 4,29,000 രൂപയിൽ കൂടുതൽ വിലയില്ലെന്ന് റവന്യൂ ഇൻസ്പെക്ടറുടെ അഭിപ്രായം സംശയാസ്പദമാണെന്നാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നതെന്ന വസ്തുത സമിതി വകുപ്പുദ്യോഗസ്ഥൻമാരുടെ ശ്രദ്ധയിൽപ്പെടുത്തി. ഏതൊക്കെ മരങ്ങളാണ് മുറിച്ചതെന്നുള്ള സമിതിയുടെ ചോദ്യത്തിന് 6 ആഞ്ഞിലിയും 2 മാവ്, ഒരു പ്ലാവ് എന്നിവയുമാണ് മുറിച്ചത് എന്നും സെക്രട്ടറി അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

57. **ഭരണവകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മണൽ ലേലം—നഷ്ടപരിഹാരം നൽകിയത് സംബന്ധിച്ച്**

മണൽ വാരൽ സംബന്ധിച്ച കേസുകളിൽ നഗരസഭയ്ക്കുവേണ്ടി കോടതിയിൽ ബന്ധപ്പെട്ട രേഖകളും കരാറുകളും ഹാജരാക്കാത്തതിനാൽ കേസ് O.S. 275/94 കോടതി തള്ളിക്കളയുകയും O.S.37/95-ൽ 1,00,041 രൂപ പരാതിക്കാരന് നഗരസഭ നൽകാനും കോടതി വിധിച്ചു.

മുനിസിപ്പാലിറ്റിക്കെതിരെ ഇപ്രകാരം വിധി വന്നത് ബന്ധപ്പെട്ട ഫയലുകളും രേഖകളും ഹാജരാക്കാത്തതിനാലാണ്. ആയതിനാൽ ഇത് സംബന്ധിച്ച വിശദമായ വിജിലൻസ് അന്വേഷണം ആവശ്യമാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04 ഖണ്ഡിക 6.1.7)

58. തദ്ദേശസ്വയംഭരണ വകുപ്പ് 26-12-2007-ലെ 78024/എ.ബി1/07/എൽ.എസ്.ജി.ഡി. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"നെയ്യാറ്റിൻകര നഗരസഭ 15-6-1993 മുതൽ 31-3-1994 വരെ നെയ്യാറിന്റെ പാലക്കടവ് ഭാഗത്തെ മണൽ കോരുന്നതിന് ലേലം ചെയ്തതിൽ ശ്രീ. വി. മോഹനൻ എന്ന കക്ഷി ഏറ്റവും കൂടുതൽ തുകയായ 2,50,101 രൂപയ്ക്ക് ലേലം കൊണ്ടു. ടിയാൻ നിയമാനുസൃതം എഗ്രിമെന്റ് ഹാജരാക്കി ഒന്നാം ഗഡുവായി 1,25,050.50 രൂപ ഒടുക്കി 15-6-1993 മുതൽ മണൽ കോരിവരവെ 13-7-1993-ൽ മേൽ അധികൃതരുടെ ഉത്തരവനുസരിച്ച് മണൽ കോരൽ താൽക്കാലികമായി സ്റ്റേ ചെയ്തു. 15-7-1993 മുതൽ മണൽ കോരുന്നതിന് അനുമതി നൽകിയെങ്കിലും ടിയാൻ രണ്ടാം തവണ തുക ഒടുക്കാതെ എഗ്രിമെന്റ് വ്യവസ്ഥയിൽ നിന്നും പിന്മാറി. ആയതിനെതിരെ നഗരസഭ നോട്ടീസ് നൽകുകയും ടിയാൻ ബഹു. കോടതി മുമ്പാകെ ഒ.എസ്. 275/94 അനുസരിച്ച് കേസ് ഫയൽ ചെയ്യുകയും ചെയ്തു. 15-6-1993 മുതൽ 12-7-1993 വരെയുള്ള കാലയളവിൽ മാത്രമേ മണൽ കോരിയിട്ടുള്ളു എന്നും ഒടുക്കിയിട്ടുള്ള തുകയിലെ പ്രതിദിന തുക 761 രൂപ എന്ന കണക്കിലെ തുക കണക്കാക്കി ബാക്കി തുക തിരികെ നൽകണമെന്നതാണ് കേസ്. ടി കേസിൽ നഗരസഭ 1,00,041 രൂപ പലിശയടക്കം കക്ഷിക്ക് നൽകാൻ വിധിയുണ്ടായി. ടി വിധിക്കെതിരെ ബഹു. ഹൈക്കോടതി മുമ്പാകെ എ.എസ്. നമ്പർ 889/98 ആയി അപ്പീൽ ഫയൽ ചെയ്യുകയും ടി അപ്പീലിൽ സി.എം.പി. നമ്പർ 732/99 ഫയൽ ചെയ്ത് സ്റ്റേ അനുവദിച്ചിട്ടുണ്ട്. ടി കേസ് തുടർന്ന് വരുന്നു."

ഇതു സംബന്ധിച്ച് ഭരണവകുപ്പായ നഗരകാര്യ വകുപ്പ് താഴെപ്പറയും പ്രകാരം മറുപടി നൽകി:—

59. നഗരസഭയിലെ ആർ 5/1889/93 നമ്പർ ഫയൽ പരിശോധിച്ചു. നെയ്യാറ്റിൻകര സബ് കോടതിയിലെ ഒ.എസ്. 275/94 തീയതി 31-1-1998-ലെ വിധിന്യായത്തിൽ മണൽ വാരൽ സ്റ്റേ ചെയ്തിരുന്നത് വെയ്ക്കേറ്റ് ചെയ്തശേഷം ടി അറിയിപ്പും തുടർന്ന് മണൽ വരുന്നതിനുള്ള അനുവാദവും കരാറുകാരന് നഗരസഭ നൽകിയിരുന്നു എന്ന രേഖ

കോടതിയിൽ നഗരസഭ ഹാജരാക്കിയില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഈ സാഹചര്യത്തിൽ പിൽക്കാല കരാറുകാലം മുഴുവൻ കരാറുകാരന് പാട്ടം അനുഭവിക്കാൻ കഴിഞ്ഞില്ല എന്ന നിഗമനത്തിൽ കോടതി നഗരസഭയോട് നഷ്ടപരിഹാരം നൽകാൻ വിധിച്ചു. ഫയൽ പരിശോധിച്ചതിൽ ഈ നിഗമനത്തിന് പ്രസക്തി ഇല്ല എന്നു കണ്ടു. കരാർകാലം ആരംഭിക്കുന്ന 15-6-1993-ന് മുമ്പ് ലേലം നടത്തി ആദ്യ ഗഡുവായ കരാർ തുകയുടെ പകുതി 1,25,050.50 രൂപ കരാറുകാരൻ മുൻകൂർ അടച്ചു. അതിനുശേഷം മണൽ വാരുകയുണ്ടായി. 13-7-1993-ൽ മണൽ വരുന്നത് നിരോധിച്ചുകൊണ്ട് മുനിസിപ്പാലിറ്റി നോട്ടീസ് നൽകി. ആയത് നീക്കം ചെയ്ത് 15-7-1993-ൽ മണൽവാരൽ വീണ്ടും നഗരസഭ അനുവദിച്ചു. അതേ തുടർന്ന് കരാറുകാരൻ മണൽവാരി എന്നാണ് നഗരസഭയുടെ വാദം. ആയതിനാൽ ഒന്നാം ഗഡു അടച്ച തുകയിൽ ആനുപാതികമായി തിരികെ ലഭിക്കണമെന്നും ടിയാൻ കോടതിയിൽ വാദിച്ചു. ആയത് അനുവദിച്ചുകൊണ്ടാണ് കോടതി വിധി. എന്നാൽ വക്കീൽ ആവശ്യപ്പെട്ട ഫയലുകളെല്ലാം കോടതിയിൽ ഹാജരാക്കിയതായാണ് കാണുന്നത്. ഏതായാലും ഈ മേൽ വിധിക്കെതിരെ കരാറുകാരൻ ഹൈക്കോടതിയിൽ നിന്നും സ്റ്റേ സമ്പാദിച്ചിട്ടുണ്ട്. ആയതിനാൽ യാതൊരു നഷ്ടപരിഹാരവും കരാറുകാരന് നൽകിയിട്ടുമില്ല. കേസ് ഇപ്പോഴും തുടരുകയാണ്. കേസിന്റെ പൂർത്തീകരണത്തിനുശേഷം ആവശ്യമെങ്കിൽ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതാണ്.

60. മണൽ ലേലവുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് ഫയൽ ചെയ്യാൻ കാരണമെന്തൊണെന്ന സമിതിയുടെ ചോദ്യത്തിന് നെയ്യാറിൽ ഒരു പ്രത്യേക പ്രദേശത്തെ മണൽ 15-6-1993 മുതൽ 31-3-1994 വരെ 2,50,000 രൂപയ്ക്ക് ലേലം ചെയ്തുകൊടുത്തെന്നും അതിനുശേഷം മണൽ വാരൽ നിരോധിച്ചുകൊണ്ടുള്ള കളക്ടറുടെ ഉത്തരവിനെ തുടർന്ന് മണൽവാരൽ നിർത്തിവെയ്ക്കാൻ നഗരസഭ നോട്ടീസ് നൽകിയെന്നും പിന്നീട് ഈ നോട്ടീസ് പിൻവലിച്ചുവെന്നും സെക്രട്ടറി അറിയിച്ചു. നോട്ടീസ് പിൻവലിച്ചുകൊണ്ടുള്ള അറിയിപ്പ് ലഭിക്കാത്തതുമൂലം മണൽ വാരാൻ കഴിഞ്ഞില്ലെന്നും ആയതിനാൽ നഷ്ടപരിഹാരം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ടിയാൻ കേസ് നൽകുകയാണുണ്ടായത് എന്ന് സെക്രട്ടറി അറിയിച്ചു. മണൽ ലേലം ചെയ്തപ്പോൾ എഗ്രിമെന്റ് വച്ചില്ലേയെന്നും എഗ്രിമെന്റ് ഓഡിറ്റിന് ഹാജരാക്കിയോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന് 15-6-1993-ൽ എഗ്രിമെന്റ് വച്ചിട്ടുണ്ടെന്നും ആ ഫയൽ കേസ്സിന്റെ ആവശ്യത്തിന് വക്കീലിനെ ഏല്പിച്ചു എന്നും ഫയൽ അവിടെ നിന്ന് കാണാതായതിനാൽ കോടതിയിൽ വിശദമായ എല്ലാ കാര്യങ്ങളും ബോധിപ്പിക്കാൻ കഴിഞ്ഞില്ലെന്നും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

61. നിരോധനം വരുന്നതിനുമുമ്പ് കോൺട്രാക്ടർ പുഴയിൽ നിന്നും മണൽ വാരിക്കൊണ്ടുപോയോ എന്ന് സമിതി ആരാഞ്ഞതിന് മണൽ വാരിക്കൊണ്ടുപോയി എന്ന് സെക്രട്ടറി അറിയിച്ചു.

62. കോൺട്രാക്ടർ മണൽ വാരിക്കൊണ്ടുപോകുകയും കേസിനുവേണ്ടി 57,000 രൂപ ചെലവാക്കുകയും എന്നാൽ കേസ് തോൽക്കുകയും 1,00,041 രൂപ കോൺട്രാക്ടർക്ക് നഷ്ടപരിഹാരം നൽകാൻ കോടതി വിധിക്കുകയും ചെയ്ത സാഹചര്യത്തിൽ കീഴ്ക്കോടതിയിൽ ശരിയാംവണ്ണം കേസ് നടത്താതെ ഹൈക്കോടതിയിൽ പോയാലും നഗരസഭയ്ക്ക് ധനനഷ്ടം മാത്രമായിരിക്കും ഫലമെന്ന് സമിതി ചൂണ്ടിക്കാട്ടി.

63. ജയിക്കാൻ സാധ്യതയില്ലാത്ത ഒരു കേസ് നിലവിൽ ഉണ്ടെന്ന് പറഞ്ഞിട്ട് കാര്യമില്ലെന്നും സാധാരണ ഒറിജിനൽ രേഖകൾ വച്ചിട്ട് ഫോട്ടോ കോപ്പിയല്ലേ വക്കീലിന് നൽകേണ്ടിയിരുന്നത് എന്ന സമിതിയുടെ ചോദ്യത്തിന് ഒറിജിനൽ ഫയലാണ് ആവശ്യപ്പെട്ടത് എന്നും എഗ്രിമെന്റ് ഹാജരാക്കാത്തതുകൊണ്ട് മാത്രമല്ല കേസ് തള്ളിയതെന്നും മണൽവാരുന്നതിനുള്ള വിലക്ക് നീക്കിയതു സംബന്ധിച്ച വിവരം കോൺട്രാക്ടറെ അറിയിക്കുന്നതിൽ ഉണ്ടായ വീഴ്ചയാണ് ഒരു കാരണമായതെന്നും സെക്രട്ടറി ചൂണ്ടിക്കാട്ടി.

64. സബ്കോടതിയിൽ നഗരസഭയും കോൺട്രാക്ടറും കേസ് കൊടുത്തിരുന്നുവെന്നും രണ്ടിനുംകൂടി ഒറ്റവിധിയാണ് പുറപ്പെടുവിച്ചതെന്നും സബ്കോടതി വിധി ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടെന്നും സെക്രട്ടറി വ്യക്തമാക്കി.

65. ഫയൽ കാണാത്തത് സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തി ഉത്തരവാദികളായവരുടെ പേരിൽ നടപടി സ്വീകരിക്കണമെന്നും വക്കീലാണ് കുറ്റക്കാരനെങ്കിൽ അദ്ദേഹത്തിന്റെ പേരിൽ നടപടി സ്വീകരിക്കണമെന്നും സമിതി സെക്രട്ടറിയോട് നിർദ്ദേശിച്ചു.

66. ഇതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ (എ.ബി) വകുപ്പ് 15-5-2008-ലെ 28076/എ.ബി1/08/ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"ഇതുമായി ബന്ധപ്പെട്ട കേസ് ഇപ്പോൾ ഹൈക്കോടതിയിൽ നിൽക്കുന്നു. കേസ് നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വക്കീലിന് അറിയിപ്പ് നൽകി. ബന്ധപ്പെട്ട ഫയൽ നഷ്ടപ്പെടാൻ ഇടയായ സാഹചര്യത്തെ കുറിച്ച് അന്ന് കേസ് കൈകാര്യം ചെയ്ത വക്കീലിനോടും നഗരസഭാ ജീവനക്കാരോടും വിശദീകരണം ചോദിച്ചിട്ടുണ്ട്. ബന്ധപ്പെട്ട നഗരസഭാ ജീവനക്കാരന് മെമ്മോ നൽകിയിട്ടുണ്ട്. മെമ്മോയ്ക്ക് മറുപടി ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. വക്കീലിൽ നിന്നും യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ടിയാനെതിരെ നഷ്ടോത്തരവാദിത്വം ചുമത്തി നടപടികൾ സ്വീകരിക്കുന്നതാണ്."

67. നഗരകാര്യ ഡയറക്ടർ നടത്തിയ അന്വേഷണം സംബന്ധിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

"മണൽ ലേലം നടത്തിയ നടപടിക്രമങ്ങൾ ഉൾക്കൊള്ളുന്നതും കരാർ രേഖകൾ അടങ്ങുന്നതുമായ ഫയലാണ് ലഭ്യമല്ലാതായിരിക്കുന്നത്. നഗരസഭയിൽ നടത്തിയ അന്വേഷണത്തിൽ ഫയൽ വക്കീലിനു കൈമാറിയതായാണ് അറിയുന്നത്. എന്നാൽ കൈമാറിയതു സംബന്ധിച്ച രേഖകളൊന്നും ലഭ്യമായില്ല. ഫയൽ തിരികെ ഏൽപ്പിച്ചതായ യാതൊരു രേഖയും ലഭ്യമല്ല. സാധാരണ നിലയിൽ കേസുകൾ ഉണ്ടാകുമ്പോൾ ഫയലുകൾ വക്കീലിനു കൈമാറുന്ന രീതി ഉണ്ടെങ്കിലും അവ തിരികെ വരുന്നുണ്ടോയെന്നും അവശ്യസമയങ്ങളിൽ ലഭ്യമാക്കുന്നുണ്ടോയെന്നും പരിശോധിക്കേണ്ട ബാധ്യത നഗരസഭയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുണ്ട്. ഫയൽ ലഭ്യമാകാതെ വരുമ്പോൾ വക്കീലിൽ നിന്നും നിയമപരമായ മാർഗ്ഗങ്ങളുപയോഗിച്ച് വാങ്ങേണ്ട ബാധ്യതയും നഗരസഭയ്ക്കുണ്ട്. ഫയൽ നഗരസഭയുടെ ഉടമസ്ഥതതയിലും

കൈവശത്തിലും ഇരിക്കേണ്ട പ്രധാനപ്പെട്ട രേഖയാണ് എന്നതിനാൽ ഫയൽ ലഭ്യമാക്കാതിരുന്നത് ഗൗരവമായിത്തന്നെ കാണേണ്ടിയിരിക്കുന്നു. വക്കീലിനെതിരെ നിയമപരമായ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതുണ്ട്. അതോടൊപ്പം ഫയൽ കസ്റ്റോഡിയനായ സെക്ഷൻ ക്ലാർക്കും കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയിട്ടുണ്ട്. നഗരസഭയ്ക്കെതിരെ ഫയലുകൾ ലഭിക്കാതിരുന്ന കാരണത്താൽ കീഴ്ക്കോടതിയിലുണ്ടായ വിധിക്കെതിരെ ഹൈക്കോടതിയിൽ സമർപ്പിച്ചിരിക്കുന്ന അപ്പീലിൽ ഉണ്ടായ സ്റ്റേ കാരണത്താൽ കീഴ്ക്കോടതി വിധി നടപ്പായിട്ടില്ല. ഹൈക്കോടതി വിചാരണ സമയത്ത് ഫയലിന് പ്രസക്തി ഉണ്ടാകാവുന്നതാണ്. ആയതിനാൽ അടിയന്തിരമായി കീഴ്ക്കോടതിയിൽ കേസ് നടത്തിയ വക്കീൽവശം തന്നെയാണ് ഫയൽ ഉള്ളതെങ്കിൽ നിയമപരവും അല്ലാതെയുമുള്ള മാർഗ്ഗങ്ങളിലൂടെ ഫയൽ ലഭ്യമാക്കുന്നതിനുള്ള എല്ലാ വഴികളും തേടേണ്ടതാണ്. ആയതിനുള്ള നിർദ്ദേശം നഗരസഭയ്ക്ക് ഈ ആഫീസിൽ നിന്നും എഫ്2-657/02/2-2-2007 നമ്പരായി നിർദ്ദേശം നൽകിയിട്ടുണ്ട്."

**നിഗമനങ്ങൾ/ശുപാർശകൾ**

68. **മണൽ ലേലം സംബന്ധിച്ച നടപടിക്രമങ്ങളും കരാറും അടങ്ങുന്ന ഫയൽ കോടതി മുൻപാകെ ഹാജരാക്കുന്നതിൽ മുനിസിപ്പാലിറ്റിയുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചതായും അക്കാരണത്താൽ നഗരസഭയ്ക്കെതിരെ കീഴ്ക്കോടതിയിൽ വിധി വരുകയും കരാറുകാരന് നഷ്ടപരിഹാരമായി ഒരു ലക്ഷത്തിൽപ്പരം രൂപ നൽകുവാൻ വിധിയാവുകയും ചെയ്തതായും സമിതി മനസ്സിലാക്കുന്നു. ഇതു നഗരസഭയുടെ കേസ് നടത്തുവാൻ ചുമതലപ്പെടുത്തിയിരുന്ന വക്കീലിന്റെ വീഴ്ചയായി കണക്കാക്കേണ്ടതാണ്. ആയതിനാൽ കീഴ്ക്കോടതിയിൽ കേസ് നടത്തിയ വക്കീലിനെതിരെ, നഗരസഭയുടെ ഭാഗം കൃത്യമായി കോടതിയിൽ അവതരിപ്പിക്കുവാൻ വീഴ്ച വരുത്തിയതിന് ഉത്തരവാദിത്വം ചുമത്തുകയും ടിയാനെതിരെ ബാർ കൗൺസിലിൽ പരാതി സമർപ്പിക്കുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. രേഖകളുടെ ഫോട്ടോസ്റ്റാറ്റ് വക്കീലിന് കൈമാറുന്നതിനുപകരം ഒറിജിനൽ ഫയൽ തന്നെ കൈമാറിയതും ഫയൽ കൈമാറിയതു സംബന്ധിച്ചു രേഖകളൊന്നും മുനിസിപ്പാലിറ്റിയിൽ സൂക്ഷിക്കുകയോ ഫയൽ തിരികെ വാങ്ങുകയോ ചെയ്യാത്തതും നഗരസഭാ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമില്ലായ്മയാണെന്ന് സമിതി മനസ്സിലാക്കുന്നു. ഫയലിന്റെ മൂവ്മെന്റ് സംബന്ധിച്ച് സൂക്ഷ്മത പുലർത്തേണ്ടിയിരുന്ന ഫയൽ കസ്റ്റോഡിയനായിരുന്ന ബന്ധപ്പെട്ട ക്ലാർക്കിനെതിരെ വകുപ്പുതല നടപടി സ്വീകരിച്ച് വിവരം സമിതിയെ അറിയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

69. **മണൽവാരുന്നതിനുള്ള വിലക്ക് നീക്കിയതു സംബന്ധിച്ച വിവരം കോൺട്രാക്ടറെ അറിയിക്കുന്നതിൽ മുനിസിപ്പാലിറ്റിയുടെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായതായി സമിതി മനസ്സിലാക്കുന്നു. കോടതിയിൽ കേസ് തോൽക്കുന്നതിൽ ഇതും ഒരു പ്രധാന ഘടകമായിരുന്നതിനാൽ ഇതിനുത്തരവാദിയായ അന്നത്തെ മുനിസിപ്പൽ സെക്രട്ടറിക്കെതിരെയും ടി വിഷയം സംബന്ധിച്ച ഫയൽ കൈകാര്യം ചെയ്തിരുന്ന നഗരസഭാ ഉദ്യോഗസ്ഥനെതിരെയും വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ്**

മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ കാലദൈർഘ്യം പല പ്രാവശ്യം നീട്ടിക്കൊടുത്തിട്ടും അവസാന തീയതിയായ 22-8-1998 കഴിഞ്ഞ് 31-4-1999 വരെയും പണി പൂർത്തിയാക്കിയിട്ടില്ല. ഇപ്രകാരം താമസം നേരിട്ടതിനാൽ മുനിസിപ്പാലിറ്റിക്ക് കെട്ടിടം വാടകയ്ക്ക് കൊടുക്കുവാനോ തൻമൂലം കോംപ്ലക്സിന് വേണ്ടി എടുത്ത വായ്പ സമയത്ത് തിരിച്ചടവ് നടത്തുവാനോ കഴിഞ്ഞില്ല. എന്നാൽ കരാർ തീയതിക്കുള്ളിൽ പണി പൂർത്തിയാകാത്ത കരാർകാരനെതിരെ നടപടി സ്വീകരിക്കാതിരുന്ന നഗരസഭയുടെ നടപടി ദുരൂഹമാണ്. ആയതിനാൽ ഇത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം ആവശ്യമാണ്.

(സമാഹൃത റിപ്പോർട്ട് 2003-04 ഓഡിറ്റ് ഖണ്ഡിക നമ്പർ 6.1.8)

70. തദ്ദേശസ്വയംഭരണ വകുപ്പ് 26-12-2007-ലെ 78024/AB1/07/LSGD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"അക്ഷയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം എടുത്തിരുന്ന കരാറുകാരനായ ശ്രീ. അനിരുദ്ധന്റെ കരാർ 21-7-1999-ലെ പി/1572/90 നമ്പർ നോട്ടീസ് അനുസരിച്ച് നിർമ്മാണ പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ കരാർ റദ്ദ് ചെയ്തു. ഇതിനെതിരെ ശ്രീ. അനിരുദ്ധൻ ബഹു. ഹൈക്കോടതി മുൻപാകെ കേസ് ഫയൽ ചെയ്യുകയും (ഒ.പി. 26363/99) 7-12-1999-ലെ വിധി പ്രകാരം 31-8-2000 വരെ പണി പൂർത്തീകരിക്കാൻ സമയം അനുവദിച്ചു. കരാറുകാരൻ 18-12-1999-ൽ 6 മാസം കൊണ്ട് പണി പൂർത്തിയാക്കാൻ പ്രോഗ്രാം ചാർട്ട് സമർപ്പിച്ചു. 2000 ജൂലൈ മാസം അക്ഷയ കോംപ്ലക്സ് ഉദ്ഘാടനം നടത്തി.

**ഭരണവകുപ്പിന്റെ നടപടി**

71. മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന്റെ ഒരു ഘട്ടത്തിൽ കരാറുകാരൻ കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. കേസ് തീർപ്പാക്കിയശേഷം വീണ്ടും പണി തുടരുകയാണ് ഉണ്ടായത്. നഗരസഭയുടെ സാമ്പത്തിക സ്ഥിതി കരാറുകാരന്റെ ബില്ലുകൾ കൃത്യമായി നീക്കുന്നതിന് തടസ്സമായി വന്നിട്ടുണ്ടായിരുന്നു. പ്രധാനമായും നിശ്ചിത സമയത്തിനുള്ളിൽ പണി പൂർത്തീകരിക്കുന്നതിന് ഇതൊരു തടസ്സമായി വന്നിട്ടുണ്ട് എന്ന് കാണുന്നു. സാമ്പത്തിക ഭദ്രത കുറഞ്ഞ ഒരു നഗരസഭ അതിന്റെ സാമ്പത്തിക ഭദ്രത വർദ്ധിപ്പിക്കുന്നതിന് പ്രത്യുൽപ്പാദനപരമായ ഒരു പദ്ധതി നടപ്പിലാക്കാൻ ശ്രമിച്ചതാണ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം. ടി സമയത്ത് സാമ്പത്തിക ഭദ്രത കുറവുമൂലം ലോൺ എടുത്താണ് പദ്ധതി പൂർത്തീകരിക്കാൻ ശ്രമിച്ചതും. ലോൺ തുകയിൽ ഒതുങ്ങാതെ ചെലവ് വന്നതും പണം കണ്ടെത്താൻ കഴിയാതെ വന്നതും കാലതാമസത്തിനുള്ള സ്വാഭാവികമായ കാരണങ്ങളാണ്. നിർമ്മാണ സമയത്ത് തന്നെ കേസുകൾ ഉണ്ടായിരുന്ന ഈ പദ്ധതി നിശ്ചിത സമയത്തിനകം പണി പൂർത്തീകരിക്കാത്തതിന്റെ പേരിൽ കരാറുകാരനെതിരെ നടപടി സ്വീകരിക്കുന്നത് ഏത് കാലത്തിൽ പദ്ധതി പൂർത്തീകരണം എത്തിക്കും എന്നത് മുൻകൂട്ടി പറയാൻ കഴിയില്ല. ഏതായാലും നഗരസഭ പണി പൂർത്തീകരിക്കുകയും ഈ

ഷോപ്പിംഗ് കോംപ്ലക്സ് ഇപ്പോൾ നഗരസഭയുടെ ഒരു പ്രധാന വരുമാനസ്രോതസ്സായി മാറുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഒരു വിജിലൻസ് അന്വേഷണത്തിന് പ്രസക്തി കാണുന്നില്ല എന്ന് ബോധിപ്പിക്കുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

72. **ഷോപ്പിംഗ് കോംപ്ലക്സിന്റെ പണി പൂർത്തിയായ സാഹചര്യത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.**

## ആലപ്പുഴ ജില്ല

### ചേർത്തല മുനിസിപ്പാലിറ്റി

ഓഡിറ്റ് ഖണ്ഡിക

**ഇരുവേലിത്തോട് കണ്ണുകടവ് റോഡ് നിർമ്മാണം—പാഴ്ച്ചെലവ്**

1,60,000 രൂപ അടങ്കലിൽ 1997-98 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്നുമീറ്റർ സ്പാനിൽ കലുങ്കും അപ്രോച്ച്റോഡും നിർമ്മിക്കുകയെന്നതായിരുന്നു പദ്ധതി. 37,715 രൂപ ചെലവിൽ അപ്രോച്ച് റോഡിന്റെ പണി ചെയ്ത് തീർത്തതായി കാണുന്നു. അതിനുശേഷം മറ്റൊരു പണിയും ചെയ്തിട്ടില്ല. കൺവീനർക്ക് 69,965 രൂപ നൽകിയിട്ടുണ്ട്. കൺവീനറുടെ പക്കലുള്ള ബാക്കി തുകയായ 32,250 രൂപ നാളിതുവരെയായിട്ടും തിരികെ ഈടാക്കിയിട്ടില്ല. കലുങ്കില്ലാതെ അപ്രോച്ച് റോഡ് ഉപയോഗശൂന്യമാണ്. ഈ സാഹചര്യത്തിൽ കൺവീനർക്ക് നൽകിയ 69,965 രൂപ വെറും പാഴ്ചെലവുമാത്രമാണ്. അതിനാൽ പ്രസ്തുത തുക നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

[സമാഹൃത റിപ്പോർട്ട് 2002-03 ഓഡിറ്റ് ഖണ്ഡിക നമ്പർ II.6.(1)]

73. തദ്ദേശസ്വയംഭരണ വകുപ്പ് 26-12-2007-ലെ 78024/AB1/07/LSGD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"ചേർത്തല നഗരസഭയുടെ 1997-98 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഇരുവേലിത്തോട് കണ്ണുകടവ് റോഡ് നിർമ്മാണം ശ്രീ. ജോസഫ് ജോസഫ് കൺവീനറായുള്ള ഗുണഭോക്തൃസമിതിയാണ് ഏറ്റെടുത്തു നടത്തിയത്. 1,60,000 രൂപ അടങ്കലിൽ കലുങ്കും approach road-ഉം നിർമ്മിക്കുന്നതിനുവേണ്ടി കൺവീനർക്ക് നൽകിയ 69,965 രൂപ പാഴ്ചെലവ് ആണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ആയതിനാൽ ടി തുക തിരിച്ചുപിടിക്കണമെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്.

ഇരുവേലിത്തോട് കണ്ണുകടവു റോഡുനിർമ്മാണം ജനകീയാസൂത്രണ പദ്ധതിയുടെ ആരംഭ സമയത്തെ വേലയാണ്. പദ്ധതി നടത്തിപ്പിനെപ്പറ്റിയുള്ള വിശദാംശങ്ങളും നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും മനസ്സിലാക്കിവരുന്ന കാലഘട്ടത്തിലാണ് ഈ പണി ഗുണഭോക്തൃ സമിതി ഏറ്റെടുത്തു നടത്തുന്നത്. ഗുണഭോക്തൃ സമിതി എഗ്രിമെന്റ് വച്ച് വേല തുടങ്ങുന്ന സമയത്ത് ജനങ്ങൾ നേരിട്ട് നടത്തുന്ന

പദ്ധതിയെന്ന നിലയിൽ കർക്കശമായ വ്യവസ്ഥകൾ നിഷ്ക്കർഷിച്ചിരുന്നില്ല. ആയതിനാലാണ് നഗരസഭ അംഗീകരിച്ച വേലയെന്ന നിലയിലും ജനകീയ സമിതി കൺവീനർ എഗ്രിമെന്റ് വെച്ച മൊബിലൈസേഷൻ അഡ്വാൻസ് വാങ്ങി പണി ആരംഭിച്ച സാഹചര്യ ത്തിലും അപ്പൻഡിക്സ്-ബി.യിലുള്ള വേലയായ എർത്ത് വർക്കും റോഡ് ഫോർമേഷനും ആദ്യം ചെയ്തത്. ജനകീയ സമിതി നേരിട്ട് ചെയ്യുന്ന വേല എന്ന നിലയിലും തുടക്കമെന്ന നിലയിലും ജനകീയ സമിതി ചെയ്ത വേല അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. റോഡ് ഫോർമേഷനുശേഷം തുടർവേലകൾ ചെയ്തുകൊള്ളാമെന്ന് കൺവീനർ പറഞ്ഞത് മുഖവിലയ്ക്കെടുക്കാതിരിക്കാൻ അന്നത്തെ സാഹചര്യത്തിൽ സാധിക്കുമായിരുന്നില്ല. മാത്രവുമല്ല ജനങ്ങൾ നേരിട്ട് ചെയ്യുന്ന വേല എന്ന നിലയിലും ജനപങ്കാളിത്തത്തോടെയുള്ള വേലയെന്ന നിലയിലും പ്രദേശവാസികളുടെ താല്പര്യ സംരക്ഷണാർത്ഥം ചെയ്ത വേല അംഗീകരിച്ച് അനുവദിക്കുകയാണ് ഉണ്ടായിട്ടുള്ളത്. മാത്രവുമല്ല മൊബിലൈസേഷൻ അഡ്വാൻസ് (36,250 രൂപ) കൈപ്പറ്റിയ തുകയിൽ നിന്നും 10 ശതാനം വീതം കിഴിവ് ചെയ്ത് ബിൽ തുക നൽകാമെന്ന് പറഞ്ഞിരുന്ന ഉത്തരവ് പ്രകാരം പാർട്ട് ബിൽ തുക സമർപ്പിച്ചപ്പോൾ ഈ നിബന്ധന പാലിച്ചാണ് ബിൽ തുക രണ്ടാമതും അനുവദിച്ചു നൽകിയത്. എന്നാൽ കൺവീനർ തുടർന്ന് പണികൾ നടത്തുകയില്ല എന്ന് സംശയിക്കാൻ യാതൊരുവിധ സാഹചര്യവും ഉടലെടുത്തിരുന്നില്ല. ആയതിനാലാണ് പാർട്ട് ബിൽ സമർപ്പിച്ചപ്പോൾ അഡ്വാൻസ് തുകയുടെ 10 ശതമാനം കിഴിവ് ചെയ്ത ബാക്കി തുക (37,715-4,000 = 33,715) അനുവദിച്ച് നൽകിയത്. പദ്ധതി നിർവ്വഹണത്തിന്റെ അനുവദനീയമായ രീതിയിലാണ് മൊബിലൈസേഷൻ അഡ്വാൻസും പാർട്ട് ബില്ലും നൽകിയത്. ആയതിനാൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് യാതൊരു ക്രമക്കേടുമില്ല എന്ന് ബോധിപ്പിക്കുന്നു.

കൺവീനർ തുടർപണികൾ ചെയ്യാതിരിക്കുകയും മൊബിലൈസേഷൻ അഡ്വാൻസ് ആയ (36,250) രൂപ കൈവശം സൂക്ഷിക്കുകയും ചെയ്ത സാഹചര്യത്തിൽ ബന്ധപ്പെട്ട കൺവീനർ കണക്കുകൾ ഹാജരാക്കണമെന്നും വീഴ്ചവരുത്തുന്നപക്ഷം എഗ്രിമെന്റിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃതമായ മേൽനടപടികൾ സ്വീകരിക്കു മെന്ന് കാണിച്ച് നോട്ടീസ് നൽകിയിരുന്നു. എന്നാൽ പല പ്രാവശ്യം നോട്ടീസ് നൽകിയിട്ടും ടിയാൻ ആയതുപ്രകാരം പ്രവർത്തിച്ചിട്ടില്ലാത്തതിനാൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്നപ്രകാരം 32,250 രൂപ 6/98 മുതൽ 18 ശതമാനം നിരക്കിലും 37,715 രൂപ 12/98 മുതൽ 18 ശതമാനം നിരക്കിലും കൺവീനറിൽ നിന്നും റവന്യൂ റിക്കവറി പ്രകാരം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കളക്ടർക്ക് കത്ത് എഴുതിയിട്ടുണ്ട്.

കലുങ്കു നിർമ്മാണം നടന്നില്ല എന്നതുകൊണ്ട് അപ്രോച്ച് റോഡ് പണി നടന്നത് ഉപയോഗശൂന്യമായിട്ടില്ല എന്ന് സമിതി മുൻപാകെ ബോധിപ്പിക്കുന്നു. ഇത് സാധൂകരിക്കുന്ന സാങ്കേതിക റിപ്പോർട്ട് മുനിസിപ്പൽ എഞ്ചിനീയർ സ്ഥലപരിശോധന നടത്തി തയ്യാറാക്കിയിട്ടുണ്ട്. മേൽപ്പടി വേലകളുടെ അപ്പൻഡിക്സ്-എയിൽ കൾവർട്ടും അപ്പൻഡിക്സ്-ബിയിൽ റോഡ് ഫോർമേഷനും ആയിരുന്നു. ഈ വേലയിൽ കലുങ്കിന്റെ പണി പൂർത്തികരിക്കാതെ റോഡ് ഫോർമേഷൻ ഗുണഭോക്തൃ സമിതി ചെയ്തതു സംബന്ധിച്ച് മുനിസിപ്പൽ എഞ്ചിനീയർ സ്ഥലത്തുപോയി പരിശോധന നടത്തി. അപ്പൻഡിക്സ്-എയിൽ ഉള്ള കലുങ്കു ചെയ്യണമെന്നുണ്ടെങ്കിൽ ആദ്യമേതന്നെ

റോഡ് ഫോർമേഷൻ പൂർത്തീകരിക്കേണ്ടത് ആവശ്യമായിരുന്നു. എന്തുകൊണ്ടെന്നാൽ റോഡിന്റെ അവസാന ഭാഗത്താണ് കലുങ്കു പണിയുന്നതിന് നിർദ്ദേശിച്ചിരുന്നത്. നിലവിൽ ഈ റോഡ് ധാരാളം കോളേജ് വിദ്യാർത്ഥികളും സ്കൂൾ കുട്ടികളും പരിസരവാസികളും ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ റോഡിന്റെ അവസാനഭാഗത്ത് നഗരസഭാ വക അംഗനവാടിയും നിർമ്മിച്ചിട്ടുണ്ട്. ഈ റോഡ് ഭാഗികമായിട്ടാണ് ചെയ്തിട്ടുളളതെങ്കിലും ആയത് ഉപയോഗയോഗ്യമായ അവസ്ഥയിലാണ് എന്ന് മുനിസിപ്പൽ എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ ചെലവു ചെയ്ത 69,965 രൂപയിൽ ചെലവു തിട്ടപ്പെടുത്തിയ 37,715 രൂപ കഴിച്ച് ബാക്കി തുക 32,250 രൂപ മാത്രമേ തിരികെ ഈടാക്കുവാനുള്ളൂ എന്ന് ബോധിപ്പിക്കുന്നു. ആയതും കൂടി പരിഗണിച്ച് തീരുമാനമുണ്ടാകണമെന്ന് അപേക്ഷിക്കുന്നു."

74. 26-2-2002-ൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടിൽ നാളിതുവരെയും ആദ്യ മറുപടിപോലും ലഭ്യമാക്കാതിരുന്നതെന്തുകൊണ്ടാണെന്ന സമിതിയുടെ ചോദ്യത്തിന് ഓഡിറ്റ് റിപ്പോർട്ട് തന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്ന് ചേർത്തല മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു. ഓഡിറ്റ് സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് എന്തു സംവിധാനമാണ് മുനിസിപ്പാലിറ്റിയിലുള്ളതെന്നും സമിതി ആരാഞ്ഞതിന് എല്ലാ സെക്ഷൻ ഹെഡും ക്ലാർക്കുമാരും സെക്രട്ടറിയുമടങ്ങുന്ന ഒരു ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയാണ് ഓഡിറ്റ് സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതെന്നും ചേർത്തല മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

75. ഇരുവേലിത്തോട് കണ്ണുകടവ് റോഡ് നിർമ്മാണപദ്ധതിയിൽ റോഡുമാത്രം നിർമ്മിക്കുകയും കലുങ്ക് നിർമ്മിക്കാതിരിക്കുകയും ചെയ്തതുമൂലം ചെയ്ത പ്രവൃത്തി പാഴ്‌വേലയല്ലേ എന്ന സമിതിയുടെ ചോദ്യത്തിന് കലുങ്കിനുപകരം താൽക്കാലിക സംവിധാനമായി തെങ്ങിൻതടി ഇട്ട് റോഡ് ഉപയോഗപ്പെടുത്തുന്നുണ്ട് എന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. ഈ പ്രവൃത്തിയുടെ കൺവീനർ ശ്രീ. ജോസഫ് ജോസഫ് എന്ന വ്യക്തിയായിരുന്നുവെന്നും റോഡിന്റെ പണി പൂർത്തീകരിച്ച് ടിയാൻ 37,715 രൂപയുടെ ബില്ല് സമർപ്പിച്ചതിൽ നിന്ന് മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ 32,250 രൂപയുടെ 10% അതായത് 4,000 രൂപ കഴിച്ച് ബാക്കി 33,715 രൂപ ടിയാനു നൽകുകയുണ്ടായി എന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. ഓഡിറ്റ് പരാമർശം നിലനിൽക്കുന്നതിനാൽ 18-12-2007-ൽ റവന്യൂ റിക്കവറി നടത്തി പണം മുനിസിപ്പാലിറ്റിക്ക് ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ച് ജില്ലാ കളക്ടർക്കു കത്ത് നൽകിയിട്ടുണ്ട് എന്ന് സെക്രട്ടറി തുടർന്നറിയിച്ചു. പല പ്രാവശ്യം കൺവീനറോട് മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ തുക തിരികെ അടയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടും ടിയാൻ പ്രതികരിക്കുകയുണ്ടായില്ല എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

76. തോടിനോട് ചേർന്നുള്ള റോഡാകയാൽ മണ്ണിട്ടു റോഡു ഉയർത്തുന്ന വേളയിൽ തോട്ടിലേക്ക് മണ്ണ് വീണ് തോട് ഉപയോഗയോഗ്യമല്ലാതായതിനാൽ റോഡിന്റെ പാർശ്വത്തിൽ തെങ്ങുംകുറ്റി വച്ച് താങ്ങു നൽകിയാണ് റോഡ് പണിതതെന്നും ആയതിനാൽ എസ്റ്റിമേറ്റിലുള്ളതിനേക്കാൾ കൂടുതൽ പണി ചെയ്യുകയുണ്ടായെന്നും ഇതുമൂലം കൂടുതൽ തുക ചെലവായിട്ടുണ്ടെന്നും ഇപ്പോൾ തുക മുഴുവനും തിരികെ അടയ്ക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് ലഭിക്കുകയുണ്ടായെന്നും താൻ ഒരു

പാവപ്പെട്ട വ്യക്തിയാണെന്നും അറിയിച്ചുകൊണ്ട് കൺവീനറായ ശ്രീ. ജോസഫ് ജോസഫ് സമിതിക്ക് പരാതി സമർപ്പിച്ചിരിക്കുന്നതായി സമിതിയിൽ പരാമർശിക്കപ്പെടുക യുണ്ടായി. എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്നതിനേക്കാൾ കൂടുതൽ ജോലി കൺവീനർ ചെയ്തപ്പോൾ പണിയുടെ മേൽനോട്ടം വഹിച്ചിരുന്ന ഓവർസീയർ ഇതു ക്രമവിരുദ്ധമാ ണെന്നും ഇപ്രകാരം പണിചെയ്യാൻ പാടില്ല എന്നും കൺവീനറെ അറിയിക്കുകയോ, കൺവീനർ ചെയ്ത പണി സംബന്ധിച്ച് മേലുദ്യോഗസ്ഥർക്കു റിപ്പോർട്ട് ചെയ്യുകയോ ഉണ്ടായോ എന്നും എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്നതിനേക്കാൾ കൂടുതൽ താങ്ങായി ചെറ ഉറപ്പിച്ചാലേ റോഡുപണി ബലവത്താവുകയുള്ളൂ എന്ന വസ്തുത കണക്കിലെടുത്ത് എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ ബന്ധപ്പെട്ട ഓവർസീയറോ എഞ്ചിനീയറോ നടപടി സ്വീകരിച്ചിരുന്നോ എന്നും സമിതി ആരാഞ്ഞു. എസ്റ്റിമേറ്റ് റിവൈസ് ചെയ്യണ മെന്നാവശ്യപ്പെട്ട് അപേക്ഷ ലഭിച്ചതായി കാണുന്നില്ല എന്നും എസ്റ്റിമേറ്റ് പ്രകാരം ചെയ്ത പണികൾക്കാണ് ബില്ല് സമർപ്പിച്ചതെന്നും അളവെടുത്താണ് പണം നൽകിയ തെന്നും സമിതിയിൽ വ്യക്തമാക്കി.

77. ഒരു മരാമത്തു പണി ചെയ്തുകഴിഞ്ഞാൽ അതിന്റെ ഫൈനൽ ബിൽ സമർപ്പിച്ചാൽ മാത്രമേ അതു സംബന്ധിച്ച കണക്കുകൾ തീർപ്പാക്കാൻ സാധിക്കുക യുള്ളൂവെന്നും ഓവർസീയറായിരുന്നു ഇക്കാര്യത്തിൽ നിർദ്ദേശം സമർപ്പിക്കേണ്ടി യിരുന്നതെന്നും ഓഡിറ്റ് ഡയറക്ടർ ചൂണ്ടിക്കാട്ടി.

**നിഗമനങ്ങൾ/ശുപാർശകൾ**

**78. 2002-ലെ ഓഡിറ്റ് പരാമർശത്തിന് 5 വർഷങ്ങൾക്കുശേഷവും യാതൊരു മറുപടിയും നൽകാത്തത് നഗരസഭ അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതര മായ കൃത്യവിലോപമാണെന്ന് സമിതി വിലയിരുത്തുന്നു.**

**79. റോഡ് പണി ആരംഭിക്കുന്നതിന് മുമ്പ് സ്ഥലം പരിശോധിച്ച് ശരിയായ രീതിയിൽ പദ്ധതി തയ്യാറാക്കാത്തതിനാലാണ് ഇപ്രകാരമൊരു പ്രശ്നം ഉണ്ടായതെന്നും ഇക്കാര്യത്തിൽ മുനിസിപ്പൽ സെക്രട്ടറി, എഞ്ചിനീയർ, ഓവർസീയർ, കൺവീനർ എന്നിവർക്ക് ഉത്തരവാദിത്വമുള്ളതായും സമിതി വിലയിരുത്തുന്നു. അപ്രോച്ച് റോഡ് ഉപയോഗിക്കുന്നു എന്ന വസ്തുത കണക്കിലെടുത്ത് കൺവീനർ ചെയ്ത പണിക്ക് തുല്യമായ തുക കണക്കാക്കി ആയത് കിഴിച്ച് കൺവീനറുടെ കയ്യിൽ ബാക്കി നിൽക്കുന്ന തുക ടിയാനിൽ നിന്നും ഈടാക്കുകയോ അതിനു സാധ്യമാകുന്നില്ലെങ്കിൽ ഉത്തരവാദികളായ മുൻ സെക്രട്ടറി, എഞ്ചിനീയർ, ഓവർസീയർ എന്നിവരിൽനിന്നും തുല്യമായി ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കി സമിതിക്ക് റിപ്പോർട്ട് നൽകുകയോ വേണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## മാവേലിക്കര മുനിസിപ്പാലിറ്റി

ഓഡിറ്റ് ഖണ്ഡിക

**1997-1998 മുതൽ 2000-2001 വരെ നടന്ന പൊതുലേലത്തിലെ അപാകതകൾ ഖ: 15(എ), 15(ബി), 15(സി), 15(ഡി)**

1997-1998 മുതൽ 2000-2001 വരെ നടന്ന പൊതുലേലം സംബന്ധിച്ച രേഖകൾ പരിശാധിച്ചതിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നതായും നഗരസഭയ്ക്ക്

ഭീമമായ നഷ്ടം സംഭവിച്ചതായും കണ്ടെത്തി. നിശ്ചിത തുകയ്ക്കുള്ള സോൾവൻസി ഹാജരാക്കുന്നവർക്കു മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ എന്ന നിബന്ധനയുണ്ടായിരുന്നിട്ടും സോൾവൻസി ഹാജരാക്കാത്തവരെയാണ് ലേലത്തിൽ പങ്കെടുപ്പിച്ചിരിക്കുന്നത്. മതിയായ സോൾവൻസിയും കരാറും ഇല്ലാത്തതിനാൽ പല വ്യക്തികളും വൻ കുടിശ്ശിക വരുത്തിയതായും ഇതിൽ നിയമ നടപടികൾ സ്വീകരിക്കാൻ കഴിയാതെ നഗരസഭയ്ക്ക് ഭീമമായ തുക നഷ്ടം വന്നിട്ടുള്ളതായും കാണുന്നു. ലേലത്തുക അടയ്ക്കുന്നതിനുള്ള പരിധി കഴിഞ്ഞിട്ടും കുത്തക അവകാശം റദ്ദുചെയ്ത് പുനർലേലം നടത്താതിരിക്കുക, വൻതുക കുടിശ്ശിക വരുത്തിയ വ്യക്തികൾക്ക് വീണ്ടും കുത്തകാവകാശം നൽകുക തുടങ്ങിയ ഗുരുതരമായ ക്രമക്കേടുകളും നടന്നിട്ടുണ്ട്. ലേല രജിസ്റ്ററുകളുടെയും, അനുബന്ധ രജിസ്റ്ററുകളുടെയും പരിശോധനയിൽ 1997-1998 മുതൽ 2000-2001 വരെ താഴെ വിവരിക്കുംപ്രകാരം 5,02,627 രൂപ (പലിശ ഉൾപ്പെടുത്തിയിട്ടില്ല) ലേലം കൊണ്ടവരിൽനിന്നും പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു :

| | | |
|---|---|---|
| 1997-1998 | .. | 1,34,049 |
| 1998-1999 | .. | 49,961 |
| 1999-2000 | .. | 2,24,950 |
| 2000-2001 | .. | 93,667 |
| ആകെ | .. | 5,02,627 |

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03. ഖണ്ഡിക നമ്പർ II.14(1)]

80. തദ്ദേശസ്വയംഭരണ വകുപ്പ് 26-12-2007-ലെ 78024/AB1/07/LSGD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"(1) നഗരസഭയ്ക്കുണ്ടായിട്ടുള്ള നഷ്ടം ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കുന്നതിന് 13-9-2004-ലും 21-10-2004-ലും 4-2-2006-ലും 25-10-2007-ലും കത്തുകളയച്ച് നടപടി തുടർന്ന് സ്വീകരിച്ചുവരുന്നു.

(2) തുക ഒടുക്കുന്നതിന് സാധ്യതയുള്ളവരും സർവ്വീസിൽനിന്ന് റിട്ടയർ ചെയ്തിട്ടുള്ളവരുമായ പത്ത് പേരിൽ മാവേലിക്കര നഗരസഭയിൽ നിന്നും റിട്ടയർ ചെയ്തിട്ടുള്ള നാലുപേരുടെ പെൻഷൻ ആനുകൂല്യത്തിൽ നിന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(3) മാവേലിക്കര നഗരസഭയിൽ നിന്ന് റിട്ടയർ ചെയ്ത ശ്രീ. ബോബാസിന്റെ ബാധ്യതയായി തിട്ടപ്പെടുത്തിയ തുകയായ 89,643 രൂപ ടിയാന്റെ പെൻഷൻ ആനുകൂല്യത്തിൽ നിന്ന് തടഞ്ഞ് വച്ചിട്ടുള്ളതാണ്.

(4) ഈ നഗരസഭയിൽ നിന്ന് സൂപ്രണ്ടായി റിട്ടയർ ചെയ്ത ശ്രീമതി സതിയമ്മയുടെ പേരിലുള്ള 11,708 രൂപ ബാധ്യത കണക്കാക്കി പെൻഷൻ ആനുകൂല്യത്തിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ടിയാൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ നാളിതുവരെ വിതരണം ചെയ്തിട്ടില്ലാത്തതാണ്.

(5) വിവിധ നഗരസഭകളിൽ നിന്ന് റിട്ടയർ ചെയ്ത അഞ്ച് പേരുടെ പെൻഷൻ ആനുകൂല്യത്തിൽ നിന്ന് തുക ഈടാക്കി അയച്ചുതരുന്നതിന് അതത് മുനിസിപ്പൽ സെക്രട്ടറിമാരോട് 25-10-2007-ൽ രജിസ്റ്റേഡ് കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുള്ളതാണ്.

(6) റവന്യൂ ഇൻസ്പെക്ടറായി റിട്ടയർ ചെയ്തിട്ടുള്ള ശ്രീ. തോമസ് ആന്റണി ടി വിഷയത്തിൽ ഹൈക്കോടതിയിൽ കേസ്സ് ഫയൽ ചെയ്തിരിക്കുകയാണ്. നഗരസഭയ്ക്കു വേണ്ടി നഷ്ടം ഈടാക്കുന്നതിന് കേസ്സ് ഡിസ്പോസ്സ് ചെയ്ത് തുക റിക്കവറി ചെയ്യുന്നതിനുള്ള നടപടികൾ നടത്തിവരുന്നു.

(7) സ്ഥലം മാറിപ്പോയിട്ടുള്ള ജീവനക്കാർക്ക് ബന്ധപ്പെട്ട സെക്രട്ടറിമാർ മുഖേന ശമ്പളത്തിൽനിന്നും തുക ഈടാക്കുന്നതിന് 25-10-2007 തീയതിയിൽ രജിസ്റ്റേഡ് കത്തുകളയച്ച് നടപടി സ്വീകരിച്ചുവരുന്നു.

(8) റിട്ടയർ ചെയ്തിട്ടുള്ള ജീവനക്കാരിൽ ആനുകൂല്യം നൽകിക്കഴിഞ്ഞവരുടെ കാര്യത്തിൽ നഷ്ടപരിഹാര ഇൻഡെമ്നിറ്റി ബോണ്ടിൽ ജാമ്യക്കാരായി ഒപ്പുവച്ചിട്ടുള്ളവരിൽ നിന്നും റിക്കവറി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(9) ബാധ്യത തിട്ടപ്പെടുത്തുന്നതിന് മുമ്പുതന്നെ നഗരസഭയിൽ നിന്ന് റിട്ടയർ ചെയ്ത ഹെൽത്ത് സൂപ്പർവൈസർ ശ്രീ. പി. മോഹനന്റെ പേരിൽ 33,742 രൂപ ബാധ്യതയുള്ളതിനാൽ ടിയാന് കുടിശ്ശിക പെൻഷൻ ആനുകൂല്യങ്ങൾ നൽകാതെ തടഞ്ഞ് വച്ചിട്ടുള്ളതാണ്. ”

81. മാവേലിക്കര നഗരസഭയിൽ 1997-2001 കാലഘട്ടത്തിൽ പൊതുലേലവുമായി ബന്ധപ്പെട്ട് നടന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ട പരിഹാരം ഈടാക്കണമെന്ന് 4-2-2003-ൽ നഗരകാര്യ ഡയറക്ടർക്ക് ഗവൺമെന്റ് നിർദ്ദേശം നൽകിയിരുന്നു. ലേല നടപടിക്രമങ്ങൾ ലംഘിച്ച് ലേലം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ കാലതാമസം ഉണ്ടാകുന്നതെന്തു കൊണ്ടാണെന്നു സമിതി ആരാഞ്ഞു. ആകെ ഇരുപതു ഉദ്യോഗസ്ഥരാണ് ഈ ക്രമക്കേടുകളിൽ ഉൾപ്പെട്ടതെന്നും അതിൽ എട്ട് പേർ സർവ്വീസിൽ നിന്നും വിരമിച്ചു വെന്നും വിരമിച്ച നാലുപേരിൽ നിന്നും 1,20,000 രൂപ ഈടാക്കിയിട്ടുണ്ടെന്നും, ആകെ 5,02,827 രൂപ ഈടാക്കാനായിട്ടുണ്ടെന്നും മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു. കുറ്റക്കാരായ രണ്ട് ഉദ്യോഗസ്ഥർ നടപടികൾക്കെതിരെ കേസു ഫയൽ ചെയ്തിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇനിയും ഈടാക്കേണ്ട ബാക്കി തുക സംബന്ധിച്ച് ബന്ധപ്പെട്ടവർക്ക് 2007 ഒക്ടോബർ മാസം നോട്ടീസ് നൽകിയിട്ടുണ്ടെന്നും അദ്ദേഹം തുടർന്നറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**82. ക്രമവിരുദ്ധമായ ലേലനടപടിയിലൂടെ നഗരസഭയ്ക്കുണ്ടായ നഷ്ടം ഈടാക്കുന്നതിന് സ്വീകരിച്ച നടപടിയുടെയും നാളിതുവരെ ഈടാക്കിയ തുകയുടെയും വിശദവിവരങ്ങൾ മൂന്നുമാസത്തിനകം സമിതിയെ അറിയിക്കണമെന്ന് ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നഗരസഭ വക പ്രൈവറ്റ് ബസ് സ്റ്റാന്റിലെ കടമുറികളുടെ ലേലം—ക്രമക്കേടുകൾ സംബന്ധിച്ച്**

നഗരസഭ K.U.D.F.C.-യിൽ നിന്നും വായ്പയെടുത്ത് പണികഴിപ്പിച്ച പ്രൈവറ്റ് ബസ്സ്റ്റാന്റിലെ കടമുറികളുടെ ലേലത്തിൽ അപാകതകൾ ഉള്ളതായി കാണുന്നു. 30-3-1998-ൽ നടന്ന ലേലത്തിൽ 10-ാം നമ്പർ കടമുറി 2,40,000 രൂപയ്ക്ക് ലേലംകൊണ്ട വ്യക്തി ഡെപ്പോസിറ്റ് തുകമാത്രം അടച്ചതിനുശേഷം ഏഴു ദിവസത്തിനകം ബാക്കിത്തുക അടയ്ക്കണം എന്ന ലേലനിബന്ധന പാലിക്കാതെ 21-5-1998-ൽ നടന്ന അവശേഷിക്കുന്ന കടമുറികളുടെ ലേലത്തിൽ പങ്കെടുക്കുകയും 2-ാം നമ്പർ കടമുറി ലേലത്തിൽ പിടിക്കുകയും ഉണ്ടായി. രണ്ടു കടമുറികളും നടത്താൻ ശേഷിയില്ലാത്തതിനാൽ 10-.ാം നമ്പർ കടമുറി ഒഴിവാക്കിത്തരണമെന്നുള്ള ലേലക്കാരന്റെ ആവശ്യപ്രകാരം യാതൊരു എഗ്രിമെന്റും വെയ്ക്കാതെ 4 മാസത്തേക്ക് ലൈസൻസ് ഫീസും നിരതദ്രവ്യവും മാത്രം ഈടാക്കി ബാക്കിത്തുക തിരികെ നൽകുകയുണ്ടായി. 10-ാം നമ്പർ കടമുറി 17-11-1999-ൽ മാത്രമാണ് ലേലത്തിൽപ്പോയത്. മാത്രവുമല്ല, 50,000 രൂപ കുറച്ചാണ് ടി കടമുറി ലേലത്തിൽപ്പോയത്. കടമുറി ഒഴിഞ്ഞ വ്യക്തിയെക്കൊണ്ട് എഗ്രിമെന്റ് വെച്ചിരുന്നുവെങ്കിൽ രണ്ടാമത് ലേലം ചെയ്തപ്പോഴുണ്ടായ 50,000 രൂപയുടെ നഷ്ടം ടിയാനിൽ നിന്നും ഈടാക്കാമായിരുന്നു. അതിനാൽ നഗരസഭയ്ക്കുണ്ടായ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.

[സമാഹൃത റിപ്പോർട്ട് 2002-03 ഓഡിറ്റ് ഖണ്ഡിക നമ്പർ II.14(ii)]

83. തദ്ദേശസ്വയംഭരണ വകുപ്പ് 26-12-2007-ലെ 78024/AB1/07/LSGD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"(1) ഇത് സംബന്ധിച്ച ബാധ്യതയായ 50,000 രൂപ ബന്ധപ്പെട്ടവർക്ക് തുല്യമായി വീതിച്ച് ബാധ്യത തിട്ടപ്പെടുത്തി നോട്ടീസ് നൽകിയിട്ടുണ്ട്. പെൻഷൻ ആയ 2 പേരുടെ ആനുകൂല്യങ്ങളിൽ നിന്ന് പിടിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് 2 പേർക്ക് തുക ഒടുക്കുന്നത് സംബന്ധിച്ച് കത്തുകൾ അയച്ചിട്ടുള്ളതാണ്.

(2) ബന്ധപ്പെട്ട ജീവനക്കാർ നിയമസഭാ സബ് കമ്മിറ്റി സമക്ഷത്ത് നേരിട്ട് ഹാജരാകുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതുമാണ്."

84. നഗരസഭ വക പ്രൈവറ്റ് ബസ് സ്റ്റാൻഡിലെ 10-ാം നമ്പർ കടമുറി ആദ്യം ലേലം ചെയ്തത് 2,40,000 രൂപയുടെ ഡെപ്പോസിറ്റ് തുകയ്ക്കും 6,000 രൂപയുടെ മാസ വാടകയ്ക്കു മായിരുന്നുവെന്നും എന്നാൽ മൂന്നു മാസം കഴിഞ്ഞപ്പോൾ ലേലം കൊണ്ടയാൾ നഷ്ടമാണെന്നുപറഞ്ഞ് ഉപേക്ഷിച്ചുപോയെന്നും അത് വീണ്ടും ലേലം ചെയ്തപ്പോൾ 1,90,000 രൂപ ഡെപ്പോസിറ്റായും 6,000 രൂപ വാടകയ്ക്കുമാണ് ലേലം പോയതെന്നും മാവേലിക്കര മുനിസിപ്പാലിറ്റി സെക്രട്ടറി വ്യക്തമാക്കി.

85. ആദ്യ കടമുറി ലേലത്തിൽ പിടിച്ചിട്ട് ഉപേക്ഷിച്ചുപോയ ആളിനുതന്നെ രണ്ടാമതു മറ്റൊരു കടമുറി ലേലത്തിൽ കൊടുത്തതും രേഖകൾ ഓഡിറ്റിനു നൽകാതിരുന്നതും ശരിയായ നടപടിയല്ലെന്ന് സമിതി അഭിപ്രായപ്പെട്ടു.

86. 10-ാം നമ്പർ കടമുറി ലേലത്തിൽ കൊണ്ടയാളുമായി കരാർ ഉണ്ടാക്കുകയോ, അയാളുടെ സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കുകയോ ചെയ്തിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാട്ടി.

**നിഗമനങ്ങൾ/ശുപാർശകൾ**

87. **മുറികൾ ലേലത്തിൽ പിടിക്കുമ്പോൾത്തന്നെ പ്രസ്തുത വ്യക്തിയുമായി നഗരസഭ കരാറിൽ ഏർപ്പെട്ടിരുന്നെങ്കിൽ കടമുറി ടിയാൻ ഉപേക്ഷിച്ചശേഷം വീണ്ടും ലേലം ചെയ്യുമ്പോഴുണ്ടായ നഷ്ടം ആദ്യത്തെ കരാറുകാരനിൽ നിന്ന് തന്നെ ഈടാക്കാമായിരുന്നു.**

88. **10-ാം നമ്പർ കടമുറി ലേലത്തിൽ കൊണ്ട വ്യക്തിയുമായി കരാർ ഉണ്ടാക്കുകയോ, ടിയാന്റെ സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല എന്നത് വ്യക്തമാണ്. ആയതിനാൽ ആദ്യ ലേലത്തുകയും രണ്ടാമത്തെ ലേലത്തുകയും തമ്മിലെ വ്യത്യാസമായ 50,000 രൂപ നഗരസഭയ്ക്ക് നേരിട്ട നഷ്ടമായി കണക്കാക്കി ആയത് ആദ്യം ലേലംകൊണ്ട വ്യക്തിയിൽനിന്നും ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## ചെങ്ങന്നൂർ മുനിസിപ്പാലിറ്റി

ഓഡിറ്റ് ഖണ്ഡിക

**വ്യാജസാക്ഷ്യ പത്രം രേഖപ്പെടുത്തി പണം പിൻവലിക്കൽ—നിരോധനം നിലവിലിരിക്കെ പിൻവലിച്ചു**

കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ സംയോജിത ഫണ്ടാണ് I.D.S.M.T (Integrated Development of Small and Medium Towns). ട്രഷറിയിൽ പിൻവലിക്കൽ നിരോധനം നിലവിലിരിക്കെ കേന്ദ്ര സർക്കാർ ഫണ്ട് മാത്രമാണെന്ന് വ്യാജ സാക്ഷ്യ പത്രം രേഖപ്പെടുത്തി 46,00,000 രൂപ പിൻവലിച്ചിട്ടുണ്ട്. 19-12-2001-ൽ 22,00,000 രൂപ ബസ് സ്റ്റാന്റ്, ഷോപ്പിംഗ്-കം-ഓഫീസ് കോംപ്ലക്സിന്റെ നിർമ്മാണത്തിനായും 22-12-2001-ൽ 24,00,000 രൂപ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായും കോൺട്രാക്ടർമാർക്ക് നൽകിയിട്ടുണ്ട്. ഇതിന്മേൽ ധനകാര്യ വകുപ്പുതലത്തിൽ അന്വേഷണം നടക്കുന്നുണ്ട്:

(സമാഹൃത റിപ്പോർട്ട് 2002-03 ഓഡിറ്റ് ഖണ്ഡിക നമ്പർ II.1.3 (i))

89. തദ്ദേശസ്വയംഭരണ വകുപ്പ് 26-12-2007-ലെ 78024/AB1/07/LSGD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"I.D.S.M.T. പദ്ധതിയിൽ മുനിസിപ്പൽ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, മുനിസിപ്പൽ ഓഫീസ് എന്ന പ്രോജക്ട് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ടതാണ് ഓഡിറ്റിൽ ഉന്നയിച്ച തടസ്സം.

I.D.S.M.T. ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. സംസ്ഥാന സർക്കാരിന്റെ വിഹിതവും ചേർന്ന ഫണ്ടാണിത്. ഗഡുക്കളായാണ് രണ്ട് വിഹിതവും ലഭിച്ചിരുന്നത്. സമയബന്ധിതമായി ലഭിച്ച ഗഡുക്കൾ വിനിയോഗിച്ച് സർട്ടിഫിക്കറ്റ് കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചാൽ മാത്രമേ അടുത്ത കേന്ദ്ര ഗവൺമെന്റ് ഗഡു ലഭിക്കുകയുള്ളൂ.

ചെങ്ങന്നൂർ നഗരസഭയിൽ ലഭിച്ച ഗഡുക്കൾ വിനിയോഗിക്കേണ്ടതും പൂർത്തീകരിച്ച പ്രവൃത്തിക്കുള്ള തുക നൽകേണ്ടതും അത്യാവശ്യമായി വന്ന സാഹചര്യത്തിലാണ് ട്രഷറിയിൽ നിന്നും തുക പിൻവലിച്ചത്. ട്രഷറി നിയന്ത്രണമുണ്ടായിരുന്നുവെന്നത് ശരിയാണ്. കേന്ദ്രാവിഷ്കൃത പദ്ധതി എന്ന അർത്ഥത്തിലാണ് കേന്ദ്ര സർക്കാർ വിഹിതമടക്കമുള്ള ഫണ്ട് പിൻവലിക്കുന്നതിന് സാക്ഷ്യപത്രം രേഖപ്പെടുത്തിയത്. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് നടത്തുന്ന അന്വേഷണം സംബന്ധിച്ച് യാതൊരുവിധ രേഖയും നിർദ്ദേശങ്ങളും നഗരസഭയ്ക്ക് നാളിതുവരെ ലഭിച്ചിട്ടില്ല. ധനകാര്യ വകുപ്പിൽനിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ആയതനുസരിച്ച് പ്രവർത്തിക്കുന്നതാണ്.

പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞതിനാലും (മുനിസിപ്പൽ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്) പദ്ധതി ഭംഗിയായി ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട് എന്നതുകൊണ്ടും സർക്കാരിനെ തെറ്റിദ്ധരിപ്പിക്കുകയെന്ന ദുരുദ്ദേശം ഇക്കാര്യത്തിലുണ്ടായിരുന്നില്ല എന്നതു വ്യക്തമാണ്. ഈ സാഹചര്യത്തിലും, ധനകാര്യ വകുപ്പു തുടർ നടപടികൾ കൈക്കൊണ്ടിട്ടില്ല എന്നതിനാലും ഈ ഓഡിറ്റ് തടസ്സം പിൻവലിക്കണമെന്ന് വിനയപൂർവ്വം അപേക്ഷിക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

90. **2002-03-ലെ ഓഡിറ്റ് ഖണ്ഡികയായതിനാൽ ധനകാര്യ വകുപ്പിന്റെ അന്വേഷണം ഇതിനോടകം പൂർത്തിയായിട്ടുണ്ടാകും എന്നു സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനകാര്യ വകുപ്പിന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശത്തിന്മേൽ തുടർനടപടി കൈക്കൊള്ളുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

## ആലപ്പുഴ മുനിസിപ്പാലിറ്റി

ഓഡിറ്റ് ഖണ്ഡിക

**അനധികൃതമായി സ്ഥിര നിക്ഷേപം നടത്തിയതു സംബന്ധിച്ച്**

ആലപ്പുഴ നഗരസഭയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഡി.സി.എസ്സിന്റെ ബൈലോ സെക്ഷൻ 6:2 പ്രകാരം സി.ഡി.എസ്. ഫണ്ട് നഗരസഭാ പ്രദേശത്തെ ഒരു സഹകരണ ബാങ്കിലോ ഷെഡ്യൂൾഡ് ബാങ്കിലോ മാത്രമേ നിക്ഷേപിക്കാവൂ എന്ന വ്യവസ്ഥ നിലവിലിരിക്കെ സി.ഡി.എസിന്റെ ജനറൽ അക്കൗണ്ടിൽ നിന്നും 1,00,000 (ഒരു ലക്ഷം) രൂപ പിൻവലിച്ച് നഗരസഭാതിർത്തിയിൽപ്പെടാത്ത ചേർത്തല താലൂക്ക് എയ്ഡഡ് സെക്കന്ററി സ്കൂൾ ടീച്ചേഴ്സ് സഹകരണ സംഘത്തിൽ ഒരു വർഷത്തേക്ക് നിക്ഷേപിച്ചിരുന്നു. രേഖകൾ പരിശോധിച്ചതിൽ സി.ഡി.എസ്. ഭരണ സമിതിയുടെ അംഗീകാരമില്ലാതെ മെമ്പർ സെക്രട്ടറി തന്നിഷ്ടപ്രകാരം നിക്ഷേപം നടത്തിയിട്ടുള്ളതായി മനസ്സിലാക്കുന്നു. മെമ്പർ സെക്രട്ടറിയുടെ ക്രമവിരുദ്ധമായ നടപടി അന്വേഷണവിധേയമാക്കേണ്ടതാണ്. തുക അംഗീകരിച്ച പദ്ധതിക്കായി വിനിയോഗിച്ചിട്ടില്ലെങ്കിൽ തിരികെ ഈടാക്കേണ്ടതാണ്.

(സമാഹൃത റിപ്പോർട്ട് 2003-04 ഓഡിറ്റ് ഖണ്ഡിക നമ്പർ: 6.2.1)

91. തദ്ദേശസ്വയംഭരണ വകുപ്പ് 26-12-2007-ലെ 78024/AB1/07/LSGD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"1997-98 കാലഘട്ടത്തിൽ സി.ഡി.എസിന്റെ ജനറൽ ഫണ്ടിൽ നിന്നും 1 ലക്ഷം രൂപ ചേർത്തല താലൂക്ക് എയ്ഡഡ് സെക്കന്ററി സ്കൂൾ ടീച്ചേഴ്സ് സഹകരണ സംഘത്തിൽ നിക്ഷേപം നടത്തിയിട്ടുണ്ട്. ഈ കാലഘട്ടത്തിലെ പ്രോജക്ട് ഓഫീസറായിരുന്ന ശ്രീ. റ്റി. കെ. ശശിധരനിൽ നിന്നും ലഭിച്ച വിശദീകരണത്തിന്റെയും ലഭ്യമായ രേഖകളുടെയും അടിസ്ഥാനത്തിൽ ആയത് 26-8-1998-ലെ സി.ഡി.എസ്.-ന്റെ 13-ാംനമ്പർ തീരുമാനപ്രകാരമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. നഗരസഭാ പ്രദേശത്തു നിന്നും പുറത്തായി നിക്ഷേപം നടത്തിയത് ക്രമപ്രകാരമല്ലാത്തതിനാൽ ടി നിക്ഷേപം തിരികെ സി.ഡി.എസ്. ജനറൽ അക്കൗണ്ടിലേക്ക് കൊണ്ടുവന്നിട്ടുള്ളതാണ്. മാർച്ച് മാസത്തിലെ നിക്ഷേപ സമാഹരണത്തിന്റെ ഭാഗമായി കൂടുതൽ നിരക്കിൽ പലിശ ലഭിച്ചിട്ടുള്ളതിനാലും നഗരസഭയ്ക്ക് എന്തെങ്കിലും സാമ്പത്തിക നഷ്ടം സംഭവിച്ചതായി കാണുന്നില്ല. ക്രമപ്രകാരമല്ലാത്ത സാമ്പത്തിക ക്രയവിക്രയങ്ങൾ നടത്തരുതെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്."

92. ചട്ടപ്രകാരം നിക്ഷേപം നടത്തേണ്ട ബാങ്കുകൾ വിട്ട് പുറത്തുള്ള ബാങ്കിൽ ഒരു ലക്ഷം രൂപ നിക്ഷേപിച്ചത് ശരിയായ നടപടിയാണോ എന്നും ചെലവ് കാണിക്കാനാണോ ഇപ്രകാരം ചെയ്തതെന്നുമുള്ള സമിതിയുടെ ചോദ്യത്തിന്, അപ്പോൾ പ്രവർത്തനം തടസ്സപ്പെട്ട സമയമായിരുന്നെന്നും അതിനാൽ പലിശ കൂടുതൽ കിട്ടാനായി മാറ്റിയിട്ടതാണെന്നും സി.ഡി.എസി-ന്റെ 13-ാം നമ്പർ തീരുമാനപ്രകാരമാണ് അങ്ങനെ ചെയ്തതെന്നും പ്രസ്തുത തീരുമാനം ഹാജരാക്കാമെന്നും ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു.

93. സി.ഡി.എസി-ന്റെ 13-ാം നമ്പർ തീരുമാനം 2 ആഴ്ചയ്ക്കകം ആലപ്പുഴ ലോക്കൽ ഫണ്ട് ഡി.ഡി.-യുടെ ഓഫീസിൽ ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

94. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 23-6-2008-ലെ LF 21212/Spl.Cell G1/08 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"സി.ഡി.എസ്.-ന്റെ 26-3-1998-ലെ യോഗത്തിന്റെ മിനിറ്റ്സ് പരിശോധനയ്ക്ക് ഹാജരാക്കി. ഇതിൽ 11-ാം നമ്പർ തീരുമാനപ്രകാരം വിവിധ പദ്ധതികൾക്കു വരുന്ന പണം എഫ്.ഡി.-യോ ഡി.ഡി.-യോ ആയി മാറ്റി നിക്ഷേപിക്കുന്നതിനു തീരുമാനിച്ചു. 13-ാം നമ്പർ തീരുമാനപ്രകാരം എഫ്.ഡി.-യിൽ നിക്ഷേപിക്കുന്ന തുകകൾ പദ്ധതി പ്രവർത്തനത്തിനാവശ്യമായ സമയത്ത് പിൻവലിക്കുന്നതാണെന്നും തീരുമാനിച്ചു."

**നിഗമനങ്ങൾ/ശുപാർശകൾ**

95. **ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പദ്ധതി പണം അനധികൃതമായി സ്ഥിര നിക്ഷേപം നടത്തിയത് സംബന്ധിച്ച്**

1997-98 വാർഷിക പദ്ധതിയിൽ വനിതാ കാറ്ററിംഗ് യൂണിറ്റ് എന്ന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി സി.ഡി.എസിന് നൽകിയ 2,50,000 രൂപയിൽ 1,50,000 രൂപ കാനറാ ബാങ്കിന്റെ മുല്ലയ്ക്കൽ ശാഖയിൽ സ്ഥിര നിക്ഷേപം നടത്തിയിട്ടുള്ളതായി കാണുന്നു. കൂടാതെ 1998-99 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കക്കൂസുകൾ നിർമ്മിക്കുന്നതിനായി സി.ഡി.എസി-ന് നൽകിയ 10,00,000 രൂപ കോർപ്പറേഷൻ ബാങ്കിന്റെ ആലപ്പുഴ ശാഖയിൽ സ്ഥിര നിക്ഷേപം നടത്തിയിരിക്കുന്നതായി കാണുന്നു.

മേൽവിവരിച്ച പ്രകാരം നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി പദ്ധതി തുക ചെലവഴിച്ചില്ലെങ്കിൽ പ്ലാൻ പി.ഡി. അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കുന്നതിന് പകരം ബാങ്കിൽ സ്ഥിരനിക്ഷേപം നടത്തിയത് ജനകീയാസൂത്രണ മാർഗ്ഗനിർദ്ദേശങ്ങളുടെ വ്യക്തമായ ലംഘനമാണ്. ഈ ക്രമവിരുദ്ധ നടപടികൾ അന്വേഷണ വിധേയമാക്കേണ്ടതും തുക തിരികെ ഈടാക്കേണ്ടതുമാണ്.

(സമാഹൃത റിപ്പോർട്ട് 2003-04 ഓഡിറ്റ് ഖണ്ഡിക നമ്പർ: 6.2.2)

96. തദ്ദേശസ്വയംഭരണ വകുപ്പ് 26-12-2007-ലെ 78024/AB1/07/LSGD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"1997-98 കാലഘട്ടത്തിൽ വനിതാ കാറ്ററിംഗ് യൂണിറ്റ് ആരംഭിക്കുന്നതിനായി പദ്ധതി തുകയിൽ നിന്നും അനുവദിച്ച 2,50,000 രൂപയിൽ 1,50,000 രൂപ കാനറാ ബാങ്കിൽ സ്ഥിര നിക്ഷേപം നടത്തിയിരുന്നു. ഇക്കാര്യത്തിൽ പ്രോജക്ട് ഓഫീസർ നൽകിയ വിശദീകരണവും രേഖകളും പരിശോധിച്ചതിൽ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ സമയം ലഭിച്ചിരുന്നില്ലായെന്നും ന്യായമായ നിരക്കിൽ കെട്ടിടവും ലഭ്യമായിരുന്നില്ലായെന്ന് കാണുന്നു. നഗരസഭാ വക കെട്ടിടം യഥാസമയം വിട്ടുകിട്ടാതിരുന്നതിനാൽ പദ്ധതി ആരംഭിക്കുന്നതിന് വീണ്ടും കാലതാമസം വരുമെന്നതിനാലാണ് തുക കൂടുതൽ പലിശ ലഭിക്കുന്ന സ്ഥിര നിക്ഷേപത്തിലേക്ക് മാറ്റിയിട്ടുള്ളത്. നഗരസഭാ പ്രദേശത്തെ സാധുക്കളായ കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിച്ചു നൽകുന്നതിനായി വാങ്ങിയ 10,00,000 രൂപയും ഇപ്രകാരം ബാങ്കിൽ എഫ്.ഡി. ആയി സൂക്ഷിച്ചിട്ടുണ്ട്. തുക അനുവദിച്ചു ലഭിച്ചതിലുള്ള കാലതാമസംമൂലം യഥാസമയം നടപ്പിൽവരുത്തുന്നതിന് പ്രോജക്ട് ഓഫീസർക്ക് കഴിഞ്ഞിരുന്നില്ലായെന്ന് വ്യക്തമാണ്. എന്നാൽ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി നിർദ്ദേശിക്കപ്പെട്ട പദ്ധതികൾ നിർബന്ധമായും നടപ്പിലാക്കണമെന്ന് കൗൺസിൽ നിർദ്ദേശിച്ചതനുസരിച്ച് തുടർന്നുവന്ന കാലഘട്ടത്തിൽ ആയത് പൂർണ്ണമായും നടപ്പിൽ വരുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് പൂർത്തീകരിക്കുന്നത് വരെ തുകകൾ കൂടുതൽ പലിശ ലഭിക്കുന്ന രീതിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നതിനാൽ സാമ്പത്തികനഷ്ടം വന്നിട്ടില്ലാത്തതാണ്.

സമയക്കുറവുമൂലവും അപ്രതീക്ഷിതമായ തടസ്സങ്ങൾമൂലവും അല്പം വൈകിയെങ്കിലും പദ്ധതി പൂർത്തീകരിക്കുകയും സാമ്പത്തികനഷ്ടം ഒഴിവാക്കുകയും ചെയ്തതിനാൽ ബന്ധപ്പെട്ടവരെ ശിക്ഷണ നടപടിയിൽനിന്ന് ഒഴിവാക്കിയിട്ടുള്ളതാണ്. ക്രമപ്രകാരം സമയബന്ധിതമായി പദ്ധതി ചെലവുകൾ നടത്തുന്നതിന് നൽകിയ നിർദ്ദേശങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ പൂർണ്ണമായും പാലിച്ചിട്ടുണ്ട്."

97. വനിതാ കാറ്ററിംഗ് യൂണിറ്റ് എന്ന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി സി.ഡി.എസിന് നൽകിയ രണ്ടര ലക്ഷം രൂപയിൽ ഒന്നര ലക്ഷം രൂപ കാനറാ ബാങ്കിന്റെ മുല്ലയ്ക്കൽ ശാഖയിൽ സ്ഥിരനിക്ഷേപം നടത്തിയിട്ടുള്ളത് ചട്ടവിരുദ്ധമല്ലേയെന്ന 2-1-2008-ലെ തെളിവെടുപ്പുവേളയിലെ സമിതിയുടെ ചോദ്യത്തിന് മുനിസിപ്പാലിറ്റിയുടെ ഒരു കെട്ടിടം യൂണിറ്റിനായി വിട്ടുകൊടുക്കാമെന്ന് പറഞ്ഞിരുന്നത് ഒഴിച്ചുകൊടുക്കാൻ കഴിഞ്ഞില്ലെന്നും അതിന് താമസം വന്നതുകൊണ്ട് യൂണിറ്റു തുടങ്ങാൻ കാലതാമസമുണ്ടായിയെന്നും, അതിനാലാണ് പണം ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തതെന്നും അത് ചട്ടവിരുദ്ധമാണെന്നും ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി. 2003-04-ൽ ശ്രീ. എ. ബി. പിള്ളയായിരുന്നു സെക്രട്ടറിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

**നിഗമനങ്ങൾ/ശുപാർശകൾ**

98. **പദ്ധതി നടത്തിപ്പിനുവേണ്ടി സി.ഡി.എസിനു നൽകിയ പണം പി.ഡി. അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കുന്നതിന് പകരം ബാങ്കിൽ നിക്ഷേപം നടത്തിയത് ജനകീയാസൂത്രണ മാർഗ്ഗരേഖകളുടെ ലംഘനമാണെങ്കിലും ഇതു സംബന്ധിച്ച് നഗരസഭയ്ക്ക് സാമ്പത്തികനഷ്ടം ഒന്നും സംഭവിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സോഡിയം വേപ്പർ വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി—കുറഞ്ഞ നിരക്കിലുള്ള കൊട്ടേഷനുകൾ നിരാകരിച്ചു**

2001-02 വർഷത്തിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരം നഗരാതിർത്തിയിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്നതിനായി പത്രപ്പരസ്യം വഴി കൊട്ടേഷൻ ക്ഷണിച്ചതിൽ ലഭിച്ച കൊട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്കിൽ ലാമ്പുകൾ വിതരണം ചെയ്യാമെന്നേറ്റിരുന്ന കാനറാ ലൈറ്റിംഗ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽനിന്നും ലാമ്പുകൾ വാങ്ങാതെ സർക്കാർ നിർദ്ദേശിച്ചിരുന്നതിലും അധികംനിരക്ക് കോട്ട് ചെയ്തിരുന്ന സിഡ്കോയിൽനിന്നും ലാമ്പുകൾ വാങ്ങിയതിനാൽ നഗരസഭാ ഫണ്ടിന് 2,80,900 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. നഷ്ടം ഉത്തരവാദികളിൽനിന്നും ഈടാക്കേണ്ടതാണ്.

(സമാഹൃത റിപ്പോർട്ട് 2003-2004 ഓഡിറ്റ് ഖണ്ഡിക നമ്പർ : 6.2.3)

99. തദ്ദേശസ്വയംഭരണ വകുപ്പ് 26-12-2007-ലെ 78024/എ.ബി.1/07/LSGD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"2001-02 വർഷത്തിൽ നഗരസഭാ പ്രദേശത്ത് സ്ഥാപിക്കുന്നതിനുള്ള സോഡിയം വേപ്പർ ലാമ്പുകൾക്ക് കൊട്ടേഷൻ ക്ഷണിച്ചതിൽ കാനറാ ലൈറ്റിംഗ് ഇൻഡസ്ട്രീസ് ഉൾപ്പെടെയുള്ള കമ്പനികൾ കുറഞ്ഞ നിരക്ക് കോട്ട് ചെയ്തിരുന്നു. എന്നാൽ മുനിസിപ്പൽ കൗൺസിലിന്റെ നിർദ്ദേശപ്രകാരം സർക്കാർ സ്ഥാപനമായ സിഡ്കോ മുഖാന്തിരം വിളക്കുകൾ വാങ്ങുന്നതിനാണ് തീരുമാനിച്ചത്. വിഷയം ചർച്ച ചെയ്ത മുനിസിപ്പൽ കൗൺസിൽ വില മാത്രം കണക്കിലെടുത്ത് വിളക്കുകൾ വാങ്ങാനാവില്ലായെന്നും പൊതുമേഖലാ സ്ഥാപനമായ സിഡ്കോ മുഖാന്തിരം ഉന്നത ഗുണനിലവാരമുള്ള ക്രോംപ്ടൺ കമ്പനിയുടെ സോഡിയം വേപ്പർ ലാമ്പുകൾതന്നെ

ലഭ്യമാക്കണമെന്ന നിർദ്ദേശം പാലിച്ചുകൊണ്ടാണ് ഇപ്രകാരം നടപടി എടുത്തിട്ടുള്ളത്. സർക്കാർ അംഗീകൃത ഏജൻസിയായ സിഡ്കോ മുഖാന്തിരം കൗൺസിൽ നിർദ്ദേശാനുസരണം വിളക്കുകൾ വാങ്ങിയതിൽ നഗരസഭയ്ക്ക് എന്തെങ്കിലും സാമ്പത്തികനഷ്ടം വരുത്തുന്നതായി കാണാത്തതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല."

100. കൂടിയ നിരക്കിലുള്ള കൊട്ടേഷൻ സ്വീകരിച്ച് സോഡിയം വേപ്പർ ലാമ്പുകൾ വാങ്ങിയതിന്റെ കാരണം 2-1-2008-ലെ തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് ക്വാളിറ്റി ഉറപ്പാക്കാൻവേണ്ടി ക്രോംപ്റ്റൻ കമ്പനിയുടെ ലാമ്പ് വാങ്ങാൻ കൗൺസിൽ നിർദ്ദേശം നൽകിയതിനാലാണ് അപ്രകാരം വാങ്ങിയതെന്നും സിഡ്കോയിൽ നിന്നാണ് അവ വാങ്ങിയതെന്നും ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറി വ്യക്തമാക്കി.

**നിഗമനങ്ങൾ/ശുപാർശകൾ**

**101. നഗരസഭാ അധികൃതരുടെ വിശദീകരണം തൃപ്തികരമായതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സോഡിയം വേപ്പർ ലാമ്പ് സെറ്റുകളുടെ വിതരണം സംബന്ധിച്ച്**

2001-02 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നാഷണൽ ഹൈവേയിൽ സ്ഥാപിക്കുന്നതിനായി കോൺട്രാക്ടർക്ക് കൈമാറിയ 150 ലാമ്പുകളിൽ 130 എണ്ണം മാത്രമേ ഇലക്ട്രിക് പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ളൂ. ബാക്കിയുള്ള 20 ലാമ്പുകളിൽ 12 എണ്ണം മാത്രമാണ് കരാറുകാരൻ തിരികെ നല്കിയിരിക്കുന്നത്. ബാക്കി 8 ലാമ്പുകളുടെ വിലയായ 25,160 രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

(സമാഹൃത റിപ്പോർട്ട് 2003-2004 ഓഡിറ്റ് ഖണ്ഡിക നമ്പർ : 6.2.4)

102. തദ്ദേശസ്വയംഭരണ വകുപ്പ് 26-12-2007-ലെ 78024/എ.ബി.1/07/LSGD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"2001-02 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നാഷണൽ ഹൈവേയിൽ സ്ഥാപിക്കുന്നതിനായി 150 സോഡിയം വേപ്പർ ലാമ്പുകൾ വാങ്ങിയിരുന്നു. ലഭ്യമായ പോസ്റ്റുകളുടെ എണ്ണത്തിനനുസരിച്ച് വിളക്കുകൾ ഇല്ലാതിരുന്ന സ്ഥലങ്ങൾ പരിഗണിച്ച് ആയതിൽ 130 എണ്ണം മാത്രമേ സ്ഥാപിച്ചിരുന്നുള്ളൂ. ശേഷിച്ചവയിൽ 8 വിളക്കുകൾ മുനിസിപ്പൽ കൗൺസിലർമാരുടെ നിർദ്ദേശാനുസരണം വിവിധ വാർഡുകളിൽ കേടായവയ്ക്കുപകരം സ്ഥാപിക്കുകയും അവശേഷിച്ച 12 എണ്ണം തിരികെ സ്റ്റോക്കിൽ ലഭിച്ചിട്ടുളളതുമാണ്. റിപ്പയർ ചെയ്യുവാൻ സാധിക്കാത്ത തരത്തിൽ മോശമായ വിളക്കുകൾക്ക് പകരം 8 വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടതിനാൽ ഇത്തരത്തിൽ എന്തെങ്കിലും നഷ്ടങ്ങൾ വരുത്തിയതായി വ്യക്തമല്ലാത്തതും തുടർനടപടികൾ സ്വീകരിച്ചിട്ടില്ലാത്തതുമാണ്."

103. സോഡിയം വേപ്പർ ലാമ്പുകൾ ഇൻസ്റ്റാൾ ചെയ്തതിൽ കുറവ് വന്നതിന്റെ കാരണം 2-1-2008-ലെ തെളിവെടുപ്പു യോഗത്തിൽ സമിതി ആരാഞ്ഞതിന്

എൻ.എച്ച്.-ൽ ഇടാൻമാത്രം 150 എണ്ണം വാങ്ങിയിരുന്നെന്നും ഹൈവേയിൽ വിളക്കുകളുടെ ആവശ്യമനുസരിച്ച് 130 എണ്ണം ഇൻസ്റ്റാൾ ചെയ്തുവെന്നും ബാക്കിയുള്ളതിൽ 12 എണ്ണം സ്റ്റോക്കിൽ വരവ് വെച്ചിട്ടുണ്ടെന്നും 8 എണ്ണം പല സ്ഥലത്തും വണ്ടിയിടിച്ചും അല്ലാതെയും പോയത് കൗൺസിലേഴ്സിന്റെ നിർബന്ധംകൊണ്ട് മാറ്റി കൊടുത്തിട്ടുളളതാണെന്നും അതിന്റെ ശരിയായ അക്കൗണ്ടിംഗ് ഓഡിറ്റ് സമയത്ത് സ്റ്റോക്ക് രജിസ്റ്റർ കാണിച്ച് ഓഡിറ്റുകാരെ ബോദ്ധ്യപ്പെടുത്തിക്കൊടുക്കേണ്ടതായിരുന്നുവെന്നും ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

104. പുതിയതായി വാങ്ങിയ 8 സോഡിയം വേപ്പർ ലാമ്പുകൾ കേടായവയ്ക്കു പകരം മാറ്റിസ്ഥാപിച്ചു എന്നതിന് ഉപോൽബലകമായ രേഖകൾ ഓഡിറ്റേഴ്സിനെ ബോധ്യപ്പെടുത്തിക്കൊടുക്കണമെന്ന് സമിതി സെക്രട്ടറിയോട് നിർദ്ദേശിച്ചു.

105. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 23-6-2008-ലെ എൽ.എഫ്. 21212/സ്പെ. സെൽ ജി.1/08 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"പട്ടണത്തിന്റെ വിവിധ ഭാഗങ്ങളിൽ വാഹനാപകടംമൂലം കേടുപാടുകൾ പറ്റിപ്പോയ സോഡിയം വേപ്പർ ലാമ്പുകൾക്ക് പകരമായി അവശേഷിച്ച 8 സോഡിയം വേപ്പർ ലാമ്പുകൾ മാറ്റി സ്ഥാപിച്ചിട്ടുളളതായി മുൻകാലങ്ങളിൽ നഗരസഭയിൽ പ്രവർത്തിച്ചിരുന്ന ഉദ്യോഗസ്ഥൻമാരിൽനിന്നും കൗൺസിലർമാരിൽനിന്നും അന്വേഷണത്തിൽ വിവരം ലഭിച്ചിട്ടുള്ളതാണെന്നും, ഇതിനെ സംബന്ധിക്കുന്ന എന്തെങ്കിലും രജിസ്റ്ററുകൾ നഗരസഭാ സ്റ്റോറിൽ നിന്നും നാളിതുവരെ ലഭ്യമായിട്ടില്ല എന്നുമാണ് നഗരസഭാ സെക്രട്ടറി അറിയിച്ചിട്ടുളളത്. ഓഡിറ്റ് വേളയിൽ ഹാജരാക്കിയതിൽ കൂടുതൽ യാതൊരു രേഖകളും നഗരസഭയിൽ ലഭ്യമല്ല എന്നാണ് മറുപടിയിൽ നിന്നും വ്യക്തമായിട്ടുള്ളത്."

**നിഗമനങ്ങൾ/ശുപാർശകൾ**

**106. 8 സോഡിയം വേപ്പർ ലാമ്പുകൾ വിവിധ വാർഡുകളിൽ കേടായവയ്ക്കു പകരം സ്ഥാപിച്ചു എന്ന വാദം സാധൂകരിക്കുന്നതിനാവശ്യമായ രേഖകളൊന്നും നഗരസഭയ്ക്ക് ഹാജരാക്കാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും ഇവ യഥാർത്ഥത്തിൽ മുനിസിപ്പാലിറ്റി തന്നെ ഉപയോഗപ്പെടുത്തിയിട്ടുണ്ട് എന്ന് മുൻ ഉദ്യോഗസ്ഥരും, കൗൺസിലർമാരും ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട് എന്ന ഓഡിറ്റിന്റെ സാക്ഷ്യപ്പെടുത്തലിന്റെ വെളിച്ചത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഇലക്ട്രിക് സാധനങ്ങളുടെ വിതരണം സംബന്ധിച്ച്**

നഗരസഭയുടെ വിവിധ വാർഡുകളിലെ ഉപയോഗത്തിനുവേണ്ടി വാങ്ങിയ ഇലക്ട്രിക് സാധനങ്ങൾ വാർഡുകളിലെ ആവശ്യങ്ങൾ അനുസരിച്ച് കെ.എസ്.ഇ.ബി.-യെ ഏൽപ്പിച്ച് വിനിയോഗ സർട്ടിഫിക്കറ്റ് നേരിട്ട് വിതരണം നടത്തിയിരിക്കുന്നതായി കാണുന്നു. ഇപ്രകാരം വിതരണം ചെയ്യുന്ന രീതി സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്. വിതരണം ചെയ്ത സാധനങ്ങളുടെ വിനിയോഗം സംബന്ധിച്ച യാതൊരു രേഖകളും

പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആകെ 7,63,125 രൂപയുടെ ഇലക്ട്രിക് സാധനങ്ങളാണ് കൗൺസിലർമാർക്ക് വിതരണം നടത്തിയിരിക്കുന്നത്. ഈ വിഷയത്തെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം ആവശ്യമാണ്.

(സമാഹൃത റിപ്പോർട്ട് 2003-2004 ഓഡിറ്റ് ഖണ്ഡിക നമ്പർ : 6.2.5)

107. തദ്ദേശസ്വയംഭരണ വകുപ്പ് 26-12-2007-ലെ 78024/എ.ബി.1/07/LSGD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"ആലപ്പുഴ നഗരസഭാ പ്രദേശത്ത് വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനാൽ നഗരസഭ വാങ്ങിവെയ്ക്കുന്ന സാധനങ്ങൾ യഥാസമയം ഏറ്റുവാങ്ങി രസീത് നൽകുന്നതിനോ, പണികൾ പൂർത്തീകരിച്ച് ഉപയോഗ സർട്ടിഫിക്കറ്റ് നൽകുന്നതിനോ കെ.എസ്.ഇ.ബി. ജീവനക്കാർ ഒരിക്കലും തയ്യാറായിട്ടില്ലാത്തതാണ്. സർക്കാർ നിർദ്ദേശങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നിരവധി തവണ മേലുദ്യോഗസ്ഥർക്കും ബന്ധപ്പെട്ട വകുപ്പിനും ഇക്കാര്യത്തിൽ നല്കിയിട്ടുള്ള പരാതികൾക്കൊന്നുംതന്നെ പരിഹാരം ഉണ്ടായിട്ടില്ലാത്തതാണ്. വഴിവിളക്കുകൾ നന്നാക്കുന്നതിന് കാലവിളംബം വന്നതിനെ തുടർന്ന് പെതുജനങ്ങളുടെ പരാതിയും പ്രക്ഷോഭങ്ങളും ഉണ്ടായിട്ടുണ്ട്. വാർഡ് കൗൺസിലർമാർക്ക് ഇക്കാര്യത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ നഗരസഭാ ചെയർമാന്റെ സാന്നിദ്ധ്യത്തിൽ നിരവധി തവണ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയെങ്കിലും ആവശ്യമായ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ ആവർത്തിച്ചുണ്ടാകുന്ന പ്രശ്നങ്ങളെ തുടർന്ന് നഗരസഭാ കൗൺസിലിൽ ഉയർന്നുവന്ന നിർദ്ദേശപ്രകാരം ഓരോ വാർഡിലേക്കും ആവശ്യമായ സാമഗ്രികൾ അതാത് കൗൺസിലർമാർതന്നെ ഏറ്റെടുത്ത് കെ.എസ്.ഇബി. ജീവനക്കാരെക്കൊണ്ട് പണികൾ സമയബന്ധിതമായി ചെയ്യിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്. നഗരസഭാ സ്റ്റോറിൽ നിന്നും കൗൺസിലർമാർ ഒപ്പിട്ടുനൽകി ഇലക്ട്രിക് സാധനങ്ങൾ ഏറ്റുവാങ്ങുന്നതും കൂടുതൽ പരാതികൾ വരാത്തതരത്തിൽ വിളക്കുകൾ തെളിയിക്കുന്നതിന് മാത്രമേ നഗരസഭയ്ക്ക് ഇതുവരെയും കഴിഞ്ഞിട്ടുള്ളൂ. നിർദ്ദേശങ്ങൾ നൽകിയതനുസരിച്ച് വഴിവിളക്കുകൾ സംബന്ധമായി സാധനങ്ങൾ നൽകുന്ന രജിസ്റ്ററുകളും രേഖകളും കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നുണ്ട്."

108. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായിട്ടാണ് ഇലക്ട്രിക് സാധനങ്ങൾ വിതരണം ചെയ്തിരിക്കുന്നതെന്നും, വിതരണം ചെയ്ത സാധനങ്ങളുടെ വിനിയോഗം സംബന്ധിച്ച രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലെന്നും 7,63,125 രൂപയുടെ ഇലക്ട്രിക് സാധനങ്ങളാണ് കൗൺസിലർമാർക്ക് വിതരണം ചെയ്തിട്ടുള്ളതെന്നും അതിന് എന്തെങ്കിലും രജിസ്റ്റർ വയ്ക്കേണ്ടതല്ലേ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന്, ഇപ്പോൾ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്നും, നേരത്തെ അങ്ങനെ റെക്കോഡ്സ് സൂക്ഷിക്കാറുണ്ടായിരുന്നില്ലെന്നും, കൗൺസിലേഴ്സ് അക്ക്നോളഡ്ജ് ചെയ്താണ് അത് വാങ്ങുന്നതെന്നും മുൻപ് അക്ക്നോളഡ്ജ് ചെയ്ത് വാങ്ങിച്ചതിന് രേഖകൾ ലൂസ് ഷീറ്റുകളായാണ് വച്ചിരുന്നതെന്നും, ഇപ്പോൾ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നും ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു.

109. രജിസ്റ്റർ സൂക്ഷിക്കണമെന്നാണ് ചട്ടമെന്നും അപ്രകാരം രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നും കൗൺസിലർമാരുടെ വൗച്ചറിന്റെ അടിസ്ഥാനത്തിലാണ് സാധനങ്ങൾ

വിതരണം ചെയ്തതെന്നുമുള്ളതിന്റെ റിപ്പോർട്ട് 2 ആഴ്ചയ്ക്കകം ഓഡിറ്റിനു നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

110. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 23-6-2008-ലെ എൽ.എഫ്. 21212/സ്പെ. സെൽജി. 1/08 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"ഇലക്ട്രിക് സാധനങ്ങളുടെ വിതരണം സംബന്ധിച്ച് കൗൺസിലിൽ ഉയർന്നുവന്ന നിർദ്ദേശപ്രകാരം ഓരോ വാർഡിലേക്കും ആവശ്യമായ സാമഗ്രികൾ അതാതു കൗൺസിലർമാർ ഒപ്പിട്ടു നൽകി ഇലക്ട്രിക് സാധനങ്ങൾ ഏറ്റുവാങ്ങുന്നതും കൂടുതൽ പരാതികൾ വരാത്ത തരത്തിൽ വിളക്കുകൾ തെളിയിക്കുന്നതിന് നഗരസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട് എന്നാണ് സെക്രട്ടറി നല്കിയ വിശദീകരണത്തിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ ഇലക്ട്രിക് സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ മാത്രമേ ഓഡിറ്റ് വകുപ്പിൽ ഹാജരാക്കിയിട്ടുള്ളൂ, സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം ചെയ്ത ഇലക്ട്രിക് സാധനങ്ങളുടെ വിനിയോഗം സംബന്ധിക്കുന്ന രജിസ്റ്ററോ, കൗൺസിലർമാരുടെ വൗച്ചറിന്റെ അടിസ്ഥാനത്തിലാണ് സാധനസാമഗ്രികൾ വിതരണം ചെയ്യുന്നതെന്നുമുള്ളതിന്റെ റിപ്പോർട്ടോ സാധനസാമഗ്രികൾ ഉപയോഗിച്ചതായുള്ള വൈദ്യുതി ബോർഡിൽ നിന്നുള്ള രേഖകളോ ഓഡിറ്റിൽ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല."

**നിഗമനങ്ങൾ/ശുപാർശകൾ**

111. **സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം ചെയ്യുന്ന ഇലക്ട്രിക് സാധനങ്ങളുടെ വിനിയോഗം സംബന്ധിക്കുന്ന രജിസ്റ്ററുകൾ, കൗൺസിലർമാരുടെ വൗച്ചറിന്റെ അടിസ്ഥാനത്തിലാണ് സാധനങ്ങൾ വിതരണം ചെയ്യുന്നത് എന്നുള്ളതിന്റെ റിപ്പോർട്ട്, സാധനങ്ങൾ ഉപയോഗിച്ചതായുള്ള വൈദ്യുതി ബോർഡിൽ നിന്നുള്ള രേഖകൾ എന്നിവ ഓഡിറ്റിന്റെ പരിശോധനയ്ക്കായി നൽകണമെന്നും ആയത് പരിശോധിച്ച് സമിതിക്ക് മറുപടി നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ഭാവിയിൽ ഇത്തരം രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്നും അവ ഓഡിറ്റിന് സമർപ്പിക്കുന്നുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ടൂറിസ്റ്റ് റിസോർട്ടുകളുടെ നികുതി ഒഴിവാക്കി—നഗരസഭയ്ക്ക് 2.92 ലക്ഷം രൂപ നഷ്ടം**

നഗരസഭയിലെ തിരുമല വാർഡിലെ 9/1127 എ.1 മുതൽ എ.13 വരെയുള്ള കെട്ടിടങ്ങൾക്ക് 8.27 ലക്ഷം രൂപയും എ. 14 മുതൽ 18 വരെയുള്ള കെട്ടിടങ്ങൾക്ക് 2.92 ലക്ഷം രൂപയും 2001-02 രണ്ടാം അർദ്ധവർഷം മുതൽ നികുതി ചുമത്തിയിരുന്നു. ഇതിന് എതിരെ കെട്ടിടം ഉടമ നല്കിയ പരാതി സെക്രട്ടറിയുടെ നേതൃത്വത്തിൽ നേരിട്ട് പരിശോധിച്ച് നികുതി കുറവ് ചെയ്യേണ്ടതില്ലെന്ന് 27-9-2003-ൽ ഉത്തരവായി. ഇതിൻമേൽ കെട്ടിടം ഉടമ സർക്കാരിലും നഗരസഭാ കൗൺസിലിലും അപ്പീൽ നൽകി. സർക്കാരിന് നൽകിയ പരാതിയുടെ വെളിച്ചത്തിൽ കൗൺസിലിനെ മറികടന്ന് സെക്രട്ടറി എ. 14 മുതൽ 18 വരെയുള്ള കെട്ടിടങ്ങളുടെ നികുതി 2.92 ലക്ഷം രൂപ ഒഴിവാക്കുകയും ചെയ്തു. 17-1-2002-ലെ ഇ. 3-28091/01 നമ്പരായി നഗരസഭയിൽ നിന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നല്കി. ലോക ടൂറിസം ഗൈഡിൽ സ്ഥാനമുള്ള

പുന്നമട കായലിൽ നെഹ്റു ട്രോഫി വള്ളംകളിയുടെ ഫിനിഷിംഗ് പോയിന്റിന് സമീപത്തുള്ളതുമായ കെട്ടിടങ്ങളുടെ നികുതിയാണ് ഇപ്രകാരം ചട്ടങ്ങൾ ലംഘിച്ച് കുറവ് ചെയ്തതും ഒഴിവാക്കിയതും. കെട്ടിടം ഉടമ 26-3-2004-ൽ നല്കിയ കത്തിൽ നമ്പർ 14 മുതൽ 18 വരെ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ പരാതിയില്ലെന്ന് പ്രസ്താവിച്ചിട്ടും നികുതി ഒഴിവാക്കിയതുമൂലം നഗരസഭയ്ക്ക് 2.92 ലക്ഷം രൂപയുടെ വാർഷിക നഷ്ടം സംഭവിക്കുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പു ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-2005 ഖണ്ഡിക നമ്പർ : 4.2.1.1)

112. തദ്ദേശസ്വയംഭരണ വകുപ്പ് 26-12-2007-ലെ 78024/എ.ബി.1/07/LSGD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"തിരുമല വാർഡിൽ ശ്രീ. തോമസ് ചാണ്ടിയുടെ ഉടമസ്ഥതയിലുള്ള 9/1127എ.1-എ.18 വരെയുള്ള റിസോർട്ട് കെട്ടിടങ്ങൾക്ക് 11.18 ലക്ഷം രൂപ നികുതി ചുമത്തിയിരുന്നതിനെതിരെ ഉടമ ബോധിപ്പിച്ച റിവിഷൻ ഹർജി തള്ളിയിരുന്നതാണ്. അപ്പീൽ കമ്മിറ്റി മുമ്പാകെ സമർപ്പിച്ച ഹർജി നിലനിൽക്കേതന്നെ ബഹു. സർക്കാർ മുമ്പാകെ ഈ വിഷയത്തിൽ പരാതി ബോധിപ്പിച്ച് ആയതിൻമേൽ സർക്കാരിലേക്ക് വിശദമായി റിപ്പോർട്ട് നൽകിയിരുന്നതാണ്. 28-5-2004-ൽ ഗവൺമെന്റ് സെക്രട്ടറിയുടെ 14212/ബി.4/07/തസ്വഭ.വ. നമ്പർ കത്ത് പ്രകാരം എ.14 മുതൽ എ.18 വരെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പെൻസി ലഭിക്കുന്ന മുറയ്ക്ക് നികുതി നിർണ്ണയിക്കുവാനും മറ്റ് കെട്ടിടങ്ങളുടെ നികുതി പുനഃപരിശോധിക്കുവാനും നിർദ്ദേശിക്കുകയുണ്ടായി. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി കെട്ടിടം പരിശോധിച്ച് ന്യായമായ രീതിയിൽ നികുതി പുനഃനിർണ്ണയിച്ചിട്ടുള്ളതാണ്. ഇതേ പ്രദേശത്തുതന്നെ സ്ഥിതിചെയ്യുന്ന സമാന സ്വഭാവമുള്ള പുന്നമട റിസോർട്ട് മുതലായവയുടെ നികുതി കൂടി പരിഗണിച്ച് തികച്ചും പ്രായോഗികമായിട്ടാണ് പുനഃനിർണ്ണയം നടത്തിയിട്ടുള്ളത്.

ചട്ടങ്ങൾക്ക് അനുസൃതമായി ഗവൺമെന്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും മുൻ സെക്രട്ടറി വസ്തുനിഷ്ഠമായി നടത്തിയിട്ടുള്ള നികുതി പുനഃനിർണ്ണയങ്ങൾ പ്രത്യേകിച്ച് അപാകതകൾ ഒന്നും കണ്ടെത്താത്തതിനാലും നഗരസഭയ്ക്ക് എന്തെങ്കിലും നഷ്ടം സംഭവിച്ചതായി കാണാത്തതിനാലും തുടർനടപടി സ്വീകരിച്ചിട്ടില്ല."

113. 26-3-2004-ൽ കെട്ടിട ഉടമ നല്കിയ കത്തിൽ 14 മുതൽ 18 വരെയുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ പരാതിയില്ലെന്ന് പ്രസ്താവിച്ചിട്ടും നികുതി ഒഴിവാക്കി 2.92 ലക്ഷം രൂപയുടെ വാർഷിക നഷ്ടം നഗരസഭയ്ക്ക് വരുത്തിയതിന്റെ സാംഗത്യമെന്തെന്ന സമിതിയുടെ ചോദ്യത്തിന് പ്രസ്തുത റിസോർട്ട് തുടങ്ങുന്ന ദിവസം അന്നത്തെ സെക്രട്ടറി നടത്തിയ അസസ്മെന്റിന് എതിരായിട്ടാണ് പരാതി വന്നിരിക്കുന്നത് എന്നും അത് പരിശോധിച്ചതിൽ ആലപ്പുഴ നഗരസഭയിൽ ഇന്നുപോലും നിലനിൽക്കുന്ന റേറ്റിന് നിരക്കാത്ത തരത്തിലുള്ള റേറ്റാണ് അസസ് ചെയ്തിരുന്നത് എന്നും സെക്രട്ടറിയല്ല, റവന്യൂ ഓഫീസറാണ് അസസ് ചെയ്യുന്നതെന്നും സെക്രട്ടറി അത് അപ്രൂവ് ചെയ്യുമെന്നും സെക്രട്ടറി അപ്രൂവ് ചെയ്തുകഴിഞ്ഞാൽ അതിൻമേൽ തീരുമാനമെടുക്കാനുള്ള അധികാരം അപ്പീൽ അതോറിറ്റിക്കാണ് എന്നും, ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു.

114. ആ കമ്മിറ്റിയെ മറികടന്ന് സെക്രട്ടറിക്ക് വീണ്ടും തീരുമാനമെടുക്കാൻ അധികാരം ഉണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന്, അങ്ങനെ ചെയ്തിട്ടില്ലെന്നും അവിടെ നടത്തിയ അസസ്മെന്റിനെതിരായി സെക്രട്ടറിക്കാണ് റിവിഷൻ കൊടുത്ത തെന്നും സെക്രട്ടറി അത് ഡിസ്മിസ് ചെയ്യുകയും അതിനുശേഷം കമ്മിറ്റിക്ക് അപ്പീൽ ഫയൽ ചെയ്തുവെന്നും അതോടൊപ്പം തന്നോടുള്ള വിരോധംകൊണ്ടാണ് ഇപ്രകാരം ഭീമമായ തുകയ്ക്ക് ടാക്സ് ചുമത്തിയതെന്ന് കാണിച്ച് റിസോർട്ടുടമ സർക്കാരിലേക്ക് പെറ്റീഷൻ മൂവ് ചെയ്തുവെന്നും ഗവൺമെന്റ് മുഴുവൻ റെക്കോഡ്സും വാങ്ങിയിട്ട് രണ്ടു പ്രാവശ്യം പരിശോധിച്ചശേഷം റിവ്യൂ ചെയ്യാൻ സെക്രട്ടറിക്ക് ഡയറക്ഷൻ കൊടുത്തുവെന്നും അങ്ങനെ റിവ്യൂ ചെയ്തപ്പോൾ അവിടെ നിലനിന്നിരുന്ന റേറ്റ് പരിഗണിച്ചുകൊണ്ടാണ് പുതിയ നിരക്കിൽ ടാക്സ് ചുമത്തിയതെന്നും ഇതു സംബന്ധിച്ച് സർക്കാരിലേക്ക് മറുപടി കൊടുത്തിട്ടുണ്ട് എന്നും ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു.

115. നികുതി കുറച്ചുകൊടുക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശമുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് പുനഃപരിശോധിക്കണമെന്നു മാത്രമാണ് പറഞ്ഞതെന്നും, പരാതി സമയത്തെ പെറ്റീഷണർ സ്ഥലത്തെ മറ്റുകെട്ടിടങ്ങളുടെ നികുതിയുമായി താരതമ്യം ചെയ്തുകൊണ്ടുള്ള നിരക്ക് ചൂണ്ടിക്കാണിച്ചുകൊണ്ട് ന്യായീകരിക്കത്തക്ക നിരക്കിലല്ല ടിയാന് ടാക്സ് ചുമത്തിയതെന്നും, അതുകൊണ്ട് കുറയ്ക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു വെന്നും സെക്രട്ടറി മറുപടി നൽകി.

116. ഇക്കാര്യങ്ങൾ വിശദീകരിച്ചുകൊണ്ട് മുൻ സെക്രട്ടറി ഓഡിറ്റ് വകുപ്പിന് മറുപടി നൽകിയിട്ടുണ്ടെന്നും, ഓഫീസ് ഫയലിൽ ആ മറുപടി ഉണ്ടെന്നും കൂട്ടിച്ചേർത്തു.

117. ഗവൺമെന്റിന്റെ റിപ്പോർട്ട് വന്നുകഴിഞ്ഞാലും ഒരിക്കൽ നികുതി ഫിക്സ് ചെയ്തുകഴിഞ്ഞാൽ കൗൺസിലാണ് അപ്പലേറ്റ് അതോറിറ്റിയെന്നും ആ കൗൺസിലിനെ മറികടന്ന് സെക്രട്ടറി തീരുമാനമെടുത്താൽ ഉത്തരവാദിത്വം മുഴുവൻ സെക്രട്ടറിക്കാണെന്നും അതിനെതിരെ തീരുമാനമെടുക്കേണ്ടിയിരുന്നത് കൗൺസിലായിരുന്നുവെന്നും സമിതി വ്യക്തമാക്കി.

118. നഗരസഭ ഓക്യുപെൻസി സർട്ടിഫിക്കറ്റ് നൽകിയ കെട്ടിടങ്ങളുടെ പണികൾ പൂർത്തീകരിച്ചിട്ടില്ലെന്ന് സെക്രട്ടറി സർക്കാരിലേക്ക് നൽകിയ റിപ്പോർട്ട് വസ്തുതകൾക്ക് നിരക്കുന്നതാണോയെന്ന സമിതിയുടെ ചോദ്യത്തിന് അത് സത്യവിരുദ്ധ മല്ലെന്നും ഫയൽ പരിശോധിച്ചിട്ട് പറഞ്ഞതാണെന്നും രണ്ടാമത്തെ പരിശോധന സമയത്തുപോലും ഓക്യുപെൻസി ആയിട്ടില്ലായിരുന്നുവെന്നും ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറി മറുപടി നൽകി.

119. നിശ്ചയിക്കുന്ന നികുതി നൽകാൻ തയ്യാറാണെന്നും ഓക്യുപെൻസി സർട്ടിഫിക്കറ്റ് നൽകിയാൽ മതിയെന്നും ഉടമ പറഞ്ഞിട്ടും 2 ലക്ഷം രൂപ നികുതിയിൽ സൗജന്യം നൽകിയ സെക്രട്ടറി നേരായ മാർഗ്ഗത്തിലാണ് നികുതി ഇളവു നൽകിയതെന്ന് വിശ്വസിക്കാൻ നിവൃത്തിയില്ലെന്നും, അങ്ങനെ നികുതി ഇളവ് കൊടുക്കാൻ നഗരസഭാ ചട്ടം അദ്ദേഹത്തെ അനുവദിക്കുന്നില്ലെന്നും സമിതി വ്യക്തമാക്കി.

120. 2,92,000 രൂപയാണ് ലയബിലിറ്റി ഫിക്സ് ചെയ്തിരിക്കുന്നതെന്നും ആദ്യം അസസ് ചെയ്തതല്ലാതെ രണ്ടാമത് അസസ് ചെയ്തിട്ടില്ലെന്നും നികുതിയിൽ ഇളവ്

വരുത്തി തീരുമാനമെടുക്കുമ്പോൾ അത് കൗൺസിലിൽ സമർപ്പിച്ചിട്ടില്ലെന്നും അത് ചട്ടങ്ങൾക്ക് വിരുദ്ധമാണെന്നും ഒരിക്കൽ റവന്യൂ ഇൻസ്പെക്ടർ സ്ഥലം സന്ദർശിച്ച് അസസ് ചെയ്തുകൊണ്ടുവരുന്ന നികുതി സ്വീകരിച്ചു കഴിഞ്ഞാൽ സെക്രട്ടറിക്ക് പിന്നെ റിവിഷൻ മാത്രമേ ആകാവൂയെന്നും ആദ്യത്തെ സെക്രട്ടറി നികുതി കുറവ് ചെയ്യേണ്ടതി ല്ലെന്ന് വളരെ ഉറച്ച തീരുമാനമാണ് എടുത്തതെന്നും സമിതി ചൂണ്ടിക്കാട്ടി.

121. എന്നാൽ രണ്ടാമത്തെ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തിന് ഗവൺമെന്റ് നിർദ്ദേശം കൊടുത്ത് അത് പുനഃപരിശോധിക്കാൻ പറഞ്ഞത് എന്നും രണ്ടാമത്തെ സെക്രട്ടറിയുടെ പ്രവൃത്തിയാണ് ശരിയായി തോന്നുന്ന തെന്നും നിലവിലെ സെക്രട്ടറി വ്യക്തമാക്കി.

122. ഒന്നാമത്തെ സെക്രട്ടറി സ്ഥലം സന്ദർശിച്ചതിനുശേഷം റിവിഷണൽ പവർ ഉപയോഗിച്ച് ഇത് മാറ്റേണ്ടെന്ന് തീരുമാനമെടുത്തത് രണ്ടാമത്തെ സെക്രട്ടറിക്ക് മാറ്റാൻ അധികാരമില്ലെന്നും റിവിഷണൽ പവർ ഒരു ക്വാസി ജുഡീഷ്യൽ ഫംഗ്ഷൻ ആണെന്നും അത് മാറ്റാൻ ഒരു അപ്പലേറ്റ് ബോഡിക്കുമാത്രമേ അധികാരമുള്ളൂവെന്നും കൗൺസിൽ എന്നു പറയുന്ന അപ്പലേറ്റ് ബോഡി അവിടെയുള്ളപ്പോൾ ഗവൺമെന്റിന് ഏകപക്ഷീയമായി തീരുമാനിക്കാൻ അധികാരമില്ലെന്നും ആയതിനാൽ 2,92,000 രൂപ തിരികെ ഈടാക്കണമെന്നും സമിതി വ്യക്തമാക്കി.

123. ഈ വിഷയത്തിൻമേൽ എന്തെങ്കിലും വിശദീകരണം നൽകാനുണ്ടെങ്കിൽ രേഖകൾ സഹിതം ഗവൺമെന്റിന്റെ പുനഃപരിശോധനാ റിപ്പോർട്ട് കൗൺസിൽ അംഗീകരിച്ചതായ രേഖയുണ്ടെങ്കിൽ അതും ഉൾപ്പെടെ രണ്ടാഴ്ചയ്ക്കുള്ളിൽ അത് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറിയോട് നിർദ്ദേശിച്ചു.

124. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 23-6-2008-ലെ എൽ.എഫ്. 21212/സ്പെ. സെൽ ജി1/08 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"2004-05-ൽ ആദ്യം നികുതി ചുമത്തുകയും, പിന്നീട് പണി പൂർത്തിയായില്ല എന്ന കാരണത്താൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെടുകയും ചെയ്ത കെട്ടിടങ്ങൾക്കു മേൽ നാളിതുവരെ നികുതി ചുമത്തിയതായി പരിശോധനയിൽ കാണുന്നില്ല. നികുതി നിർണ്ണയിച്ചത് പുനഃപരിശോധിക്കുവാനുള്ള സർക്കാർ ഉത്തരവ് സെക്രട്ടറി കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാതെ നേരിട്ടു നടപ്പാക്കിയതായി ഫയലു കളിൽ കാണുന്നത് സെക്രട്ടറിയുടെ ഈ നടപടി കൗൺസിൽ അംഗീകരിച്ചതായ യാതൊരു രേഖകളും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല."

**നിഗമനങ്ങൾ/ശുപാർശകൾ**

125. **റവന്യൂ ഇൻസ്പെക്ടർ സ്ഥലം സന്ദർശിച്ച് അസസ് ചെയ്ത നികുതി, പുനഃപരിശോധിക്കണമെന്ന് സർക്കാർ തീരുമാനമെടുത്താലും ഒരിക്കൽ നികുതി ഫിക്സ് ചെയ്തു കഴിഞ്ഞാൽ അപ്പലേറ്റ് അതോറിറ്റിയായ കൗൺസിലിന് മാത്രമേ അത് മാറ്റാൻ അധികാരമുള്ളൂവെന്നും ഇവിടെ നികുതി പുനഃപരിശോധിക്കുവാനുള്ള സർക്കാർ ഉത്തരവ് സെക്രട്ടറി കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാതെ നേരിട്ട് നടപ്പാക്കിയതായാണ് മനസ്സിലാകുന്നതെന്നും സമിതി വിലയിരുത്തുന്നു.**

**126. സെക്രട്ടറിയുടെ പ്രസ്തുത നടപടി കൗൺസിൽ അംഗീകരിച്ചതായ യാതൊരു രേഖകളും നഗരസഭയ്ക്ക് ഹാജരാക്കാൻ സാധിക്കാത്ത സാഹചര്യത്തിലും ബന്ധപ്പെട്ട സെക്രട്ടറിക്ക് ഇതു സംബന്ധമായ ഒരു രേഖയും ഇതിനകം ഹാജരാക്കാൻ കഴിയാത്ത സാഹചര്യത്തിലും, ഓഡിറ്റിൽ പരാമർശിക്കുന്ന 2,92,000 രൂപ പലിശ സഹിതം ഉത്തരവാദിയായ മുൻസെക്രട്ടറിയുടെ പക്കൽനിന്നും ഈടാക്കി റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പ്രവർത്തനക്ഷമമല്ലാത്ത റോഡ് റോളർ വാങ്ങിയതിൽ നഗരസഭയ്ക്ക് 4.88 ലക്ഷം നഷ്ടം**

വീതികുറഞ്ഞ റോഡുകളിൽ ഉപയോഗിക്കുന്നതിനായി മിനിറോഡ് റോളർ വാങ്ങാനുള്ള നഗരസഭയുടെ പദ്ധതി എഞ്ചിനീയറുടെ റിപ്പോർട്ടും മറ്റു നടപടിക്രമങ്ങളും ലംഘിച്ച് നടപ്പാക്കിയതിനാൽ 4.88 ലക്ഷം രൂപയുടെ നഷ്ടം 'ഇൻഡ്യടെക് (പി) ലിമിറ്റഡ്' എന്ന സ്ഥാപനം നൽകിയ ഓഫർ നിരസിച്ച് നേരിട്ട് ഹാജരായ 'റെയ്ഡ്കോ'-യിൽ നിന്നാണ് ഗുണമേന്മ പരിഗണിക്കാതെ മിനി റോഡ് റോളർ വാങ്ങിയത്. ഇത് പ്രവർത്തനക്ഷമമല്ലെന്നു കണ്ടതിനെത്തുടർന്ന് 29-5-1999-ൽ മറ്റൊരു റോളർ നൽകിയങ്കെിലും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗയോഗ്യമല്ലെന്നു കണ്ടതിനാൽ 6-11-99-ൽ കമ്പനിയെ അറിയിച്ചു. കമ്പനിയിൽ നിന്നും റോളറിന്റെ സ്റ്റാർട്ടർ അഴിച്ചുകൊണ്ട് പോയത് തിരികെ ലഭിക്കുവാൻ രണ്ട് കത്തുകൾ എഴുതിയെങ്കിലും സ്റ്റാർട്ടർ തിരികെ ലഭിച്ചില്ല. ഒരു വർഷം ഗ്യാരന്റിയുണ്ടായിരുന്ന റോളർ കേടുപാടുകൾ തീർത്തുവാങ്ങാൻ സമയം ഉണ്ടായിരുന്നിട്ടും നഗരസഭയുടെ അനാസ്ഥ മൂലം സാധിച്ചില്ല. എഞ്ചിനും നഷ്ടപ്പെട്ട് ഉപേക്ഷിക്കപ്പെട്ട രീതിയിൽ കാണുന്ന റോളർ വാങ്ങിയതിൽ ഉണ്ടായ 4,88,400 രൂപയാണ്. ഉത്തരവാദികളിൽ നിന്നും നഷ്ടം ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05 ഖണ്ഡിക നമ്പർ 4.2.1.2)

127. തദ്ദേശസ്വയംഭരണ വകുപ്പ് 26-12-2007-ലെ 78024/സ്പെസെൽ ജി1/07/എൽ. എസ്.ജി.ഡി. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"വീതികുറഞ്ഞ റോഡുകളിൽ ഉപയോഗിക്കുന്നതിനായി മിനി റോഡ് റോളർ വാങ്ങുന്നതിന് തീരുമാനിക്കുകയും ലഭിച്ച കൊട്ടേഷനുകൾ പരിശോധിച്ചശേഷം നഗരസഭാ കൗൺസിൽ സർക്കാർ സ്ഥാപനമായ റെയ്ഡ്കോയിൽ നിന്നും റോളർ വാങ്ങിയിട്ടുള്ളതുമാണ്. കേടായ റോളറിന് സമയബന്ധിതമായി സർവ്വീസ് ലഭിക്കാത്ത തിനാൽ ഓഫീസ് വളപ്പിൽ സൂക്ഷിച്ചിട്ടുള്ളതുമാണ്. പരാതിയെ തുടർന്ന് ഇതിനെ സംബന്ധിച്ച് അന്വേഷണങ്ങൾക്കായി വിജിലൻസ് പോലീസ് സ്ഥലത്തുവന്ന് റോളർ പരിശോധിക്കുകയും ബന്ധപ്പെട്ട രേഖകളും ഫയലുകളും അന്വേഷണത്തിനായി ഏറ്റെടുത്തിരുന്നതുമാണ്. വിജിലൻസിന്റെ അന്വേഷണം തുടർന്നുവന്നിരുന്നതിനാലും പ്രത്യേകമായി അറിയിപ്പുകൾ ഒന്നും ലഭിക്കാത്തതിനാലും ടി വിഷയത്തിൽ തുടർ നടപടികൾ ഓഫീസിൽനിന്ന് സ്വീകരിച്ചിരുന്നില്ല. വിജിലൻസ് പരിശോധനയ്ക്ക് ശേഷം ഫയൽ ഓഫീസിൽ മടക്കി ലഭിച്ചിട്ടുള്ളതിനാൽ പരാതിക്ക് ആസ്പദമായ

റോളർ പരിശോധിച്ച് വില നിശ്ചയിക്കുന്നതിനായി പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ ഡിവിഷൻ കത്ത് നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിച്ചുകൊള്ളുന്നതുമാണ്."

128. ഇൻഡ്യാടെക് (പി) ലിമിറ്റഡ് സ്ഥാപനത്തിന്റെ ഓഫർ നിരസിച്ചിട്ട് റെയ്ഡ്കോയിൽ നിന്നും റോഡ് റോളർ വാങ്ങിയതിൽ 4,88,400 രൂപയുടെ നഷ്ടമുണ്ടായതിന്റെ കാരണമെന്തെന്ന സമിതിയുടെ ചോദ്യത്തിന് അതു സംബന്ധിച്ച ഫയലും ഒറിജിനൽ രേഖകളുമെല്ലാം വിജിലൻസിന്റെ കൈവശമായിരുന്നെന്നും അത് ഇപ്പോൾ തിരികെ ലഭിച്ചിട്ടുണ്ടെന്നും ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറി വ്യക്തമാക്കി. അതിന്റെ വിശദീകരണം രണ്ടാഴ്ചയ്ക്കുള്ളിൽ ഓഡിറ്റ് വകുപ്പിന് കൈമാറണമെന്ന് സമിതി സെക്രട്ടറിയോട് നിർദ്ദേശിച്ചു.

129. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 23-6-2008-ലെ എൽ.എഫ്. 21212/സ്പെ. സെൽ ജി1/08 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"പ്രവർത്തനക്ഷമമല്ലാത്ത റോഡ് റോളർ പരിശോധിച്ച് വിലനിർണ്ണയം ചെയ്ത് നൽകുന്നതിന് പി.ഡബ്ല്യു.ഡി. മെക്കാനിക്കൽ വിംഗിലേക്ക് കത്ത് നൽകിയിട്ടുള്ളതായും വില നിർണ്ണയിച്ച് ലഭിച്ചിട്ടില്ലാത്തതുമാണെന്നാണ് സെക്രട്ടറി കത്തിൽ വിശദീകരിച്ചിട്ടുള്ളത്."

**നിഗമനങ്ങൾ/ശുപാർശകൾ**

**130. ഒരു വർഷം ഗ്യാരന്റിയുണ്ടായിരുന്ന റോഡ് റോളർ കേടുപാടുകൾ തീർത്ത് ഉപയോഗയോഗ്യമാക്കുവാൻ സമയം ഉണ്ടായിരുന്നിട്ടും അതിനു കഴിയാതിരുന്നത് നഗരസഭയുടെ കടുത്ത അനാസ്ഥമൂലമാണെന്ന് സമിതി വിലയിരുത്തുന്നു.**

**131. റോഡ് റോളർ വാങ്ങിയത് സംബന്ധിച്ച് വിജിലൻസ് നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് സമിതിക്ക് അടിയന്തിരമായി ലഭ്യമാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ആലപ്പുഴ ഡവലപ്മെന്റ് അതോറിട്ടിയിൽനിന്നും നഗരസഭ ഏറ്റെടുത്ത ലക്ഷങ്ങൾ വിലമതിക്കുന്ന ഉപകരണങ്ങൾ കാണാനില്ല**

21-12-1999-ലെ ജി.ഒ. (എംഎസ്.) 251/99 ഉത്തരവ് പ്രകാരം ആലപ്പുഴ ഡവലപ്മെന്റ് അതോറിറ്റിയുടെ ആസ്തിബാധ്യതകൾ തിട്ടപ്പെടുത്തി ഏറ്റെടുക്കുവാൻ നഗരസഭയെ ചുമതലപ്പെടുത്തുകയും സെക്രട്ടറിയുടെ 14-11-2000-ലെ ജി-1-35526 നമ്പർ ഉത്തരവ് പ്രകാരം മഹസ്സർ തയ്യാറാക്കി ഏറ്റെടുക്കുകയും ചെയ്തു. ഡവലപ്മെന്റ് അതോറിറ്റി ഓഫീസ് ഉപകരണങ്ങളിൽ എയർകണ്ടീഷണർ, ബ്ലൂ പ്രിന്റർ, കട്ടിൽ, ഫാൻ, ടൈപ്പ് റൈറ്റർ, മേശ, കസേര തുടങ്ങി 39 ഇനങ്ങളിലായി 130-ൽ അധികം സാധനങ്ങളും ഇവയുടെ വിവരം അടങ്ങിയ സ്റ്റോക്ക് രജിസ്റ്ററും ഉൾപ്പെട്ടിരുന്നു.

ഏറ്റെടുത്ത സാധനങ്ങളുടെ വിനിയോഗ വിവരം ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ലഭിച്ചില്ല. മേശ, കസേര, കട്ടിൽ, ഫാൻ തുടങ്ങി നഗരസഭാ ഓഫീസിനും ക്വാർട്ടേഴ്സിനും ആവശ്യമുള്ള എല്ലാ ഉപകരണങ്ങളും വിലയ്ക്കുവാങ്ങിയാണ്

ഉപയോഗിക്കുന്നത്. ലക്ഷങ്ങൾ വിലമതിക്കുന്ന ഡവലപ്മെന്റ് അതോറിറ്റി വക ഓഫീസ് ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനും വിനിയോഗിക്കുന്നതിനും വരുത്തിയ വീഴ്ച അന്വേഷിക്കേണ്ടതും മേൽനടപടി സ്വീകരിക്കേണ്ടതുമാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് : 2004-05 ഖണ്ഡിക നമ്പർ 4.2.1.3)

132. തദ്ദേശസ്വയംഭരണ വകുപ്പ് 26-12-2007-ലെ 78024/സ്പെസെൽ ജി1/07/എൽ. എസ്.ജി.ഡി. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"നിർത്തലാക്കിയ ആലപ്പുഴ വികസന അതോറിറ്റി ഓഫീസിൽ നിന്നും പഴയ ഫർണിച്ചറുകളും ഉപകരണങ്ങളും 14-11-2000-ൽ നഗരസഭ ഏറ്റെടുത്തിട്ടുള്ളതാണ്. ഇതിൽ ഉപയോഗക്ഷമമായിരുന്ന എല്ലാ വസ്തുക്കളും നഗരസഭയുടെ വിവിധ സെക്ഷനുകളിലെ ഉപയോഗത്തിനായി നൽകിയിട്ടുള്ളതും ഉപയോഗയോഗ്യമല്ലാതിരുന്ന ഇരുമ്പ് സാധനങ്ങളും പ്രവർത്തനരഹിതമായ എയർ കണ്ടീഷനും നഗരസഭാ ഓഫീസ് കോമ്പൗണ്ടിൽ പഴയ സാധനങ്ങളോടൊപ്പം സൂക്ഷിച്ചിട്ടുള്ളതുമാണ്. കാലപ്പഴക്കംകൊണ്ട് മിക്കവയും ഉപയോഗയോഗ്യമല്ലാതിരുന്നതും ഉപയോഗ ശൂന്യമായവ സ്ക്രാപ് ലേലത്തിൽ ഉൾപ്പെട്ടുപോയിട്ടുള്ളതുമാണ്. ഇക്കാര്യത്തിൽ യാതൊരുവിധമായ സാമ്പത്തിക നഷ്ടവും സംഭവിച്ചിട്ടില്ലെന്ന് അന്വേഷണത്തിൽ വെളിവായ വിവരം ബോധിപ്പിക്കുന്നു."

133. ആലപ്പുഴ ഡവലപ്മെന്റ് അതോറിറ്റിയിൽ നിന്നും നഗരസഭ ഏറ്റെടുത്ത സാധനങ്ങളുടെ സ്റ്റോക്ക് എടുക്കേണ്ടതല്ലേയെന്ന സമിതിയുടെ ചോദ്യത്തിന് എ.സി. ഒഴിച്ച് ബാക്കിയെല്ലാ സാധനങ്ങളും അവിടെയുണ്ടെന്നും എ.സി. സ്ക്രാപ്പ് ചെയ്ത് ലേലത്തിൽപ്പോയി എന്നാണ് അറിവെന്നും പ്രസ്തുത ഓഡിറ്റ് ഖണ്ഡികയെ സംബന്ധിച്ച് മറുപടി നൽകാമെന്നും ഇൻവെന്ററിയും സ്റ്റോക്ക് രജിസ്റ്ററുമാണ് നഷ്ടമായിരിക്കുന്നതെന്നും ഓഫീസിലെ രജിസ്റ്ററുകളും മറ്റും പ്രോപ്പറായി സൂക്ഷിക്കാത്തതുകാരണം പലതും നശിച്ചുപോയിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകി.

134. 39 ഇനങ്ങളിലായി 130-ൽപ്പരം സാധനങ്ങളാണ് കൈമാറി ലഭിച്ചതെന്നും ഡെവലപ്മെന്റ് അതോറിറ്റിയിൽ നിന്നും മേൽപ്പറഞ്ഞ സാധനങ്ങളെല്ലാം വാങ്ങിയിട്ട് അവിടെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ലോക്കൽ ഫണ്ട് ഓഡിറ്റിന് മറുപടി നൽകുകയോ ചെയ്തിട്ടില്ലെന്നും ഇപ്പോൾ അവയൊക്കെ അവിടെയുണ്ടോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ബ്ലൂ പ്രിന്റർ ഉൾപ്പെടെയുള്ള സാധനങ്ങൾ തന്റെ കസ്റ്റഡി യിലുണ്ടെന്നും ഇപ്പോഴുള്ള സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഇതിന്റെ ചാർജ് കൊടുത്തിട്ടുണ്ടെന്നും സെക്രട്ടറി വെളിപ്പെടുത്തി.

135. ഇപ്പോൾ അതിൽ എത്ര സാധനങ്ങളുണ്ടെന്ന് കണ്ടുപിടിക്കാൻ സാധിക്കുമോ എന്ന സമിതിയുടെ ചോദ്യത്തിന് അതിന്റെ ലിസ്റ്റിലുണ്ട് എന്ന് സെക്രട്ടറി അറിയിച്ചു.

136. രണ്ടാഴ്ചയ്ക്കുള്ളിൽ ഭൗതിക പരിശോധന നടത്തണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് സമിതി നിർദ്ദേശം നൽകി.

137. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 23-6-2008-ലെ എൽ.എഫ്. 21212/സ്പെ. സെൽ ജി1/08 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"വിവിധയിനങ്ങളിൽപ്പെടുന്ന 32 ഫർണിച്ചറുകളുടെ ഒരു ലിസ്റ്റ് മാത്രമാണ് നഗരസഭ നൽകിയിട്ടുള്ളത്. അവ വിവിധ സ്ഥലങ്ങളിലായി സൂക്ഷിച്ചിട്ടുണ്ട് എന്നല്ലാതെ കൃത്യമായി പറയാൻ നിലവിലുള്ള ഉദ്യോഗസ്ഥൻമാർക്ക് കഴിയുന്നില്ല. ഭൗതിക പരിശോധന നടത്തുന്നതിലേക്ക് ഓഡിറ്റ് വകുപ്പിന് അധികൃതരുടെ ഭാഗത്തുനിന്നും യാതൊരുവിധ സഹകരണവും ലഭിച്ചിട്ടില്ല. ആയതിനാൽ ഭൗതിക പരിശോധന നടത്തുവാൻ കഴിഞ്ഞിട്ടില്ല."

**നിഗമനങ്ങൾ/ശുപാർശകൾ**

138. **നഗരസഭ ഏറ്റെടുത്ത വസ്തുക്കളുടെ ഭൗതിക പരിശോധന നടത്തുന്നതിന് ഓഡിറ്റ് വകുപ്പുമായി നഗരസഭ സഹകരിക്കാത്തതിൽ നിന്നുതന്നെ ഇക്കാര്യത്തിൽ ക്രമക്കേട് നടന്നിട്ടുണ്ടോ എന്ന് സമിതി സംശയിക്കുന്നു.**

139. **ബ്ലൂപ്രിന്റർ ഉൾപ്പെടെയുള്ള സാധനങ്ങൾ തന്റെ കസ്റ്റഡിയിലുണ്ടെന്നും ഇപ്പോഴുള്ള സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെന്നും സമിതി മുമ്പാകെ മൊഴി നൽകിയ നഗരസഭ സെക്രട്ടറിക്ക് സമിതി നിർദ്ദേശപ്രകാരം ഭൗതിക പരിശോധനയ്ക്കെത്തിയ ഓഡിറ്റ് വകുപ്പ് മുമ്പാകെ ആയത് ശരിയായി ബോധിപ്പിക്കേണ്ട/തെളിയിക്കേണ്ട ബാധ്യതയുണ്ടായിരുന്നു. അപ്രകാരമുള്ള ഒരു സഹകരണവും നൽകാതിരുന്നതുമൂലം ഓഡിറ്റ് വകുപ്പിന് ഇക്കാര്യത്തിൽ ഭൗതിക പരിശോധന നടത്തുവാൻ കഴിഞ്ഞിട്ടില്ല.**

140. **ആയതിനാൽ സമിതി നിർദ്ദേശം പാലിക്കാതിരുന്ന ആലപ്പുഴ നഗരസഭ സെക്രട്ടറിക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ഓഡിറ്റ് വകുപ്പിന് ഭൗതിക പരിശോധന നടത്തുവാൻ വേണ്ട സാഹചര്യം നഗരസഭ ഒരുക്കണമെന്നും ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ചട്ടങ്ങൾ ലംഘിച്ച് മുൻകൂർ നൽകിയത് നാളിതുവരെ തട്ടിക്കിഴിച്ചിട്ടില്ല**

2004-2005-ലെ ബഡ്ജറ്റ് അവതരണ ചെലവിനായി 1.25 ലക്ഷം രൂപ 26-3-2004-ലും 3-4-2004-ലുമായി നഗരസഭ വൈസ്ചെയർമാന് നൽകിയത് 1994-ലെ കേരള മുൻസിപ്പാലിറ്റീസ് ആക്ട് സെക്ഷൻ 49(1) ലംഘിച്ചുകൊണ്ടാണ്. കാര്യ നിർവ്വഹണാധികാരിയായ സെക്രട്ടറി അദ്ദേഹത്തിന്റെ ചുമതല നഗരസഭാ വൈസ് ചെയർമാനെ ഏൽപ്പിച്ചതും വൈസ് ചെയർമാൻ തുക കൈപ്പറ്റിയതും നിയമപരമല്ല. 30-3-2004-ൽ 2004-2005-ലെ ബഡ്ജറ്റ് പാസാക്കിയ സാഹചര്യത്തിൽ 3-4-2004-ൽ വീണ്ടും 45,000 രൂപ മുൻകൂർ നൽകിയതിന്റെ ആവശ്യം വ്യക്തമല്ല. മുൻകൂർ നൽകിയ തുക നാളിതുവരെ തട്ടിക്കിഴിക്കുകയോ 18-12-1996-ലെ 75/96/ഫിൻ. സർക്കുലറിൽ വിലക്കിയിട്ടുള്ള കാര്യങ്ങൾക്ക് ചെലവഴിച്ചോ എന്ന് ബോദ്ധ്യപ്പെടുത്തുകയും ചെയ്യാത്ത സാഹചര്യത്തിൽ മുൻകൂർ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കണം.

(സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-2005 ഓഡിറ്റ് ഖണ്ഡിക നമ്പർ 4.2.1.4)

141. തദ്ദേശസ്വയംഭരണ വകുപ്പ് 26-12-2007-ലെ 78024/എബി1/07/LSGD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"2004-05 വർഷത്തെ ബഡ്ജറ്റ് അവതരണ ചെലവുമായി ബന്ധപ്പെട്ട് നഗരസഭാ വൈസ് ചെയർമാന്റെ പേരിൽ 1,25,000 രൂപ മുൻകൂർ അനുവദിച്ചതിന് ഓഡിറ്റിൽ തടസ്സപ്പെടുത്തിയതിനെ തുടർന്ന് ടിയാൻ മുഴുവൻ തുകയും 6-9-2005-ലെ 83583 രസീത് പ്രകാരം മുനിസിപ്പൽ ഫണ്ടിൽ ഒടുക്ക് വരുത്തിയിട്ടുള്ളതാണ്."

142. 2004-05-ലെ ബഡ്ജറ്റ് അവതരണ ചെലവിനായി 1.25 ലക്ഷം രൂപ 26-3-2004-ലും 3-4-2004-ലുമായി നഗരസഭ വൈസ്ചെയർമാന് നൽകിയത് ഇതുവരെ ക്രമപ്പെടുത്താത്തതെന്താണെന്ന് സമിതിയുടെ ചോദ്യത്തിന് ഇപ്രകാരം മുൻകൂർ നൽകാൻ പാടില്ലാത്തതാണെന്നും ബഡ്ജറ്റ് മീറ്റിംഗ് എന്നെഴുതിയാണ് തുക കൊടുത്തിരിക്കുന്നതെന്നും ഓഡിറ്റ് ഒബ്ജക്ഷൻ വന്നപ്പോൾ തുക തിരിച്ചടച്ചതുകൊണ്ട് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ചിട്ടില്ലെന്നും മുനിസിപ്പാലിറ്റി സെക്രട്ടറി വ്യക്തമാക്കി. എത്രനാൾ കഴിഞ്ഞാണ് തുക തിരിച്ചടച്ചത് എന്ന സമിതിയുടെ ചോദ്യത്തിന് 2005-ലാണ് തിരിച്ചടച്ചതെന്ന് സെക്രട്ടറി വ്യക്തമാക്കി.

143. അതിന്റെ പലിശ എങ്ങനെയാണ് കണക്കാക്കുന്നതെന്നും അത് സെറ്റിൽ ചെയ്യുന്നതിനുമുമ്പ് വീണ്ടും 45,000 രൂപ കൂടി മുൻകൂർ കൊടുത്തത് തിരിച്ചടച്ചോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന് 6-9-2005-ൽ കുറച്ച് അടച്ചുവെന്നും അത് ബഡ്ജറ്റിന്റെ കോപ്പി പ്രിന്റ് എടുക്കുന്നതിനാണ് കൊടുത്തതെന്നും സെക്രട്ടറി വ്യക്തമാക്കി.

144. ഇത് സെറ്റിൽ ചെയ്തതിന്റെ രേഖകൾ രണ്ടാഴ്ചയ്ക്കുള്ളിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറെ ഏൽപ്പിക്കണമെന്ന് സമിതി ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറിയോട് നിർദ്ദേശിച്ചു.

145. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 23-6-2008-ലെ LF 21212/Spl.Cell.G1/08/ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"മുൻകൂർ കൈപ്പറ്റിയ തുക 1,25,000 രൂപ 6-9-2005-ലെ 83583-ാം നമ്പർ രസീത് പ്രകാരം മുനിസിപ്പൽ ട്രഷറിയിൽ ശ്രീ. എസ്. ബി. ബഷീർ ഒടുക്കിയിട്ടുണ്ട്."

**നിഗമനങ്ങൾ/ശുപാർശകൾ**

**146. നഗരസഭാ വൈസ്ചെയർമാൻ, മുൻകൂർ കൈപ്പറ്റിയ 1,25,000 രൂപ മുനിസിപ്പൽ ഫണ്ടിൽ ഒടുക്കിയിട്ടുള്ളതായി ഓഡിറ്റ് വകുപ്പ് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നഗരസഭയുടെ ദൈനംദിന കണക്കുകൾ എഴുതി തയ്യാറാക്കാൻ കരാറുകാരനെ ഏൽപ്പിച്ചിരിക്കുന്നു**

നഗരസഭയുടെ 4/2000 മുതൽ 3/2004 വരെയുള്ള വരവുചെലവ് രജിസ്റ്ററുകൾ എഴുതി മാസാന്ത്യകണക്കുകൾ തയ്യറാക്കാൻ ഒരു മാസം 2,450 രൂപ നിരക്കിൽ കരാർ നൽകി. ദൈനംദിന കണക്കുകൾ എഴുതി തയ്യാറാക്കാത്തത് അക്കൗണ്ട്സ്

വിഭാഗത്തിലെ ഗുരുതരമായ വീഴ്ചയാണെന്ന് അക്കൗണ്ട്സ് വിഭാഗത്തിന്റെ പൂർണ്ണ ചുമതലയുള്ള ചീഫ് അക്കൗണ്ടന്റ് 13-1-2004-ൽ ഫയലിൽ രേഖപ്പെടുത്തിയെങ്കിലും ഒരു നടപടിയും സ്വീകരിക്കാതെയാണ് കരാർ നൽകിയത്. വരവുചെലവ് കണക്കുകൾ എഴുതാതിരുന്ന കാലയളവിലും നഗരസഭയിലെ അക്കൗണ്ട്സ് വിഭാഗത്തിൽ ഒരു തസ്തികയും ഒഴിഞ്ഞുകിടന്നില്ല.

നഗരസഭയുടെ ബഡ്ജറ്റ് ഉൾപ്പെടെയുള്ള ഗൗരവമേറിയ രേഖകൾ തയ്യാറാക്കുന്നതും ധനകാര്യ കമ്മീഷന് വിവരങ്ങൾ നൽകുന്നതും ഇത്തരം പ്രാഥമിക രേഖകൾ തയ്യാറാക്കാതെയാണെന്നത് ഇതിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. നഗരസഭയുടെ ദൈനംദിന ചെലവുകൾക്കുപോലും കടം വാങ്ങുകയോ വകമാറ്റി ചെലവഴിക്കുകയോ ചെയ്യേണ്ട സാഹചര്യത്തിലാണ് ഇത്തരം ചെലവുകൾ കരാറുകാരന് മുൻകൂറായി 34,500 രൂപ നൽകിയെങ്കിലും മാസാന്ത്യകണക്കുകൾ ഒന്നും തന്നെ സമർപ്പിച്ചിട്ടില്ല. നിയമവിധേയമല്ലാത്ത ഇത്തരം ചെലവ് അനുവദനീയമല്ല.

(സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-2005 ഓഡിറ്റ് ഖണ്ഡിക നമ്പർ 4.2.1.5)

147. തദ്ദേശസ്വയംഭരണ വകുപ്പ് 26-12-2007-ലെ 78024/എബി1/07/LSGD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"1996-97 കാലഘട്ടത്തിൽ അധികാരവികേന്ദ്രീകരണം വഴി മറ്റു ഡിപ്പാർട്ടുമെന്റുകളിലെ വർക്കുകൾ കൂടി നഗരസഭകളിലേക്ക് കൈമാറുകയും 1997-98 കാലഘട്ടത്തിൽ നഗരസഭകളിൽ ജനകീയാസൂത്രണം നടപ്പാക്കുകയും ചെയ്തെങ്കിലും ആവശ്യമായ സ്റ്റാഫുകളെ നഗരസഭകളിലേക്ക് വിന്യസിപ്പിക്കാതിരിക്കുകയും 1996-97 കാലഘട്ടത്തിൽ സ്റ്റാഫ് സ്റ്റാൻഡേർഡൈസേഷന്റെ ഭാഗമായി നിലവിലുള്ള സ്റ്റാഫുകളെ വെട്ടിക്കുറയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ നഗരസഭയുടെ ദൈനംദിന പ്രവർത്തനങ്ങളിൽ പല താളപ്പിഴകളും സംഭവിച്ചിട്ടുള്ളതാണ്. കൂടാതെ കാലികമായി ആർ.ആർ., പി.ആർ. എന്നിവയിൽ വന്നിട്ടുള്ള ഇരട്ടിയിലധികം വർദ്ധനവും ടി വിഷയത്തിൽ കാലതാമസം വരാൻ കാരണമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ 41 മാസത്തെ കണക്കുകൾ കുടിശ്ശിക വരികയും ആയത് ഒരു ക്ലാർക്കിനെക്കൊണ്ട് സമയബന്ധിതമായി ചെയ്തുതീർക്കാൻ കഴിയാതെ വരികയും ചെയ്തപ്പോഴാണ് 6-2-2004-ലെ 8-ാം നമ്പർ ഫൈനാൻസ് കമ്മിറ്റി തീരുമാനം 23-3-2004-ലെ 19-ാം നമ്പർ കൗൺസിൽ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ കുടിശ്ശിക ജോലി തീർക്കുന്നതിന് പുറമേ നിന്നും കരാറുകാരനെ നിയോഗിക്കേണ്ടിവന്നത്.

മാസാന്ത്യ കണക്കുകൾ കുടിശ്ശികയായിരുന്നെങ്കിലും സമയാസമയങ്ങളിൽ ബഡ്ജറ്റ് അവതരണം നഗരസഭയുടെ നിലനിൽപ്പിനാവശ്യമായതിനാലും വരവ് ചെലവുകൾ മറ്റു രജിസ്റ്ററുകളിൽ നിന്നും എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിൽ നിന്നും മാസാവസാനം സർക്കാരിലേക്ക് അയയ്ക്കുന്ന സ്റ്റേറ്റ്മെന്റുകളുടെയും അടിസ്ഥാനത്തിലാണ് ബഡ്ജറ്റുകൾ തയ്യാറാക്കിയിട്ടുള്ളത്.

കരാർപ്രകാരമുള്ള പണികൾ യഥാസമയം പൂർത്തീകരിച്ചു നൽകിയിട്ടുണ്ട്. നിലവിൽ 2006-07 വരെയുള്ള ഡി.സി.ബി. കണക്കുകൾ പൂർത്തീകരിച്ച് ഡബിൾ എൻട്രി സിസ്റ്റത്തിൽ കണക്കുകൾ യഥാവിധി സൂക്ഷിച്ചുവരുന്നു.”

148. ഓഫീസിലെ മാസാന്ത്യ കണക്കുകൾ അവിടത്തെ ഉദ്യോഗസ്ഥന്മാർ തയ്യാറാക്കാതെ മാസം 2,450 രൂപ നിരക്കിൽ ശമ്പളം നല്കി ഒരാളെ ഇതിനായി നിയമിച്ചിരിക്കുന്നതിന്റെ സാംഗത്യമെന്തെന്ന സമിതിയുടെ ചോദ്യത്തിന് അവിടെയുള്ള ഉദ്യോഗസ്ഥർ അതിനുവേണ്ട യോഗ്യതയില്ലാത്തവരായിരുന്നെന്നും അവർക്ക് ജോലിഭാരം വളരെ കൂടുതലായിരുന്നുവെന്നും സെക്രട്ടറി വ്യക്തമാക്കി. കരാർ പ്രകാരം പണികൾ യഥാസമയം പൂർത്തീകരിച്ച് നൽകിയിട്ടുണ്ടെന്നും നിലവിൽ ഡി.സി.ബി. കണക്കുകൾ പൂർത്തീകരിച്ച് ഡബിൾ എൻട്രി സിസ്റ്റത്തിൽ സൂക്ഷിച്ചുവരുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

149. മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥർക്ക് അവരുടെ ജോലിയും അധികാരവും വേറെ ഒരാളിന് ഡെലിഗേറ്റ് ചെയ്യാൻ നിയമപരമായി അവകാശമില്ലെന്നും സ്റ്റാഫിന്റെ കുറവ് നികത്താൻ എംപ്ലോയ്മെന്റിൽ നിന്ന് നിയമിക്കുന്നതായിരുന്നു ഉചിതമെന്ന് സമിതി ചൂണ്ടിക്കാട്ടി.

150. അക്കൗണ്ടിംഗ് സിസ്റ്റം എല്ലാം അപ്ഡേറ്റ് ചെയ്യുന്നതിന് പുറത്തുനിന്ന് കരാറടിസ്ഥാനത്തിൽ ആളെ ചുമതലപ്പെടുത്തിയാൽ മാത്രമേ സാധിക്കുകയുള്ളൂവെന്നും അവിടെയുള്ള ഉദ്യോഗസ്ഥർ പരിശീലനം ലഭിച്ചവരല്ലെന്നും സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടുണ്ടെന്നും അതിൽ കുറവില്ലെന്നും പക്ഷേ ജോലിയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകി.

151. തദ്ദേശ സ്ഥാപനങ്ങളിലേക്ക് അധികാരം കൈമാറുമ്പോൾ അഡീഷണൽ തസ്തികകൾ സൃഷ്ടിക്കാതെ പുനർവിന്യാസംമൂലം ആവശ്യമായ ജീവനക്കാരെ കണ്ടെത്തണമെന്നാണ് സർക്കാർ വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും മേൽപ്പറഞ്ഞ നിയമനത്തിൽ സർക്കാരിന്റെ അംഗീകാരം വാങ്ങിയിരുന്നോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് കൗൺസിലിന്റെ റെസല്യൂഷനോടുകൂടി ചെയ്ത പ്രവൃത്തിയാണെന്ന് സെക്രട്ടറി വ്യക്തമാക്കി.

152. കഴിഞ്ഞ 3 വർഷത്തെ കണക്കുകൾ കരാർ അടിസ്ഥാനത്തിൽ ശരിയാക്കാൻ സർക്കാർ ഉത്തരവ് കൊടുത്തിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അർബൻ അഫയേഴ്സ് ഡയറക്ടർ ഇക്കാര്യം ശരിവെച്ചു. 2005-06 വർഷം വരെയുള്ള വാർഷിക കണക്കുകൾ തയ്യാറാക്കാനാണ് സർക്കാർ അംഗീകാരമുള്ളത് എന്ന് സീനിയർ ഫിനാൻസ് ഓഫീസർ ശ്രീ. ബി. മുരളീധരൻ വ്യക്തമാക്കി.

153. ആലപ്പുഴ, തലശ്ശേരി മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും 1-4-2007 മുതൽ ഡബിൾ എൻട്രി സിസ്റ്റം നടപ്പാക്കിയിട്ടുണ്ടെന്നും സിംഗിൾ എൻട്രിയിലുള്ള 2005-06 സാമ്പത്തിക വർഷം വരെയുള്ള വാർഷിക കണക്കുകൾ തയ്യാറാക്കാനാണ് കരാറടിസ്ഥാനത്തിൽ പുറത്തുനിന്ന് ആളെ ഉപയോഗിച്ചിരുന്നതെന്നും ഇപ്പോൾ അങ്ങനെ ആളെ വച്ചിട്ടില്ലെന്നും കൂട്ടിച്ചേർത്തു.

154. പ്രസ്തുത ഓഡിറ്റ് ഒബ്ജക്ഷനിലുള്ളത് പ്രതിമാസ കണക്കുകൾ തയ്യാറാക്കുന്നതിലുള്ള വീഴ്ചകളാണെന്നും എന്നാൽ കരാറടിസ്ഥാനത്തിൽ പുറത്തുനിന്നുള്ളവരെ

ക്കൊണ്ട് ചെയ്യിക്കാൻ ഗവൺമെന്റ് അനുവദിച്ചിട്ടുള്ളത് വാർഷിക കണക്കുകളാണെന്നും സീനിയർ ഫിനാൻസ് ഓഫീസർ ശ്രീ. ബി. മുരളീധരൻ സമിതിയിൽ വ്യക്തമാക്കി.

155. പഞ്ചായത്ത് രാജ് നിയമപ്രകാരവും മുനിസിപ്പാലിറ്റി നിയമപ്രകാരവും ഓരോ മാസവും അഞ്ചാം തീയതിക്കകം ഫിനാൻസ് കമ്മിറ്റി തലേമാസത്തെ മാസാന്ത്യ കണക്ക് പാസാക്കി കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണെന്ന് ലോക്കൽ ഫണ്ട് ഡയറക്ടർ കൂട്ടിച്ചേർത്തു. മേൽപ്പറഞ്ഞ സാഹചര്യത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം നിലനിൽക്കുന്നതാണെന്നും സർക്കാരിന്റെ അനുമതിയില്ലാതെ ഇത്തരം കാര്യങ്ങൾ ആവർത്തിക്കരുതെന്നും, കരാറുകാരന് മുൻകൂറായി 34,500 രൂപ നൽകിയെങ്കിലും മാസാന്ത്യ കണക്കുകൾ ഒന്നുംതന്നെ സമർപ്പിച്ചിട്ടില്ല എന്നാണ് നോട്ടിൽ പറഞ്ഞിരിക്കുന്നതെന്നും, 1999-2000 വരെ സോളമൻ എന്നൊരാളെ നിയമിക്കുന്നതായും അന്നുതന്നെ ശ്രീമതി പി. വിശാലാക്ഷിയെന്ന വേറൊരാളിനേയും നിയമിച്ചിരുന്നതായും കാണുന്നുവെന്നും സമിതി വ്യക്തമാക്കി. എന്നാൽ വിശാലാക്ഷിയെന്ന കോൺട്രാക്ടറെ സർക്കാർ ഓർഡറിനെ തുടർന്ന് വാർഷിക കണക്കുകൾ തയ്യാറാക്കാനാണ് നിയമിച്ചിരിക്കുന്നതെന്നും 41 മാസത്തെ പെന്റിംഗ് വന്നപ്പോഴാണ് ഒരാളെ വച്ചത് എന്നും അയാൾ കുറെ അപ്ഡേറ്റ് ചെയ്തശേഷം ബാക്കിയുള്ളവർക്കുകൾക്കാണ് ശ്രീ. സോളമന് കോൺട്രാക്ട് കൊടുത്തത് എന്നും സെക്രട്ടറി വിശദീകരിച്ചു.

156. പ്രസ്തുത ഓഡിറ്റ് തടസ്സത്തിന് വിശദമായ റിപ്പോർട്ട് തയ്യാറാക്കി ഓഡിറ്റ് വകുപ്പിന് കൈമാറണമെന്ന് സമിതി ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറിയോട് നിർദ്ദേശിച്ചു.

157. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 23-6-2008-ലെ LF 21212/Spl.Cell.G1/08/ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"ഓഡിറ്റ് തടസ്സം സംബന്ധിച്ച വിശദമായ റിപ്പോർട്ട് തയ്യാറാക്കി ഓഡിറ്റ് വകുപ്പിന് നൽകുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന് തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല."

**നിഗമനങ്ങൾ/ശുപാർശകൾ**

158. **കരാറടിസ്ഥാനത്തിൽ പുറത്തുനിന്നുള്ളവരെക്കൊണ്ട് വാർഷിക കണക്കുകൾ തയ്യാറാക്കാനാണ് സർക്കാർ അനുമതി ഉണ്ടായിരുന്നതെന്നും, പ്രതിമാസ കണക്കുകൾ തയ്യാറാക്കാൻ അപ്രകാരം സർക്കാർ അനുമതി ഇല്ലായിരുന്നുവെന്നും, സർക്കാർ അനുവാദമില്ലാതെ ചെയ്യുന്ന ഇത്തരം പ്രവർത്തികൾ ന്യായീകരിക്കാനാവില്ല എന്നും സമിതി അഭിപ്രായപ്പെടുന്നു.**

159. **ആയതിനാൽ മുൻകൂർ നൽകിയ 34,500 രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കുകയോ അതിനു കഴിഞ്ഞില്ലെങ്കിൽ സർക്കാർ ഉത്തരവിനു വിരുദ്ധമായി കരാറുകാരനെ നിയമിച്ച ഉദ്യോഗസ്ഥനിൽ നിന്നും ടി തുക ഈടാക്കി വിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അലോട്ട്മെന്റ് തുക ബിൽ പ്രകാരം പിൻവലിക്കാതെ അക്കൗണ്ടിലേക്ക് മാറ്റുകയും 80 ലക്ഷം രൂപ പിൻവലിച്ച് കൈവശം സൂക്ഷിക്കുകയും ചെയ്തത്**

നഗരസഭയ്ക്ക് മെയിന്റനൻസ് ഗ്രാന്റായി ലഭിച്ച 1.39 കോടി രൂപ 3-11-2004-ലെ ജി.ഒ.(പി) 516/2000/ഫിൻ. ഉത്തരവിലെ വ്യവസ്ഥ പ്രകാരം ബില്ലെഴുതി പിൻവലിക്കുന്നതിനുപകരം നഗരസഭാ അക്കൗണ്ടിലേക്ക് തെറ്റായി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തെടുത്തു. ഇതിൽ നിന്നും പിൻവലിച്ച ഒരു കോടി രൂപയിൽ 90 ലക്ഷം രൂപ സർക്കാർ അനുമതി കൂടാതെ ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. ഇതിൽ നിന്നും രണ്ട് തവണയായി 80 ലക്ഷം രൂപ പിൻവലിച്ച് നേരിട്ട് വേല നിർവ്വഹിക്കുന്നതിനായി നഗരസഭയിലെ അസിസ്റ്റന്റ് എഞ്ചിനീയറെ ഏൽപ്പിച്ചു. 20 ലക്ഷം രൂപയുടെ മാത്രം എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോഴാണ് ലഭിച്ച തുകയിലെ 57% ത്തിലധികം മുൻകൂറായി നൽകിയത്. ഈ ക്രമവിരുദ്ധ നടപടികൾ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് 34.39 ലക്ഷം രൂപ നഗരസഭാ ഫണ്ടിൽ തിരികെ ഒടുക്കി. കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും അനധികൃതമായി തുക പിൻവലിച്ച് കൈവശം സൂക്ഷിച്ചതിന് മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

[സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05 ഓ.ഖ. നമ്പർ 4.2.1.6]

160. തദ്ദേശസ്വയംഭരണ വകുപ്പ് 26-12-2007-ലെ 78024/AB1/07/LSGD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"നഗരസഭ മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് മുൻകൂർ ആയി എ.ഇ.യുടെ പേരിൽ 80 ലക്ഷം രൂപ അനുവദിച്ചത് ക്രമവിരുദ്ധമാണെന്ന റിപ്പോർട്ടിനെ തുടർന്ന് 34.39 ലക്ഷം രൂപ സഗരസഭാ ഫണ്ടിൽ തിരികെ ഒടുക്കിയിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം തുടർന്നുവരുന്നതും ഫയലുകളും രേഖകളും വിജിലൻസ് വകുപ്പ് ഏറ്റെടുത്തിട്ടുള്ളതുമാണ്. അന്വേഷണം പൂർത്തീകരിച്ച് ഫയൽ മടക്കി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിച്ചു കൊള്ളാവുന്നതാണ്".

161. ഡിപ്പാർട്ട്മെന്റിൽ എക്സിക്യൂഷൻ ഫണ്ട് ക്രിയേറ്റ് ചെയ്യാതെ പണം കൊടുത്തിരിക്കുന്ന നടപടിക്രമം തെറ്റാണെന്നും ഇത് ഇപ്പോൾ വിജിലൻസിന്റെ സജീവ അന്വേഷണത്തിലിരിക്കുകയാണെന്നും ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു.

162. ഒന്നേകാൽ കോടി രൂപ പിൻവലിച്ചതിൽ നിന്നുമാണോ 34,39,000 രൂപ തിരിച്ച് ഫണ്ടിലടച്ചത് എന്ന സമിതിയുടെ ചോദ്യത്തിന് അതേയെന്ന് സെക്രട്ടറി മറുപടി നൽകി.

163. വിജിലൻസ് അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദാംശങ്ങൾ സമിതിയെ അറിയിക്കണമെന്ന് ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു.

164. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 23-6-2008-ലെ LF 21212/Spl.Cell. G1/08 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"ഇതു സംബന്ധിച്ച് വിജിലൻസ് അന്വേഷണം തുടരുന്നു എന്നു മാത്രമാണ് മുനിസിപ്പാലിറ്റി നൽകിയ മറുപടി. ബഹു. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം വിജിലൻസ് അന്വേഷണം ഊർജ്ജിതപ്പെടുത്തിയതായി ബന്ധപ്പെട്ട വകുപ്പിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്."

**നിഗമനങ്ങൾ/ശുപാർശകൾ**

165. **വിജിലൻസിന്റെ അന്വേഷണം ത്വരിതപ്പെടുത്തിയ സാഹചര്യത്തിൽ ആയത് സമയബന്ധിതമായി പൂർത്തീകരിക്കണമെന്നും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

166. **കൂടാതെ മുൻകൂർ കൈപ്പറ്റിയശേഷം സ്ഥലം മാറ്റപ്പെട്ട A.E. എത്ര തുക തിരികെ അടയ്ക്കാതെ കൈവശം സൂക്ഷിച്ചുവരുന്നു എന്നതു സംബന്ധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും കൃത്യമായി ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ആലപ്പുഴ ഡവലപ്മെന്റ് അതോറിറ്റിയിൽ നിന്നും കൈമാറി കിട്ടിയ കിയോസ്കുകളുടെ വാടക കുടിശ്ശിക**

ഡവലപ്മെന്റ് അതോറിറ്റി നിർത്തലാക്കിയതിനെ തുടർന്ന് കൊമേഴ്സ്യൽ കനാലിന് തെക്കുവശമുള്ള 10 കിയോസ്കുകൾ നഗരസഭയ്ക്ക് കൈമാറുകയുണ്ടായി. കിയോസ്കുകളുടെ വാടക കാലാവധി 30-11-1999-ന് അവസാനിച്ചിരുന്നതാണ്. ഇതേത്തുടർന്ന് 12/99 മുതൽ കരാർ പുതുക്കേണ്ടതും വാടക പുനർനിർണ്ണയിക്കേണ്ടതു മായിരുന്നു. എന്നാൽ 17-5-2000 മുതൽ പലപ്രാവശ്യം ഫൈനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഇതിനുള്ള അജൻഡ സമർപ്പിച്ചിരുന്നുവെങ്കിലും 10-2-2003-ൽ മാത്രമാണ് തീരുമാനം ഉണ്ടായത്. 12/99 മുതലുള്ള കുടിശ്ശിക ഈടാക്കുന്നതിനും 2003 ജനുവരി മുതൽ കരാർ വയ്പ്പിച്ച് 15% വാടക വർദ്ധന വരുത്തി മൂന്ന് വർഷത്തേക്ക് നൽകുന്നതിനുമാണ് തീരുമാനിച്ചത്. എന്നാൽ കരാർ കാലാവധി കഴിഞ്ഞ് 12/99 മുതൽ നിയമാനുസൃതം വാടക പുനർനിർണ്ണയം ചെയ്തിരുന്നെങ്കിൽ പ്രതിമാസവാടക 600 രൂപയുടെ 5% വീതം 10 കിയോസ്കുകളിൽ നിന്നും പ്രതിമാസം 300 രൂപ കൂടി നഗരസഭയ്ക്ക് ആദായം ലഭിക്കുമായിരുന്നു. മാത്രവുമല്ല വാടക കൃത്യസമയത്ത് പിരിച്ചിരുന്നെങ്കിൽ മാസാമാസം ഗണ്യമായ തുക നഗരസഭയ്ക്ക് മുതൽക്കൂട്ടാവുകയും ചെയ്യുമായിരുന്നു.

10-2-2003-ലെ തീരുമാനത്തിന്റെ വെളിച്ചത്തിൽ 6 കിയോസ്ക് വാടകക്കാർ ഭാഗികമായി വാടക കുടിശ്ശിക അടച്ചുകഴിഞ്ഞു. എന്നാൽ യഥാസമയം തീരുമാനവും നോട്ടീസും ഉണ്ടാകാത്തതിന്റെ പേരിൽ 4 വാടകക്കാർ 12/99 മുതൽ 1/04 വരെയുള്ള വാടക നാളിതുവരെ അടച്ചിട്ടില്ല. ഈ ഇനത്തിൽ നഗരസഭയ്ക്കുണ്ടായ നഷ്ടം 1,24,680 രൂപ (600x37x4 =88,800+690x13x4=35,880) ബന്ധപ്പെട്ട വാടകക്കാരിൽ നിന്നും ഈടാക്കേണ്ടതാണ്.

[സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05 ഓ. ഖ. നമ്പർ 4.2.1.7]

167. തദ്ദേശസ്വയംഭരണ വകുപ്പ് 26-12-2007-ലെ 78024/AB1/07/LSGD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"ഡവലപ്മെന്റ് അതോറിറ്റി നിർത്തലാക്കിയതിനെ തുടർന്ന് നഗരസഭയ്ക്ക് കൈമാറിയ കിയോസ്ക്കുകളിൽ 10-2-2003-ലെ ഫൈനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ വെളിച്ചത്തിൽ 4 വാടകക്കാർ 12/99 മുതൽ 1/04 വരെയുള്ള വാടക നാളിതുവരെ അടച്ചിട്ടില്ലാത്തതിനാൽ നഗരസഭയ്ക്ക് 1,24,580 രൂപയുടെ നഷ്ടം ഉണ്ടായതായും ആയത് ജീവനക്കാരിൽ നിന്ന് ഈടാക്കുവാനുമാണ് ആഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിക്കുന്നത്. എന്നാൽ റ്റി10-35526/98 നമ്പർ ഫയൽ പ്രകാരം കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയും ആയതിൻപ്രകാരം കുടിശ്ശിക ഉണ്ടായിരുന്ന കിയോസ്ക്കുകൾ (1, 7, 8, 9) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന കാലയളവിലെ വാടക കുടിശ്ശിക പലിശ സഹിതം അടച്ചിട്ടുള്ളതും തുടർന്നും വാടക അടപ്പിക്കുകയും കിയോസ്ക്കുകളുടെ കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാകുന്നു. നഗരസഭയ്ക്ക് ഈ ഇനത്തിൽ തുക നഷ്ടമായിട്ടില്ലായെന്ന വിവരം അറിയിക്കുന്നു".

168. കിയോസ്ക്കുകളുടെ വാടക ഇപ്പോൾ പിരിക്കുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ഇപ്പോൾ റെഗുലറായി കളക്ട് ചെയ്യുന്നുണ്ടെന്ന് ആലപ്പുഴ മുനിസിപ്പാലിറ്റി സെക്രട്ടറി വ്യക്തമാക്കി.

169. വാടക പുനർനിർണ്ണയം ചെയ്ത് കൃത്യമായി പിരിച്ചെടുത്തിരുന്നെങ്കിൽ മാസാമാസം ഗണ്യമായ തുക നഗരസഭയ്ക്ക് മുതൽക്കൂട്ടാവുമായിരുന്നുവെന്നും ഓഡിറ്റ് പരാമർശത്തിന് മറുപടി നൽകിയിട്ടുണ്ടോഎന്നുമുള്ള സമിതിയുടെ ചോദ്യത്തിന് മറുപടി നല്കിയിട്ടില്ലെന്ന് സെക്രട്ടറി വെളിപ്പെടുത്തി.

170. വാടക കുടിശ്ശിക പലിശ സഹിതം അടച്ചിട്ടുണ്ടെന്നും ഈ ഇനത്തിൽ നഗരസഭയ്ക്ക് തുകയൊന്നും നഷ്ടപ്പെട്ടില്ലെന്നും കാണിച്ച് കമ്മിറ്റിക്ക് ഇപ്പോൾ നൽകിയിരിക്കുന്ന മറുപടി രേഖാമൂലം ഓഡിറ്റ് വകുപ്പിന് നൽകാൻ സമിതി നിർദ്ദേശിച്ചു.

171. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 17-3-2008-ലെ LF 21212/Spl.Cell. G1/07 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"കുടിശ്ശിക വാടക അടച്ചിട്ടുള്ളതായും, നഗരസഭയ്ക്ക് ഈ ഇനത്തിൽ നഷ്ടം വന്നിട്ടില്ലായെന്നും സമിതി മുൻപാകെ മറുപടി നൽകിയിരുന്നു. ഹാജരാക്കിയ ഡിമാന്റ് രജിസ്റ്ററുകൾ (2003-04, 2004-05, 2005-06) പരിശോധിച്ചതിൽ 2, 3, 4, 5, 7, 10 എന്നീ നമ്പരുകളിൽ ഉള്ള കിയോസ്ക്കുകൾ 1/03 മുതൽ 1/04 വരെയുള്ള വാടക കുടിശ്ശിക അടച്ചതായി കാണുന്നു. മറ്റ് കിയോസ്ക്കുകളുടെ (1, 6, 8, 9) വാടകക്കുടിശ്ശികയും അടച്ചിട്ടുള്ളതായി കാണുന്നുണ്ട് (ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.)".

**നിഗമനങ്ങൾ/ശുപാർശകൾ**

172. **ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അറവുശാല ലേലം—നടപടിക്രമങ്ങൾ പാലിക്കാത്തതിന്റെ പേരിൽ വാടക കുടിശ്ശിക പിരിക്കാൻ കഴിയാത്തതു സംബന്ധിച്ച്**

1998-99 സാമ്പത്തികവർഷം ആട്ടിറച്ചി അറവുശാലയും മാട്ടിറച്ചി അറവുശാലയും ശ്രീ. റ്റി. വി. വർഗ്ഗീസ് എന്ന ആളാണ് യഥാക്രമം 44,010-ഉം, 1,10,220-ഉം രൂപയ്ക്ക് ലേലത്തിൽ പിടിച്ചിരുന്നത്. ഇതിൽ ആദ്യത്തെ മൂന്നു മാസത്തേക്കുള്ള തുക മാത്രമാണ് ടിയാൻ നഗരസഭയിൽ അടച്ചിട്ടുള്ളത്. ബാക്കി തുക 1,10,220 രൂപ (33,510+76,710) നാളിതുവരെ അടച്ചിട്ടില്ല.

ലേല നിബന്ധനങ്ങൾ പ്രകാരം ലേലം കൈക്കൊണ്ടവർ ലേല തുകയുടെ 5% വിലവരുന്ന മുദ്രപത്രത്തിൽ കരാർ വയ്ക്കേണ്ടതായിരുന്നു. ലേലത്തിൽ പങ്കുകൊള്ളുന്നവർ സോൾവൻസി സർട്ടിഫിക്കറ്റ്/ബാങ്ക് ഗ്യാരന്റി ഇവയിൽ ഏതെങ്കിലും ഹാജരാക്കേണ്ടിയിരുന്നു. മേൽപ്പറഞ്ഞ നിബന്ധനകൾ ഒന്നും തന്നെ പാലിക്കുന്നതിൽ മുൻസിപ്പൽ അധികൃതരുടെ ഭാഗത്തു നിന്നും യാതൊരു നടപടികളും ഉണ്ടായില്ല. തന്മൂലം ലേല തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയവരിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ ഒന്നും തന്നെ എടുക്കാൻ കഴിയാതെ പോയി. ഇതുപോലെ തന്നെ ബീച്ച് സീവ്യൂ, പവർഹൗസ്, കൊമ്മാടി, വെള്ളക്കിണർ, പാലസ്, ഇരവുകാട്, ആറാട്ടുവഴി, പൂന്തോപ്പ്, സിവിൽ സ്റ്റേഷൻ വാർഡുകളിലെ ഇറച്ചി സ്റ്റാളുകളുടെ ലേലത്തിലേയും 1,17,201 രൂപ ഇനിയും പിരിഞ്ഞുകിട്ടാനുണ്ട്.

മേൽപ്പറഞ്ഞ പ്രകാരം ആകെ 2,27,421 രൂപ നഗരസഭാധികൃതരുടെ നടപടിക്രമങ്ങളിലെ വീഴ്ചമൂലം നഗരസഭയ്ക്ക് എന്നെന്നേക്കുമായി നഷ്ടപ്പെട്ടു.

(സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05 ഓ. ഖ. നമ്പർ 4.2.1.8)

173. തദ്ദേശസ്വയംഭരണ വകുപ്പ് 26-12-2007-ലെ 78024/AB1/07/LSGD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"1998-99 വർഷത്തെ അറവുശാല ലേലം ശ്രീ. റ്റി. വി. വർഗ്ഗീസ് എന്നയാൾക്ക് 3 മാസം കാലാവധിക്ക് നൽകിയിരുന്നതും ആയതിന്റെ തുക മുഴുവൻ ടിയാൻ ഒടുക്കുവരുത്തിയിട്ടുള്ളതുമാണ്. നഗരപ്രദേശത്തെ അറവുശാലയുടെ ലേലത്തേയും നടത്തിപ്പിനേയും സംബന്ധിച്ച് നിരവധി പ്രശ്നങ്ങൾ നിലനിന്നിരുന്നതിനാൽ തുടർന്ന് ലേലം നടത്താതെ പഴയ ആളിനെക്കൊണ്ട് തന്നെ നെഗോഷിയേറ്റ് ചെയ്ത് നടത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ഇപ്രകാരം നെഗോഷിയേഷനിലൂടെ ഇറച്ചിസ്റ്റാളുകൾ നടത്തുന്ന അവസരത്തിൽ അപര്യാപ്തമായ കശാപ്പുശാലയിൽ കച്ചവടത്തിനുള്ള ബങ്കുകൾ ഏർപ്പെടുത്താതെയും നഗരസഭ നടത്തുന്ന ലേലത്തിനെതിരെ പ്രദേശത്തെ ഇറച്ചിക്കടക്കാർ ബഹു. കേരളാ ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച ഹർജിയിലുണ്ടായ നിർദ്ദേശാനുസരണം തുടർന്നുള്ള വർഷങ്ങളിൽ ലേലം ഒഴിവാക്കി ലൈസൻസ് വ്യവസ്ഥയിൽ നടന്നുവരുന്നതുമാണ്. നെഗോഷിയേഷനിലൂടെ ഇറച്ചിക്കച്ചവടം തുടർന്നുവന്ന ശ്രീ. റ്റി. വി. വർഗ്ഗീസ് പ്രസ്തുത കാലഘട്ടത്തിലേക്ക് എഗ്രിമെന്റോ മറ്റ് രേഖകളോ ഹാജരാക്കുകയോ തുക ഒടുക്കുകയോ ചെയ്തിരുന്നില്ല.

പ്രസ്തുത കാലഘട്ടത്തിൽ സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ. രഞ്ചനെതിരെ മെമ്മോ നൽകിയെങ്കിലും ആ കാലഘട്ടത്തിലെ റവന്യൂ ഓഫീസറായിരുന്ന മരിച്ചുപോയ ശ്രീ. വി. എസ്. രാമചന്ദ്രനെതിരെ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. തുക ഈടാക്കുന്നതിനായി ശ്രീ. റ്റി. വി. വർഗ്ഗീസിനെതിരെ നഗരസഭ ഫയൽ ചെയ്ത 24/2000 നമ്പർ കേസ് നഗരസഭയ്ക്കെതിരെ വിധിച്ചിട്ടുള്ളതും ആയതിന്മേൽ നൽകിയ അപ്പീലും തള്ളിപ്പോയിട്ടുള്ളതുമാണ്. കേസിനാസ്പദമായ കാലഘട്ടത്തിൽ റവന്യൂ ഓഫീസറായിരുന്ന ശ്രീ. വി. എസ്. രാമചന്ദ്രൻ മരിച്ചുപോയ സാഹചര്യത്തിൽ നടപടികൾ തുടരുന്നതിന് നിർവ്വാഹമില്ലാതെ വന്നിട്ടുള്ള വിവരം റിപ്പോർട്ടു ചെയ്യുന്നു."

174. അറവുശാല നടത്തുന്നതിന് റ്റി. വി. വർഗ്ഗീസ് എന്ന വ്യക്തിക്ക് മൂന്ന് മാസത്തേക്ക് ലേലം നൽകിയിരുന്നുവെന്നും അതിന്റെ മൊത്തം ലേലത്തുകയും ടിയാൻ അടയ്ക്കുകയുണ്ടായിയെന്നും മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു. പിന്നീട് അവിടെ അറവുശാല നടത്തുന്നതിനെതിരെ ഹൈക്കോടതിയിൽ കേസ് വരികയും അറവുശാല നടത്തുന്നത് വളരെ വൃത്തിഹീനമായ ചുറ്റുപാടിലാണെന്ന് ഹൈക്കോടതി വിധിയുണ്ടാവുകയും അതിനെതിരെ അറവുശാല നടത്തിപ്പുകാർ അപ്പീൽ നൽകുകയും ചെയ്തിരുന്നു. ഹൈക്കോടതി നിർദ്ദേശാനുസരണം ലേലം ഒഴിവാക്കി ലൈസൻസ് സമ്പ്രദായത്തിൽ ഇറച്ചിക്കട നടത്തുന്നതിന് ശ്രീ. റ്റി. വി. വർഗ്ഗീസിനു അനുമതി നൽകിയിരുന്നു. ഈ കാലഘട്ടത്തിൽ ടിയാനുമായി പ്രത്യേക കരാർ ഉണ്ടാക്കിയിട്ടില്ല എന്നും പരസ്പരധാരണയുടെ അടിസ്ഥാനത്തിൽ ഒരു നിശ്ചിത തുക മാത്രം അടച്ചാൽ മതിയെന്നുമാണ് അന്ന് നിശ്ചയിച്ചിരുന്നതെന്നും ഈ വിവരം ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്താതെ പോയതുകൊണ്ടാണ് ഓഡിറ്റ് പരാമർശം ഉണ്ടായതെന്നും സെക്രട്ടറി തുടർന്നറിയിച്ചു.

175. ലേലം ചെയ്തു കൊടുക്കുമ്പോൾ മുദ്രപ്പത്രത്തിൽ കരാർ എഴുതി ഒപ്പിട്ടുവാങ്ങി സൂക്ഷിക്കേണ്ടതായിരുന്നുവെന്നും എന്നാൽ എഗ്രിമെന്റ് വെറും വെള്ളക്കടലാസ്സിൽ എഴുതി വാങ്ങിയിട്ടുണ്ടെങ്കിലും അത് ഒപ്പിടുവിച്ചിട്ടില്ലെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

176. ലേലം പിടിച്ചവരുമായി മുദ്രപ്പത്രത്തിലുള്ള കരാർ ഉണ്ടാക്കുകയോ, ലേലത്തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടും തുക ഈടാക്കാനുള്ള നടപടികളോ മുനിസിപ്പൽ അധികൃതർ സ്വീകരിച്ചിട്ടില്ല എന്നതിൽ സമിതി അസംതൃപ്തി രേഖപ്പെടുത്തി. ബീച്ച് സീവ്യൂ, പവർഹൗസ്, കൊമ്മാടി, വെള്ളക്കിണർ, പാലസ്, ഇരവുകോട്, ആറാട്ടുവഴി, പൂന്തോപ്പ്, സിവിൽ സ്റ്റേഷൻ വാർഡുകളിലെ ഇറച്ചിസ്റ്റാളുകളിലെ 1,17,201 രൂപ ഇനിയും പിരിഞ്ഞു കിട്ടാനുണ്ടെന്നും ആകെ 2,27,421 രൂപ നഗരസഭാധികൃതരുടെ അനാസ്ഥമൂലം നഗരസഭയ്ക്ക് കിട്ടാതെ വന്നിട്ടുണ്ടെന്നും സമിതി ചൂണ്ടിക്കാട്ടി.

177. പ്രയോഗിക ബുദ്ധിമുട്ട് കാരണം ലേല സമ്പ്രദായം നിർത്തേണ്ടി വന്നുവെന്നും ഇപ്പോൾ വ്യക്തിഗത ലൈസൻസ് ആണ് കൊടുക്കുന്നതെന്നും അതിനെതിരെയും കേസ് നടക്കുന്നുണ്ടെന്നും സെക്രട്ടറി വ്യക്തമാക്കി.

178. ഇക്കാര്യങ്ങൾ വിശദീകരിച്ചുകൊണ്ട് വിശ്വസനീയമായ വിശദീകരണം ഓഡിറ്റിന് നൽകുവാൻ നഗരസഭയോട് സമിതി നിർദ്ദേശിച്ചു.

179. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 23-6-2008-ലെ LF 21212/Spl.Cell. G1/07 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"ഓഡിറ്റ് തടസ്സം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നഗരസഭ ലഭ്യമാക്കിയിട്ടില്ല."

**നിഗമനങ്ങൾ/ശുപാർശകൾ**

180. **അറവുശാല ലേലം—നടപടിക്രമങ്ങൾ പാലിക്കാത്തതിന്റെ പേരിൽ വാടക കുടിശ്ശിക പിരിക്കാത്തതു സംബന്ധിച്ച ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദീകരണം അടിയന്തിരമായി ഓഡിറ്റ് വകുപ്പ് മുമ്പാകെ ഹാജരാക്കണമെന്ന് നഗരസഭയോട് സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതുവരെ നഗരസഭ അപ്രകാരം പ്രവർത്തിച്ചതായി കാണുന്നില്ല.**

181. **ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയിൽ നൽകുന്ന ഉറപ്പുകൾ പാലിക്കുന്നതിന് വകുപ്പുതലത്തിൽ ആവശ്യമായ നിർദ്ദേശം നൽകണമെന്നും ആയതിന് വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഓഡിറ്റ് തടസ്സം സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തിരമായി സമിതിക്ക് ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

വർക്കല കഹാർ,

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012 മാർച്ച് 21.

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| *ക്രമ നമ്പർ* | *ബന്ധപ്പെട്ട സ്ഥാപനം* | *ഖണ്ഡിക നമ്പർ* | *നിഗമനങ്ങൾ/ശുപാർശകൾ* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | തിരുവനന്തപുരം ജില്ല നെയ്യാറ്റിൻകര നഗരസഭ | 6 | മുനിസിപ്പൽ ഫണ്ടിൽ നിന്ന് തുക വകമാറ്റി തിരുവനന്തപുരം ജില്ല ചെലവഴിക്കാൻ പാടില്ല എന്ന 23-1-2001-ലെ 22153/ജ1/2000/ LD നമ്പർ ഗവൺമെന്റ് സർക്കുലർ നിലനിൽക്കെ തുക വകമാറ്റി ചെലവഴിച്ച നടപടി ന്യായീകരിക്കത്തക്കതല്ല എന്നും ഭാവിയിൽ ഇപ്രകാരം തുക വകമാറ്റി ചെലവഴിക്കുന്നത് ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 7 | പ്ലാൻ പി.ഡി. ഫണ്ടിൽ നിന്നും തുക വകമാറ്റി ചെലവഴിച്ച നടപടിക്ക് അടിയന്തിരമായി സർക്കാർ സാധൂകരണം ലഭ്യമാക്കി ആയതിന്റെ വിശദവിവരം സമിതിക്ക് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 19 | പൈറലേറ്റർ വാങ്ങുന്നതിനുള്ള കരാറിലേർപ്പെടുന്നതിനു മുൻപ് സപ്ലൈയർ കമ്പനി നല്കിയ സാങ്കേതിക വിവരങ്ങൾ പരിശോധിച്ച് അവ സാങ്കേതികമായി അനുയോജ്യമാണോ സ്വീകാര്യമാണോ എന്നതു സംബന്ധിച്ച് യാതൊരുവിധ സാങ്കേതിക വിലയിരുത്തലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി നടത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഏകദേശം 8.5 ലക്ഷം രൂപ മുതൽമുടക്കി പൈറലേറ്റർ സ്ഥാപിച്ച പദ്ധതി നിഷ്ഫലമായി പോകുന്നതിന് പ്രധാന കാരണം മുനിസിപ്പാലിറ്റിയുടെ ഭാഗത്തു നിന്നും സാങ്കേതിക പരിശോധന നടത്തുന്നതിലുണ്ടായ വീഴ്ച തന്നെയാണെന്ന് സമിതി വിലയിരുത്തുന്നു. മുനിസിപ്പാലിറ്റിയുടെ ഫണ്ടിൽ നിന്നും ഇത്രയും വലിയ ഒരു തുക മുടക്കി സ്ഥാപിച്ച ഉപകരണം എത്രകാലം പ്രവർത്തിച്ചു |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | എന്നതു സംബന്ധിച്ച് മുനിസിപ്പാലിറ്റിക്ക് കൃത്യമായ അറിവ് ഇല്ലെന്നതും വളരെ ഗൗരവതരമായ ഒരു സംഗതിയാണ്. |
| 1 | തിരുവനന്തപുരം ജില്ല നെയ്യാറ്റിൻകര നഗരസഭ | 20 | നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി പൈറലേറ്റർ വാങ്ങി താലൂക്ക് ആശുപത്രിക്ക് നൽകിയതു മുതൽ ഉപകരണത്തിന്റെ ദൈനംദിന പ്രവർത്തനത്തിന്റെ ഉത്തരവാദിത്തം ആശുപത്രി അധികൃതർക്കാണ്. 30-11-1999-ൽ കമ്മീഷൻ ചെയ്ത ഉപകരണം പ്രവർത്തിക്കുന്നില്ലെന്ന് ആശുപത്രി സൂപ്രണ്ട് മുനിസിപ്പാലിറ്റിയെ 3-1-2000-ൽ അറിയിക്കുകയും മുനിസിപ്പാലിറ്റി ആവശ്യപ്പെട്ട പ്രകാരം കമ്പനി, പൈറലേറ്റർ 7-2-2000-ൽ പ്രവർത്തനയോഗ്യമാക്കുകയും ചെയ്തു. എന്നാൽ പിന്നീട് 5-9-2000-ൽ പൈറലേറ്റർ പ്രവർത്തിക്കുന്നില്ലെന്ന് കാണിച്ച് താലൂക്ക് ഹോസ്പിറ്റൽ സൂപ്രണ്ട്, കമ്പനിക്ക് നേരിട്ട് കത്ത് നൽകിയതായി വ്യക്തമാക്കുന്നു. ഇതിൽ നിന്നും ആശുപത്രി അധികൃതർ മെഷീൻ സംബന്ധിച്ച വിവരങ്ങൾ യഥാ സമയങ്ങളിൽ മുനിസിപ്പാലിറ്റിയെ അറിയിച്ചിട്ടില്ല എന്ന് വ്യക്തമാണ്. |
| | | 21 | നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി പൈറലേറ്റർ വാങ്ങി താലൂക്കാശുപത്രിയിൽ സ്ഥാപിച്ചു വെങ്കിലും ആയതിന്റെ ഉടമസ്ഥാവകാശം ആശുപത്രി വികസനസമിതിക്ക് കൈമാറിയി ട്ടില്ലെന്നാണ് സമിതി മനസ്സിലാക്കുന്നത്. കരാർ കമ്പനിയും മുനിസിപ്പാലിറ്റിയും തമ്മിലാണെന്ന വസ്തുത മനസ്സിലാക്കാതെ യാണ് ആശുപത്രി സൂപ്രണ്ട് ഉപകരണം റിപ്പയർ ചെയ്യുന്നതിന് മുനിസിപ്പാലിറ്റിയോട് അഭ്യർത്ഥിക്കുന്നതിനുപകരം നേരിട്ട് കമ്പനിയോട് അഭ്യർത്ഥിച്ചത്. താലൂക്ക് ആശുപത്രിയും കമ്പനിയും തമ്മിൽ കരാറി ല്ലെന്നതു കൊണ്ടാവാം ആശുപത്രി സൂപ്രണ്ടിന്റെ അഭ്യർത്ഥന ലഭിച്ചിട്ടും കമ്പനി പ്രതികരിക്കാ ത്തത് എന്നു വേണം കരുതാൻ. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പൈറലേറ്റർ വാങ്ങുന്നതിനുള്ള ടെൻഡറിന് മുനിസിപ്പൽ കൗൺസിലിന്റെ അംഗീകാരമുള്ളതായി നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കുന്നു. അതിനാൽ ഉപകരണം വാങ്ങിയതിനോടൊപ്പം ഉപകരണം കൈവശം സൂക്ഷിച്ച് പ്രവർത്തിപ്പിക്കുകയും, ഉപകരണം പ്രവർത്തിക്കാതായത് യഥാസമയങ്ങളിൽ മുനിസിപ്പാലിറ്റിയെ അറിയിച്ച് തുടർനടപടികൾ സ്വീകരിപ്പിക്കുന്നതിലും അറ്റകുറ്റപ്പണികൾ നടത്തുന്നതിലും വീഴ്ച വരുത്തിയ ആശുപത്രി അധികൃതരും ഇതിൽ നഷ്ടോത്തരവാദികളാണ്. |
| 1 | തിരുവനന്തപുരം ജില്ല നെയ്യാറ്റിൻകര നഗരസഭ | 22 | ആയതിനാൽ മേൽപ്പറഞ്ഞ കാരണങ്ങളാലും ഉപകരണം നിലവിലും പ്രവർത്തനയോഗ്യമല്ല എന്ന കാരണത്താലും നഗരസഭയ്ക്ക് നഷ്ടപ്പെട്ട 5,50,000 രൂപ പദ്ധതിയുടെ സാങ്കേതിക യോഗ്യത വിലയിരുത്തുന്നതിൽ പരാജയപ്പെട്ട കൗൺസിൽ അംഗങ്ങളിൽ നിന്നും, ഉടമ്പടി വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയ ഈ കാലയളവിലെ മുൻ മുനിസിപ്പൽ സെക്രട്ടറിമാരിൽനിന്നും, പൈറലേറ്റർ പ്രവർത്തനക്ഷമമല്ലാത്തതു സംബന്ധിച്ച് മുനിസിപ്പാലിറ്റിയെ യഥാസമയങ്ങളിൽ വിവരമറിയിച്ച് ഉപകരണം പ്രവർത്തനക്ഷമമാക്കുന്നതിൽ വീഴ്ച വരുത്തിയ ഈ കാലയളവിലെ ബന്ധപ്പെട്ട ആശുപത്രി അധികൃതരിൽ നിന്നും ഓഡിറ്റ് പരാമർശ തുക തുല്യമായി ഈടാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 26 | നഗരകാര്യ ഡയറക്ടർ പുറപ്പെടുവിച്ച 28-1-2008-ലെ എഫ് 2/657/07-ാം നമ്പർ സർക്കുലറിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ എല്ലാ നഗരസഭാ/കോർപ്പറേഷൻ സെക്രട്ടറിമാരും സ്വീകരിക്കേണ്ടതാണെന്നും ആയതിൽ വീഴ്ച വരുത്തുന്ന ബന്ധപ്പെട്ട സെക്രട്ടറി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | മാർക്കെതിരെ കർശനമായി വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 1 | തിരുവനന്തപുരം ജില്ല നെയ്യാറ്റിൻകര നഗരസഭ | 29 | കൺവീനർമാർക്കെതിരെ സ്വീകരിച്ചിട്ടുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി അടിയന്തിരമായി തുക ഈടാക്കി സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 47 | ഊരൂട്ടുകാല-കണിയാംകോണം കുടിവെള്ള പദ്ധതിയോടനുബന്ധിച്ച് കിണർ കുഴിക്കുകയും വെള്ളം സ്റ്റോർ ചെയ്യാനുള്ള ടാങ്ക് നിർമ്മിക്കുകയും ചെയ്തിട്ടുള്ള സ്ഥിതിക്ക് എത്രയും വേഗം പൈപ്പ് ലൈൻ സ്ഥാപിച്ച് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കണമെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 48 | വഴൂർ-പന്തപ്ലാവിള കുടിവെള്ള പദ്ധതിയുടെ കൺവീനർക്കെതിരെ സ്വീകരിച്ചിട്ടുള്ള ആർ. ആർ. നടപടി ത്വരിതപ്പെടുത്തി 13,043 രൂപ ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 49 | താന്നിമൂട്-തമ്മോട്ടുകോണം കുടിവെള്ള പദ്ധതിയുടെ ഫയൽ കാണ്മാനില്ല എന്ന് പറയുന്നത് മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥരുടെ അശ്രദ്ധയും ഉത്തരവാദിത്വവുമില്ലായ്മയുമാണ് വെളിവാക്കുന്നതെന്ന് സമിതി വിലയിരുത്തുന്നു. |
| | | 50 | പദ്ധതി നടത്തിപ്പിൽ ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ച കാരണം സംഭവിച്ച കാലതാമസംമൂലമാണ് പദ്ധതിയുടെ പൂർണ്ണ പ്രയോജനം ലഭിക്കാതെ പോയതെന്ന് കാണുന്നു. നഗരസഭകൾ ഒരു പദ്ധതി നടപ്പാക്കാനായി ആലോചിക്കുമ്പോൾ ആ പദ്ധതി കൊണ്ടുണ്ടാകുന്ന നേട്ടങ്ങളെയും കോട്ടങ്ങളെയും കുറിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വിശദമായി പഠിക്കണമന്നും |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പദ്ധതി സയമബന്ധിതമായി പൂർത്തീകരിക്കുവാൻ ശ്രദ്ധ പതിപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 1 | തിരുവനന്തപുരം ജില്ല നെയ്യാറ്റിൻകര നഗരസഭ | 51 | ആയതിനാൽ ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതിനോടൊപ്പം നിർമ്മാണം പൂർത്തിയാക്കിയ കിണർ പരിസരവാസികൾക്ക് പ്രയോജനപ്രദമാക്കാൻ കഴിയുമോ എന്നത് സംബന്ധിച്ച് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 52 | മൂന്നുകല്ലിൻമൂട് ശുദ്ധജല പദ്ധതിയുടെ പണി പൂർത്തിയാക്കുവാൻ ഗുണഭോക്തൃ സമിതിക്ക് സാധിക്കുകയില്ലെന്ന് 18-9-2000-ൽ എഞ്ചിനീയർ അറിയിച്ചതിനെ തുടർന്ന് 8-2-2001-ൽ ചേർന്ന കൗൺസിൽ യോഗം കൺവീനർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചുവെങ്കിലും ആയത് നടപ്പാക്കിയോ എന്നതു സംബന്ധിച്ച് വ്യക്തമല്ല. എന്നാൽ 8-10-2002-ൽ കൺവീനർ 48,500 രൂപയും പണി ചെയ്തതായുള്ള പാർട്ട് ബിൽ സമർപ്പിക്കുകയും ആയത് നഗരസഭ പാസ്സാക്കി നൽകുകയും ചെയ്തിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. കൺവീനർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് കൗൺസിൽ തീരുമാനം കൈക്കൊണ്ട് 2 വർഷത്തിനുശേഷം പാർട്ട് ബിൽ സമർപ്പിച്ചതിന്റെ സാംഗത്യം സമിതിക്ക് മനസ്സിലാകുന്നില്ല. കൗൺസിൽ തീരുമാനം നടപ്പാക്കി കരാർ റദ്ദു ചെയ്ത് നഷ്ടപരിഹാരം ഈടാക്കുകയാണു വേണ്ടിയിരുന്നതെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. എന്നിരുന്നാലും കൺവീനർ സമർപ്പിച്ച പാർട്ട് ബിൽ പരിശോധിച്ച് പണിയുടെ വാല്യുവേഷൻ നടത്തുകയും ഇനി ചെയ്യാനുള്ള ബാക്കി പണിയുടെ കണക്കെടുത്ത് കൺവീനർമാരിൽ നിന്നും ആയതിന്റെ നഷ്ടപരിഹാരം ഈടാക്കുകയും പാർട്ട് ബിൽ പാസ്സാക്കിയ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഉദ്യോഗസ്ഥനെതിരെ നിയമനടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 1 | തിരുവനന്തപുരം ജില്ല നെയ്യാറ്റിൻകര നഗരസഭ | | 57 ഭരണവകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| | | 68 | മണൽ ലേലം സംബന്ധിച്ച നടപടി ക്രമങ്ങളും കരാറും അടങ്ങുന്ന ഫയൽ കോടതി മുൻപാകെ ഹാജരാക്കുന്നതിൽ മുനിസിപ്പാലിറ്റിയുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചതായും അക്കാരണത്താൽ നഗരസഭയ്ക്കെതിരെ കീഴ്ക്കോടതിയിൽ വിധി വരുകയും കരാറുകാരന് നഷ്ടപരിഹാരമായി ഒരു ലക്ഷത്തിൽപ്പരം രൂപ നൽകുവാൻ വിധിയാവുകയും ചെയ്തതായും സമിതി മനസ്സിലാക്കുന്നു. ഇതു നഗരസഭയുടെ കേസ് നടത്തുവാൻ ചുമതലപ്പെടുത്തിയിരുന്ന വക്കീലിന്റെ വീഴ്ചയായി കണക്കാക്കേണ്ടതാണ്. ആയതിനാൽ കീഴ്ക്കോടതിയിൽ കേസ് നടത്തിയ വക്കീലിനെതിരെ, നഗരസഭയുടെ ഭാഗം കൃത്യമായി കോടതിയിൽ അവതരിപ്പിക്കുവാൻ വീഴ്ച വരുത്തിയതിന് ഉത്തരവാദിത്വം ചുമത്തുകയും ടിയാനെതിരെ ബാർ കൗൺസിലിൽ പരാതി സമർപ്പിക്കുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. രേഖകളുടെ ഫോട്ടോസ്റ്റാറ്റ് വക്കീലിന് കൈമാറുന്നതിനുപകരം ഒറിജിനൽ ഫയൽ തന്നെ കൈമാറിയതും ഫയൽ കൈമാറിയതു സംബന്ധിച്ചു രേഖകളൊന്നും മുനിസിപ്പാലിറ്റിയിൽ സൂക്ഷിക്കുകയോ ഫയൽ തിരികെ വാങ്ങുകയോ ചെയ്യാത്തതും നഗരസഭാ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമില്ലായ്മ യാണെന്ന് സമിതി മനസ്സിലാക്കുന്നു. ഫയലിന്റെ മൂവ്മെന്റ് സംബന്ധിച്ച് സൂക്ഷ്മത പുലർത്തേണ്ടിയിരുന്ന ഫയൽ കസ്റ്റോഡിയനായിരുന്ന ബന്ധപ്പെട്ട ക്ലാർക്കിനെതിരെ വകുപ്പുതല നടപടി സ്വീകരിച്ച് വിവരം സമിതിയെ അറിയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 1 | തിരുവനന്തപുരം ജില്ല നെയ്യാറ്റിൻകര നഗരസഭ | 69 | മണൽവാരുന്നതിനുള്ള വിലക്ക് നീക്കിയതു സംബന്ധിച്ച വിവരം കോൺട്രാക്ടറെ അറിയിക്കുന്നതിൽ മുനിസിപ്പാലിറ്റിയുടെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായതായി സമിതി മനസ്സിലാക്കുന്നു. കോടതിയിൽ കേസ് തോൽക്കുന്നതിൽ ഇതും ഒരു പ്രധാന ഘടകമായിരുന്നതിനാൽ ഇതിനുത്തരവാദിയായ അന്നത്തെ മുനിസിപ്പൽ സെക്രട്ടറിക്കെതിരെയും ടി വിഷയം സംബന്ധിച്ച ഫയൽ കൈകാര്യം ചെയ്തിരുന്ന നഗരസഭാ ഉദ്യോഗസ്ഥനെതിരെയും വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 72 | ഷോപ്പിംഗ് കോംപ്ലക്സിന്റെ പണി പൂർത്തിയായ സാഹചര്യത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനു സമിതി ശുപാർശ ചെയ്യുന്നു. |
| 2 | ആലപ്പുഴ ജില്ല ചേർത്തല മുനിസിപ്പാലിറ്റി | 78 | 2002-ലെ ഓഡിറ്റ് പരാമർശത്തിന് 5 വർഷങ്ങൾക്കുശേഷവും യാതൊരു മറുപടിയും നൽകാത്തത് നഗരസഭ അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ കൃത്യവിലോപമാണെന്ന് സമിതി വിലയിരുത്തുന്നു. |
| | | 79 | റോഡ് പണി ആരംഭിക്കുന്നതിനുമുമ്പ് സ്ഥലം പരിശോധിച്ച് ശരിയായ രീതിയിൽ പദ്ധതി തയ്യാറാക്കാത്തതിനാലാണ് ഇപ്രകാരമൊരു പ്രശ്നം ഉണ്ടായതെന്നും ഇക്കാര്യത്തിൽ മുനിസിപ്പൽ സെക്രട്ടറി, എഞ്ചിനീയർ, ഓവർസീയർ, കൺവീനർ എന്നിവർക്ക് ഉത്തരവാദിത്വമുള്ളതായും സമിതി വിലയിരുത്തുന്നു. അപ്രോച്ച് റോഡ് ഉപയോഗിക്കുന്നു എന്ന വസ്തുത കണക്കിലെടുത്ത് കൺവീനർ ചെയ്ത പണിക്ക് തുല്യമായ തുക കണക്കാക്കി ആയത് കിഴിച്ച് കൺവീനറുടെ കയ്യിൽ ബാക്കി നിൽക്കുന്ന തുക ടിയാനിൽ നിന്നും ഈടാക്കുകയോ അതിന് സാധ്യമാകുന്നില്ലെങ്കിൽ ഉത്തരവാദി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | കളായ മുൻ സെക്രട്ടറി, എഞ്ചിനീയർ, ഓവർസീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കി സമിതിക്ക് റിപ്പോർട്ട് നൽകുകയോ വേണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 3 | മാവേലിക്കര മുനിസിപ്പാലിറ്റി | 82 | ക്രമവിരുദ്ധമായ ലേലനടപടിയിലൂടെ നഗരസഭ യ്ക്കുണ്ടായ നഷ്ടം ഈടാക്കുന്നതിന് സ്വീകരിച്ച നടപടിയുടെയും നാളിതുവരെ ഈടാക്കിയ തുകയുടെയും വിശദ വിവരങ്ങൾ മൂന്ന് മാസത്തിനകം സമിതിയെ അറിയിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 87 | മുറികൾ ലേലത്തിൽ പിടിക്കുമ്പോൾത്തന്നെ പ്രസ്തുത വ്യക്തിയുമായി നഗരസഭ കരാറിൽ ഏർപ്പെട്ടിരുന്നെങ്കിൽ കടമുറി ടിയാൻ ഉപേക്ഷിച്ചശേഷം വീണ്ടും ലേലം ചെയ്യുമ്പോഴുണ്ടായ നഷ്ടം ആദ്യത്തെ കരാറു കാരനിൽ നിന്നുതന്നെ ഈടാക്കാമായിരുന്നു. |
| | | 88 | 10-ാം നമ്പർ കടമുറി ലേലത്തിൽ കൊണ്ട വ്യക്തിയുമായി കരാർ ഉണ്ടാക്കുകയോ, ടിയാന്റെ സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല എന്നത് വ്യക്തമാണ്. ആയതിനാൽ ആദ്യ ലേലത്തുകയും രണ്ടാമത്തെ ലേലത്തുകയും തമ്മിലെ വ്യത്യാസമായ 50,000 രൂപ നഗരസഭയ്ക്ക് നേരിട്ട നഷ്ടമായി കണക്കാക്കി ആയത് ആദ്യം ലേലം കൊണ്ട വ്യക്തിയിൽ നിന്നും ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 4 | ചെങ്ങന്നൂർ മുനിസിപ്പാലിറ്റി | 90 | 2002-03-ലെ ഓഡിറ്റ് ഖണ്ഡികയായതിനാൽ ധനകാര്യ വകുപ്പിന്റെ അന്വേഷണം ഇതിനോടകം പൂർത്തിയായിട്ടുണ്ടാകും എന്നു സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനകാര്യ വകുപ്പിന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശ ത്തിന്മേൽ തുടർ നടപടി കൈക്കൊള്ളുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | ആലപ്പുഴ മുനിസിപ്പാലിറ്റി | 95 | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| | | 98 | പദ്ധതി നടത്തിപ്പിനുവേണ്ടി സി.ഡി.എസിനു നൽകിയ പണം പി.ഡി. അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കുന്നതിന് പകരം ബാങ്കിൽ നിക്ഷേപം നടത്തിയത് ജനകീയാസൂത്രണ മാർഗ്ഗരേഖകളുടെ ലംഘനമാണെങ്കിലും ഇതു സംബന്ധിച്ച് നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഒന്നും സംഭവിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| | | 101 | നഗരസഭാ അധികൃതരുടെ വിശദീകരണം തൃപ്തികരമായതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| | | 106 | സോഡിയം വേപ്പർ ലാമ്പുകൾ വിവിധ വാർഡുകളിൽ കേടായവയ്ക്കു പകരം സ്ഥാപിച്ചു എന്ന വാദം സാധൂകരിക്കുന്ന തിനാവശ്യമായ രേഖകളൊന്നും നഗരസഭയ്ക്ക് ഹാജരാക്കാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും ഇവ യഥാർത്ഥത്തിൽ മുനിസിപ്പാലിറ്റി തന്നെ ഉപയോഗപ്പെടുത്തിയിട്ടുണ്ട് എന്ന് മുൻ ഉദ്യോ ഗസ്ഥരും, കൗൺസിലർമാരും ഓഡി റ്റിനെ അറിയിച്ചിട്ടുണ്ട് എന്ന ഓഡിറ്റിന്റെ സാക്ഷ്യപ്പെടുത്തലിന്റെ വെളിച്ചത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 111 | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം ചെയ്യുന്ന ഇലക്ട്രിക് സാധനങ്ങളുടെ വിനിയോഗം സംബന്ധിക്കുന്ന രജിസ്റ്ററുകൾ, കൗൺസിലർമാരുടെ വൗച്ചറിന്റെ അടിസ്ഥാന ത്തിലാണ് സാധനങ്ങൾ വിതരണം ചെയ്യുന്നത് എന്നുളളതിന്റെ റിപ്പോർട്ട്, സാധനങ്ങൾ ഉപയോഗിച്ചതായുളള വൈദ്യുതി ബോർഡിൽ നിന്നുള്ള രേഖകൾ |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | ആലപ്പുഴ മുനിസിപ്പാലിറ്റി | | എന്നിവ ഓഡിറ്റിന്റെ പരിശോധനയ്ക്കായി നൽകണമെന്നും ആയത് പരിശോധിച്ച് സമിതിക്ക് മറുപടി നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ഭാവിയിൽ ഇത്തരം രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്നും അവ ഓഡിറ്റിന് സമർപ്പിക്കുന്നുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 125 | റവന്യൂ ഇൻസ്പെക്ടർ സ്ഥലം സന്ദർശിച്ച് അസസ് ചെയ്ത നികുതി, പുനഃപരിശോധിക്കണമെന്ന സർക്കാർ തീരുമാനമെടുത്താലും ഒരിക്കൽ നികുതി ഫിക്സ് ചെയ്തു കഴിഞ്ഞാൽ അപ്പലേറ്റ് അതോറിറ്റിയായ കൗൺസിലിന് മാത്രമേ അത് മാറ്റാൻ അധികാരമുള്ളൂവെന്നും ഇവിടെ നികുതി പുനഃപരിശോധിക്കുവാനുള്ള സർക്കാർ ഉത്തരവ് സെക്രട്ടറി കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാതെ നേരിട്ട് നടപ്പാക്കിയതായാണ് മനസ്സിലാകുന്നതെന്നും സമിതി വിലയിരുത്തുന്നു. |
| | | 126 | സെക്രട്ടറിയുടെ പ്രസ്തുത നടപടി കൗൺസിൽ അംഗീകരിച്ചതായ യാതൊരു രേഖകളും നഗരസഭയ്ക്ക് ഹാജരാക്കാൻ സാധിക്കാത്ത സാഹചര്യത്തിലും ബന്ധപ്പെട്ട സെക്രട്ടറിക്ക് ഇതു സംബന്ധമായ ഒരു രേഖയും ഇതിനകം ഹാജരാക്കാൻ കഴിയാത്ത സാഹചര്യത്തിലും, ഓഡിറ്റിൽ പരാമർശിക്കുന്ന 2,92,000 രൂപ പലിശ സഹിതം ഉത്തരവാദിയായ മുൻസെക്രട്ടറിയുടെ പക്കൽനിന്നും ഈടാക്കി റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| | | 130 | ഒരു വർഷം ഗ്യാരന്റിയുണ്ടായിരുന്ന റോഡ് റോളർ കേടുപാടുകൾ തീർത്ത് ഉപയോഗ യോഗ്യമാക്കുവാൻ സമയം ഉണ്ടായിരുന്നിട്ടും അതിനു കഴിയാതിരുന്നത് നഗരസഭയുടെ കടുത്ത അനാസ്ഥമൂലമാണെന്ന് സമിതി വിലയിരുത്തുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | ആലപ്പുഴ മുനിസിപ്പാലിറ്റി | 131 | റോഡ് റോളർ വാങ്ങിയത് സംബന്ധിച്ച് വിജിലൻസ് നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് സമിതിക്ക് അടിയന്തിരമായി ലഭ്യമാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| | | 138 | നഗരസഭ ഏറ്റെടുത്ത വസ്തുക്കളുടെ ഭൗതിക പരിശോധന നടത്തുന്നതിന് ഓഡിറ്റ് വകുപ്പുമായി നഗരസഭ സഹകരിക്കാത്തതിൽ നിന്നുതന്നെ ഇക്കാര്യത്തിൽ ക്രമക്കേട് നടന്നിട്ടുണ്ടോ എന്ന് സമിതി സംശയിക്കുന്നു. |
| | | 139 | ബ്ലൂപ്രിന്റർ ഉൾപ്പെടെയുള്ള സാധനങ്ങൾ തന്റെ കസ്റ്റഡിയിലുണ്ടെന്നും ഇപ്പോഴുള്ള സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെന്നും സമിതി മുമ്പാകെ മൊഴി നൽകിയ നഗരസഭ സെക്രട്ടറിക്ക് സമിതി നിർദ്ദേശപ്രകാരം ഭൗതിക പരിശോധനയ്ക്കെത്തിയ ഓഡിറ്റ് വകുപ്പ് മുമ്പാകെ ആയത് ശരിയായി ബോധിപ്പിക്കേണ്ട/തെളിയിക്കേണ്ട ബാധ്യതയുണ്ടായിരുന്നു. അപ്രകാരമുള്ള ഒരു സഹകരണവും നൽകാതിരുന്നതുമൂലം ഓഡിറ്റ് വകുപ്പിന് ഇക്കാര്യത്തിൽ ഭൗതിക പരിശോധന നടത്തുവാൻ കഴിഞ്ഞിട്ടില്ല. |
| | | 140 | ആയതിനാൽ സമിതി നിർദ്ദേശം പാലിക്കാതിരുന്ന ആലപ്പുഴ നഗരസഭ സെക്രട്ടറിക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ഓഡിറ്റ് വകുപ്പിന് ഭൗതിക പരിശോധന നടത്തുവാൻ വേണ്ട സാഹചര്യം നഗരസഭ ഒരുക്കണമെന്നും ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 146 | നഗരസഭാ വൈസ്ചെയർമാൻ, മുൻകൂർ കൈപ്പറ്റിയ 1,25,000 രൂപ മുനിസിപ്പൽ ഫണ്ടിൽ ഒടുക്കിയിട്ടുള്ളതായി ഓഡിറ്റ് വകുപ്പ് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | ആലപ്പുഴ മുനിസിപ്പാലിറ്റി | 158 | കരാറടിസ്ഥാനത്തിൽ പുറത്തുനിന്നുള്ളവരെ കൊണ്ട് വാർഷിക കണക്കുകൾ തയ്യാറാക്കാനാണ് സർക്കാർ അനുമതി ഉണ്ടായിരുന്നതെന്നും, പ്രതിമാസ കണക്കുകൾ തയ്യാറാക്കാൻ അപ്രകാരം സർക്കാർ അനുമതി ഇല്ലായിരുന്നുവെന്നും, സർക്കാർ അനുവാദമില്ലാതെ ചെയ്യുന്ന ഇത്തരം പ്രവൃത്തികൾ ന്യായീകരിക്കാനാവില്ല എന്നും സമിതി അഭിപ്രായപ്പെടുന്നു. |
| | | 159 | ആയതിനാൽ മുൻകൂർ നൽകിയ 34,500 രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കുകയോ അതിനു കഴിഞ്ഞില്ലെങ്കിൽ സർക്കാർ ഉത്തരവിനു വിരുദ്ധമായി കരാറുകാരനെ നിയമിച്ച ഉദ്യോഗസ്ഥനിൽ നിന്നും ടി തുക ഈടാക്കി വിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 165 | വിജിലൻസിന്റെ അന്വേഷണം ത്വരിതപ്പെടുത്തിയ സാഹചര്യത്തിൽ ആയത് സമയബന്ധിതമായി പൂർത്തീകരിക്കണമെന്നും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയത് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 166 | കൂടാതെ മുൻകൂർ കൈപ്പറ്റിയ ശേഷം സ്ഥലം മാറ്റപ്പെട്ട A.E. എത്ര തുക തിരികെ അടയ്ക്കാതെ കൈവശം സൂക്ഷിച്ചുവരുന്നു എന്നതു സംബന്ധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും കൃത്യമായി ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| | | 172 | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| | | 180 | അറവുശാല ലേലം-നടപടി ക്രമങ്ങൾ പാലിക്കാത്തതിന്റെ പേരിൽ വാടക കുടിശ്ശിക പിരിക്കാത്തതു സംബന്ധിച്ച ഓഡിറ്റ് |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | ആലപ്പുഴ മുനിസിപ്പാലിറ്റി | | പരാമർശം സംബന്ധിച്ച് വിശദീകരണം അടിയന്തിരമായി ഓഡിറ്റ് വകുപ്പ് മുമ്പാകെ ഹാജരാക്കണമെന്ന് നഗരസഭയോട് സമിതി നിർദ്ദേശി ച്ചിരുന്നുവെങ്കിലും നാളിതുവരെ നഗരസഭ അപ്രകാരം പ്രവർത്തിച്ചതായി കാണുന്നില്ല. |
| | | 181 | ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയിൽ നൽകുന്ന ഉറപ്പുകൾ പാലിക്കുന്നതിന് വകുപ്പുതലത്തിൽ ആവശ്യമായ നിർദ്ദേശം നൽകണമെന്നും ആയതിന് വീഴ്ച്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ഓഡിറ്റ് തടസ്സം സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തിരമായി സമിതിക്ക് ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |